സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

# യൂണിറ്റി

ഡിസംബർ 2020 | വാല്യം 47 ലക്കം 8
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 5.00 രൂപ



# ചരിത്രം കുറിച്ച കർഷക പോരാട്ടത്തിന് ഹൃദയാഭിവാദ്യങ്ങൾ

**രാജ്യത്തെ കാർഷികരംഗം കുത്തകകൾക്ക് സമ്പൂർണ്ണമായും തീറെഴുതുന്ന കർഷകവിരുദ്ധ ജനവിരുദ്ധ കാർഷിക നിയമങ്ങൾ നിരുപാധികം പിൻവലിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് രാജ്യമെമ്പാടും കർഷകപ്രക്ഷോഭം അലയടിക്കുകയാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ചരിത്രത്തിൽ സമാനതകളില്ലാത്ത പ്രക്ഷോഭമാണ് ഡൽഹിയിൽ നടന്നുവരുന്നത്. 86ശതമാനംവരുന്ന സാധാരണകർഷകരെയും ഇന്ത്യയൊട്ടാകെ ജനങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന ഈ നയങ്ങൾ അവശ്യനിത്യോപയോഗസാധനങ്ങളുടെ അഭ്രുതപൂർവമായ വിലക്കയറ്റത്തിനും റേഷൻ സംവിധാനത്തിന്റേതന്നെ തകർച്ചയ്ക്കും ഇടവരുത്തും. നിലനിൽപ്പിനായുള്ള കർഷകരുടെ പ്രക്ഷോഭത്തെ പിന്തുണയ്ക്കുക. വിജയിപ്പിക്കുക.**

നവംബർ 26 സമീപകാല ഇന്ത്യയുടെ വഴിത്തിരിവിന്റെ ദിനമായിരിക്കുന്നു. അന്നായിരുന്നു രാജ്യത്തെ 25 കോടിയിൽപ്പരം തൊഴിലാളികൾ മോദി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ, കർഷക വിരുദ്ധ നയങ്ങൾക്കെതിരെ 24 മണിക്കൂർ നീണ്ടുനിന്ന അഖിലേന്ത്യാ പൊതുപണിമുടക്ക് നടത്തിയത്. അന്നുതന്നെയാണ്, ഇതെഴുതുമ്പോഴും ഡൽഹിയെ വിറപ്പിച്ചുകൊണ്ടിരിക്കുന്ന കർഷകരുടെ ചലോ ദില്ലി മാർച്ചിന്റെ തുടക്കവും. തൊഴിലാളികളുടെ പൊതുപണിമുടക്കിന് പിന്തുണ നൽകിക്കൊണ്ടും ഒപ്പം ചേർന്നുകൊണ്ടും ഇന്ത്യൻ കർഷകർ പുതിയൊരു സമര അദ്ധ്യായം രചിക്കുകയായിരുന്നു. അന്ന് ഗ്രാമീണ ഹർത്താൽ നടത്തിക്കൊണ്ടാണ് രാജ്യത്തിന്റെ തലസ്ഥാനത്തേക്ക് അവർ യാത്രതിരിച്ചത്. തുടക്കത്തിൽ, പഞ്ചാബ്, ഹരിയാന സംസ്ഥാനങ്ങളിൽ നിന്നുള്ള കർഷകരാണ് മാർച്ചിൽ ഉണ്ടായിരുന്നത്. എന്നാൽ ഓരോ ദിവസം കഴിയുംതോറും മറ്റ് സംസ്ഥാനങ്ങളിൽനിന്നും ആയിരക്കണക്കിന് കർഷകർ ഡൽഹിയിലേക്ക് പ്രവഹിക്കുകയാണ്. ബീഹാർ, മഹാരാഷ്ട്ര, ഒഡീഷ, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുമുള്ള കർഷകർ ഡൽഹിയെ ലക്ഷ്യംവച്ച് നീങ്ങുന്നതായാണ് റിപ്പോർട്ടുകൾ.

ഇതിനകംതന്നെ 4ലക്ഷത്തോളം കർഷകർ ഡൽഹിയുടെ വിവിധ അതിർത്തികളിൽ 20, 25 കിലോമീറ്റർ നീളത്തിൽ തമ്പടിച്ചിരിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമര കാലത്ത് നേതാജി സുഭാഷ് ചന്ദ്ര ബോസ് ഉയർത്തിയ ആഹ്വാനത്തെ അനുസ്മരിപ്പിക്കുന്ന 'ചലോ ദില്ലി' എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് കർഷകർ പഞ്ചാബിൽനിന്നും ഹരിയാനയിൽനിന്നും മാർച്ച് ആരംഭിച്ചപ്പോൾതന്നെ മോദി–അമിത്ഷാ ഭരണം അപായം മണത്തറിഞ്ഞു. ഏത് ജനാധിപത്യവിരുദ്ധ ഭരണകൂടവും ചെയ്യുന്ന മാതൃകയിൽത്തന്നെ അങ്ങേയറ്റം നീചമാർഗ്ഗങ്ങൾകൊണ്ടാണ് മോദി സർക്കാർ കർഷക മാർച്ചിനെ നേരിട്ടത്.

തികച്ചും സമാധാനപരമായ ഒരു കർഷക സമരത്തെ നേരിടാൻ വൻ പോലീസ്സേനയെ കൂടാതെ, ബി.എസ്.എഫ്, സി.ആർ.പി.എഫ് തുടങ്ങിയ അർദ്ധ സൈനിക വിഭാഗങ്ങളേയും സർക്കാർ വിന്യസിച്ചു. സ്വതന്ത്ര ഇന്ത്യ

(ശേഷം 2–ാം പേജിൽ)

# ബീഹാർ തെരഞ്ഞെടുപ്പ് വിലയിരുത്തുമ്പോൾ

ബീഹാർ തെരഞ്ഞെടുപ്പിൽ ബിജെപി–ജെഡിയുസഖ്യം നേരിയ ഭൂരിപക്ഷത്തിൽ വിജയിച്ചിരിക്കുന്നു. ഇത് എല്ലാവരെയും ആശ്ചര്യപ്പെടുത്തിയിരിക്കുകയാണ്. വിദഗ്ധരും തെരഞ്ഞെടുപ്പ് സർവേകളുമെല്ലാം മഹാസഖ്യം വിജയിക്കുമെന്നായിരുന്നു പ്രവചിച്ചിരുന്നത്. ആർജെഡി, കോൺഗ്രസ്, ഇടതുപക്ഷമെന്നവകാശപ്പെടുന്ന സിപിഐ, സിപിഐ(എം), സിപിഐ(എംഎൽ) ലിബറേഷൻ എന്നിവരടങ്ങുന്നതായിരുന്നു ഈ സഖ്യം. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യാൻപോയ മാദ്ധ്യമ പ്രവർത്തകരെല്ലാം ശക്തമായ സർക്കാർവിരുദ്ധ വികാരം, വിശേഷിച്ച് മുഖ്യമന്ത്രി നിതീഷ്കുമാറിനെതിരായ വികാരം നിലനിൽക്കുന്നതായാണ് രേഖപ്പെടുത്തിയത്. ഇത് ആർജെഡി സഖ്യത്തിന് ഗുണകരമാകുമെന്ന് പറഞ്ഞിരുന്നെങ്കിലും അങ്ങനെയല്ല സംഭവിച്ചത്. എവിടെയാണ് തെറ്റിയതെന്ന പരിശോധനയിലാണവർ. എന്നുമാത്രമല്ല, ഭരണവിരുദ്ധ വികാരം മുഖ്യമന്ത്രിയുടെ പാർട്ടിയെ ബാധിച്ചപ്പോൾ അതിന്റെ കറ ഘടകകക്ഷിയായ ബിജെപിയുടെമേൽ പതിഞ്ഞതുമില്ല. അവർക്ക് ജെഡിയുവിനേക്കാൾ 31സീറ്റ് അധികം ലഭിച്ചു. കോവിഡ് മഹാമാരി പടർന്നതിനുശേഷം ആദ്യമായി നടക്കുന്ന ഈ തെരഞ്ഞെടുപ്പ് പല കാരണങ്ങളാലും കണ്ണ് തുറപ്പിക്കുന്ന ഒന്നായിരുന്നു. നേരായി ചിന്തിക്കുന്നവരും ജനാധിപത്യബോധമുള്ളവരുമായ ജനങ്ങൾ, രാജ്യത്തിന്ന് നിലനിൽക്കുന്ന സാമൂഹ്യ–രാഷ്ട്രീയ പശ്ചാത്തലത്തിൽ ഈ തെരഞ്ഞെടുപ്പ് ഫലം യുക്തിപൂർവ്വം വിലയിരുത്തേണ്ടതുണ്ട്.

### ജനങ്ങളുടെ പ്രശ്നങ്ങൾ പിന്നിലേയ്ക്ക് തള്ളപ്പെട്ടു

ബീഹാറിലും രാജ്യത്തെവിടെയുമുള്ള അദ്ധ്വാനിച്ചുജീവിക്കുന്ന ജനങ്ങൾ ജീവിതത്തിന്റെ സമസ്ത മേഖലകളിലും മുതലാളിത്ത ചൂഷണത്തിൽപ്പെട്ടുഴലുന്ന സ്ഥിതിയാണിന്നുള്ളത്. വൻ വിലക്കയറ്റം, തൊഴിലില്ലായ്മ, വരുമാനത്തിലെ ഇടിവ്, കർഷകർക്ക് പ്രതിഫലദായകമായ വില ലഭിക്കായ്ക, ജീവിതത്തിലെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയുടെ പ്രശ്നങ്ങൾ, മിനിമം വിദ്യാഭ്യാസവും ആരോഗ്യപരിപാലനവുംപോലും ലഭ്യമ

(ശേഷം 6–ാം പേജിൽ)

പഞ്ചായത്ത് തെരഞ്ഞെടുപ്പ്

## ജനതാൽപര്യത്തോട് അചഞ്ചലമായ കൂറും സ്വഭാവഭദ്രതയും കറകളഞ്ഞ മതേതര നിലപാടുമുള്ള സ്ഥാനാർത്ഥികൾക്ക് വോട്ടു ചെയ്യുക

ജനജീവിതത്തിന്റെ അസാധാരണമായ പ്രതിസന്ധി ചർച്ചാ വിഷയമേ ആകാത്ത മറ്റൊരു തെരഞ്ഞെടുപ്പ് പ്രചാരണം കൂടി സംസ്ഥാനം ദർശിക്കുകയാണ്. മഹാവ്യാധി മൂലം പണിയും വരുമാനവും നഷ്ടപ്പെട്ട്, നാളെയെക്കുറിച്ച് പ്രതീക്ഷ പുലർത്താൻ പോലും ഇടയില്ലാത്ത വിധമാണ് ജനങ്ങളെ പിടിമുറുക്കിയിട്ടുള്ള അരക്ഷിതാവസ്ഥ. പഞ്ചായത്തധികാരത്തിന്റെ ചെറുകഷണങ്ങൾക്കായി കടിപിടി കൂടുന്ന വ്യവസ്ഥാപിത മുന്നണികൾക്ക് ഇതൊന്നും പരിഗണനാ വിഷയമേ അല്ല. സാധാരണ മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളൊന്നും ചർച്ച ചെയ്യാൻ പോലും തയ്യാറാകാത്ത ഇക്കൂട്ടർക്ക് എങ്ങിനെയാണ് നമ്മുടെ യാതനകളുടെ പരിഹാരത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയുക? ധനശക്തികൾക്ക് ലാഭവും ആസ്തിയും പെരുപ്പിക്കാൻ വേണ്ടി പഞ്ചായത്ത് തലം മുതൽ സംസ്ഥാന – ദേശീയതലം വരെ നടത്തുന്ന ഭരണനടപടികളെയാണ് ഇവർ വികസനമെന്നു വിളിക്കുന്നത്. സാധാരണക്കാരന്റെയും കൂലിപ്പണിക്കാരന്റെയും ജീവിത വിഷമങ്ങളുമായി ഇതിന് യാതൊരു ബന്ധവുമില്ല. അതിനാൽ വികസനത്തിന്റെ പേരിൽ വോട്ടു ചോദിക്കുന്ന കാപട്യത്തെ ജനങ്ങൾ പരാജയപ്പെടുത്തണം. സംസ്ഥാനത്തെ വ്യവസ്ഥാപിത മുന്നണികളെല്ലാം സ്വകാര്യ മൂലധനത്തിന്റെ നടത്തിപ്പുകാരെന്ന നിലയിൽ പ്രതിനിധാനം ചെയ്യുന്നത് ഈ വികസന രാഷ്ട്രീയത്തെയാണെന്ന് എസ്.യു.സി.ഐ (കമ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി വി.വേണുഗോപാൽ ഒരു പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

ഏതാനും സീററിനുവേണ്ടി നെറിവുകേടിന്റെയും അവസരവാദത്തിന്റെയും ഏതറ്റം വരെയും പോകാൻ കച്ചമുറുക്കിയിട്ടുള്ള കക്ഷികളുടെ നാലാംകിട മൽ

(ശേഷം 2–ാം പേജിൽ)

**പേജ് 3**
കെ റെയിൽ: കേരളത്തെ കാത്തിരിക്കുന്നത് വൻ ദുരന്തം

**പേജ് 9**
തൊഴിലാളിവർഗ്ഗത്തിന്റെ പടയൊരുക്കം വിളംബരം ചെയ്ത പൊതുപണിമുടക്ക്

**പേജ് 10**
തായ്‌ലൻഡിൽ ജനരോഷം അണ പൊട്ടിയൊഴുകുന്നു

# കർഷകവിരുദ്ധ നിയമങ്ങൾ സമ്പൂർണ്ണമായും പിൻവലിക്കുക

(1-ാം പേജിൽ നിന്ന്)

യിൽ കേട്ടുകേൾവിപോലും ഇല്ലാത്തവിധം, ദേശീയപാതകൾ വെട്ടിപ്പൊളിച്ച് കൂറ്റൻ കിടങ്ങുകൾ തീർത്തു. നൂറുക്കണക്കിനു കണ്ടെയിനറുകളും ടോറസ്സുകളും പിടിച്ചെടുത്ത് മണ്ണു നിറച്ച് ബാരിക്കേഡുകളായി ഉപയോഗിച്ചു. കൂറ്റൻ പാറക്കല്ലുകൾ ക്രെയിൻ ഉപയോഗിച്ച് ദേശീയപാതയിൽ സ്ഥാപിച്ചു. ഇതിനെയെല്ലാം സമാധാനപരമായിത്തന്നെ മറികടന്ന് മുന്നോട്ട് നീങ്ങിയ കർഷകരുടെ നേർക്ക് ജലപീരങ്കികളും ടിയർഗ്യാസ്സും തുരുതുരാ പ്രയോഗിച്ചു. സമരത്തിൽ അണിനിരന്ന വലിയൊരു വിഭാഗം വരുന്ന 80-85 വയസ്സുള്ള വൃദ്ധകർഷകർക്കുനേരെ ഡൽഹിയിലെ കോച്ചുന്ന ശൈത്യത്തിലും വെള്ളം



തിരുവനന്തപുരത്ത് ഏജീസ് ഓഫീസിനുമുന്നിൽ പ്രതിഷേധസംഗമത്തിൽ ജി.ആർ.സുഭാഷ് പ്രസംഗിക്കുന്നു

ചീറ്റിയും, ടിയർ ഗ്യാസ്സ് വർഷിച്ചും, തുരുതുരാ ലാത്തികൊണ്ടടിച്ചും രസിക്കുന്ന ഒരു ഭരണവൃന്ദം ഏത് സംസ്കാരത്തെക്കുറിച്ചാണ് പുലമ്പുന്നത്? എന്നാൽ, കർഷകർ അപ്പോഴും പ്രകോപിതരായില്ല. അവർ സമചിത്തരായി, ലക്ഷ്യബോധത്തോടെ, "ചലോ ദില്ലി" മുഴക്കിക്കൊണ്ടുതന്നെ മുന്നോട്ട് നീങ്ങി. അവരുടെകൈയിൽ ജീവൻ നിലനിർത്താനുള്ള ആഹാരപ്പൊതിയല്ലാതെ, ഒരു ചുള്ളിക്കമ്പുപോലും ഉണ്ടായിരുന്നില്ല. സ്വന്തം ട്രാക്ടറുകളിൽ ആണ് അവർ യാത്ര ചെയ്തുവന്നത്. അവരിൽനിന്നും ഒരു അപസ്വരംപോലുമുണ്ടായില്ല. എന്നിട്ടും പ്രധാനമന്ത്രി അവരെഭീകരരെന്നുവിളിച്ച് സ്വയം പരിഹാസ്യനായി.

എന്തിനാണവർ ഡൽഹിയിലേക്ക് മാർച്ച് ചെയ്യുന്നതെന്ന് വളരെ മുൻകൂട്ടി തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അവരുടെ ആവശ്യങ്ങൾ ഭരണാധികാരികൾക്കുമുമ്പിൽ പലവട്ടം വിനയപൂർവ്വം അവതരിപ്പിച്ചിട്ടുമുണ്ട്. ജനങ്ങൾക്കാകെ അതറിയുകയും ചെയ്യാം. ജനാധിപത്യരീതിയിൽ ഈ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന പകരം, രാജ്യത്തെ ജനങ്ങൾ കോവിഡ് 19നെ തുടർന്നുണ്ടായ നാനാതരം ദുരിതങ്ങളിൽ ഉഴറുന്ന സമയത്ത്, സെപ്റ്റംബർ അവസാനത്തിൽ, കർഷകരുടെ ആശങ്കകൾക്കും പരാതികൾക്കും ഇടയാക്കിയിരുന്ന മൂന്ന് കാർഷിക ബില്ലുകൾ ഒറ്റയടിക്ക് സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ പാർലമെന്റിനു വെളിയിൽ ജനാധിപത്യ മാർഗ്ഗങ്ങൾ സ്വീകരിച്ചില്ലെന്നു മാത്രമല്ല, പാർലമെന്റിനകത്തുംപ്രതിപക്ഷത്തിന്റെ അവകാശങ്ങൾ വകവെച്ചു കൊടുക്കാതെയാണ് മോദി സർക്കാർ ഈ നിയമങ്ങൾ പാസ്സാക്കിയത്. പാർലമെന്റിനകത്തെ ഭൂരിപക്ഷം എന്നത് ഏത് പ്രവൃത്തിയേയും സാധൂകരിക്കാൻ കഴിയുന്നതാണെന്നാണ് ബി.ജെ.പി സർക്കാർ കരുതുന്നത് എന്നുപറയേണ്ടി വരും.





ഡൽഹിയിൽ നടക്കുന്ന കർഷക പ്രക്ഷോഭത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഡിസംബർ 3ന് കൊൽക്കത്തയിൽ എഐകെകെഎംഎസിന്റെ ആഭിമുഖ്യത്തിൽ നടന്ന ഐക്യദാർഢ്യ റാലി

രാജ്യത്തെ തീറ്റിപ്പോറ്റുന്നവരാണ് കർഷകർ എന്ന പ്രാഥമിക ബോദ്ധ്യംപോലും ഭരണാധികാരികൾക്കില്ലെന്നുവരുമോ? അങ്ങിനെ സംഭവിക്കുകയില്ല. പിന്നെ എന്തുകൊണ്ടാണ് കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന രാജ്യത്തെ 65 ശതമാനത്തിലേറെ വരുന്ന മനുഷ്യരോട് ഇത്ര ക്രൂരമായ സമീപനം? ഈ മനുഷ്യരാണ് ജനങ്ങൾക്ക് അന്നം തരുന്നത്. അവരുടെ ജീവിതത്തിനേൽക്കുന്ന ഏത് പ്രതിസന്ധിയും രാജ്യത്തെത്തന്നെ ബാധിക്കും. അതുകൊണ്ടാണ് കർഷകർക്ക് എല്ലാ പിന്തുണയും സഹായവും നൽകുന്നതിന് ലോകത്തിലെ എല്ലാ ഗവണ്മെന്റുകളും മുൻഗണന നൽകുന്നത്. സർക്കാരിന്റെ ശക്തമായ പിന്തുണയില്ലാതെ ഇന്ന് കൃഷിയും കർഷകനും നിലനില്പില്ല. കുത്തക മുതലാളിത്തത്തിന്റെ കടുത്ത ചൂഷണം കർഷകരെ കർഷകരല്ലാതാക്കി മാറ്റുന്നു. അവരുടെ നിലനില്പ് തന്നെ അപകടത്തിലാക്കുന്നു. കർഷകർ, കർഷക തൊഴിലാളികളായും, കുടിയേറ്റ തൊഴിലാളികളായും അവസാനം തെരുവുകളിൽ അലയുന്നവരായും പരിണമിക്കുന്നു. ഇത് മുതലാളിത്ത വ്യവസ്ഥയുടെ സ്വാഭാവിക പരിണതിയാണ്.



കർഷക പ്രക്ഷോഭത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് പാലക്കാട് ഐക്യദാർഢ്യറാലിയിൽ എ.അബ്ദുൾ അസീസ് പ്രസംഗിക്കുന്നു

ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായ ഡബ്ല്യുറ്റിഒ, ആസിയാൻ കരാറുകളും മറ്റു നയങ്ങളും കാരണം 4 ലക്ഷത്തോളം കർഷകർ രാജ്യത്ത് സ്വയം ജീവനൊടുക്കേണ്ടി വന്നിട്ടുണ്ട്. ഇപ്പോൾ മോദി സർക്കാർ പാസ്സാക്കിയ മൂന്ന് കാർഷിക നിയമങ്ങൾ കർഷകരുടെ നിലനില്പ് തന്നെ അസാദ്ധ്യമാക്കുന്നതാണ്. രാജ്യത്ത് അവശേഷിച്ചിരുന്ന സർക്കാർ സംരക്ഷണങ്ങൾ കൂടി കർഷർക്ക് ഈ നിയമങ്ങളിലൂടെ ഹനിക്കപ്പെട്ടിരിക്കുന്നു. കോർപ്പറേറ്റുകളുടെ ആജ്ഞാനുവർത്തികളായി കർഷകരെ മാറ്റി തീർക്കുകയും, രാജ്യത്തെ പൊതുവിതരണ സമ്പ്രദായം പാടെ തകർത്ത് അവശ്യ ഭക്ഷ്യവസ്തുക്കളുടെ ഉല്പാദന-സംഭരണ-വിതരണമാകെ കോർപ്പറേറ്റുകളുടെ ഇച്ഛാനുസരണം നിയന്ത്രിക്കാൻ കഴിയുന്ന അവസ്ഥ ഉണ്ടാക്കുകയും ചെയ്യുന്ന ഈ നിയമങ്ങൾ പാസ്സാക്കിയതിലൂടെ മോദി സർക്കാർ കർഷകരെയും ജനങ്ങളെയും വെല്ലുവിളിക്കുകയാണ്. ഇതിനെതിരെയുള്ള സമരം കർഷകരുടെ ആത്മാഭിമാനം സംരക്ഷിക്കാൻ കൂടിയാണ്.



ഡിസംബർ 3 ന് കോട്ടയത്ത് ഗാന്ധിസ്ക്വയറിൽ നടന്ന ഐക്യദാർഢ്യ സംഗമത്തിൽ കർഷക പ്രതിരോധ സമിതിയുടെ ജില്ലാസെക്രട്ടറി എ.ജി.അജയകുമാർ പ്രസംഗിക്കുന്നു.

ലക്ഷക്കണക്കിന് കർഷകർ ഡൽഹിയുടെ വിവിധ അതിർത്തികളിൽ കിലോമീറ്ററുകൾ നീളത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. തുടക്കത്തിൽ മോദി സർക്കാർ പ്രകടിപ്പിച്ചിരുന്ന ധിക്കാരപരമായ നിലപാട് ഇപ്പോൾ മയപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് സ്വാതന്ത്ര്യം നല്കി എന്നും, മണ്ടികളുടെയും താങ്ങുവിലയുടെയും കരാർ കൃഷിയുടെയും അവശ്യവസ്തു സംഭരണത്തിന്റെയും കാര്യത്തിൽ കർഷകർ ഉന്നയിച്ച പരാതികൾ അടിസ്ഥാന രഹിതമാണെന്നും, അവരെ തെറ്റിദ്ധരിപ്പിച്ചിരിക്കയാണെന്നും ഒക്കെ പറഞ്ഞിരുന്ന സർക്കാരിന് ഇപ്പോൾ ഇവയോരോന്നും പ്രത്യേകം പ്രത്യേകം പരിഗണിക്കാമെന്ന് പറയേണ്ടി വന്നിരിക്കുന്നു.

ഈ സമരം, മോദി സർക്കാരിന്റെ ദ്രോഹനടപടികൾ അനുഭവിക്കുന്ന വിവിധ തൊഴിൽവിഭാഗങ്ങൾക്ക് ആത്മവിശ്വാസം ജനിപ്പിക്കുന്നതാണ്. കക്ഷിരാഷ്ട്രീയ-ജാതി-മത-പ്രാദേശിക ചിന്താഗതികൾക്ക് ഉപരിയായി ജനങ്ങൾ സംഘടിച്ചാൽ, ആത്മാർത്ഥതയും ദിശാബോധവുമുള്ളവരാൽ നയിക്കപ്പെട്ടാൽ, ഏത് ജനവിരുദ്ധ നയങ്ങളെയും പരാജയപ്പെടുത്തുവാൻ കഴിയുമെന്ന സന്ദേശം ഈ സമരം നൽകുന്നുണ്ട്. വരുംനാളുകളിൽ ഇത്തരം സമരങ്ങളുടെ വേലിയേറ്റം സൃഷ്ടിച്ചുകൊണ്ടു മാത്രമേജനങ്ങൾക്ക് അവരുടെജീവിതം മുമ്പോട്ട് കൊണ്ടുപോകാൻ കഴിയൂ എന്നും ഈ കർഷക സമരം നമ്മളെ പഠിപ്പിക്കുന്നുണ്ട്. ■

## പഞ്ചായത്ത് തെരഞ്ഞെടുപ്പ്...

(1-ാം പേജിൽ നിന്ന്)

സരത്തിനാണ് കേരളം സാക്ഷ്യം വഹിക്കുന്നത്. രാഷ്ട്രീയ സദാചാരമോ ആദർശമോ ജനാധിപത്യ മൂല്യങ്ങളോ ഇക്കൂട്ടരെ അലോസരപ്പെടുത്തുന്നില്ല. കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിൽ കോഴ മാണിയെ പരാജയപ്പെടുത്താൻ വോട്ട് അഭ്യർത്ഥിച്ച ഇടതുമുന്നണി, ഈ തെരഞ്ഞെടുപ്പിൽ ചുമക്കുന്നത് അതേ മാണിയുടെ പാർട്ടിയെയാണ്. ഏതാനം പഞ്ചായത്തു വാർഡിലെ സീറ്റിനുവേണ്ടി നാലരവർഷം മുമ്പ് പറഞ്ഞതെല്ലാം വിഴുങ്ങാനും സ്വന്തം അണികളെ അപമാനിക്കാനും ഒരു മടിയുമില്ലാത്ത ഇടതു മുന്നണി അധികാരാർത്തിയുടെയും അവസരവാദത്തിന്റെയും ആൾരൂപമായി മാറിക്കഴിഞ്ഞിരിക്കുന്നു. കോൺഗ്രസ്സിന്റെ നേതാക്കളാകട്ടെ അവരവരുടെ സ്വാധീനമേഖലയിൽ മുന്നണിക്കു പുറത്തുള്ള കക്ഷികളുമായി ചേർന്ന് സ്വന്തം നിലയിൽ മുന്നണികൾ രൂപീകരിക്കുന്നു. പരിമിതമായ രാഷ്ട്രീയ സ്വാധീനത്തിന്റെ പേരിൽ ലഭിക്കുന്ന അധികാരത്തെ ചൊല്ലി പോലും നാണംകെട്ട തമ്മിലടിയും ഗ്രൂപ്പുകലാപവുമാണ് ബിജെപിയിൽ കാണുന്നത്. അഴിമതിയുടെ വാതായനങ്ങളിലൂടെ സ്വന്തം ആസ്തി വർദ്ധിപ്പിക്കാനുള്ള ആർത്തിയുടെ ദുരമൂത്ത കലാപമാണ് നാം ഈ പ്രസ്ഥാനങ്ങളിലെല്ലാം കാണുന്നത്. ഇവരിൽ ആരുതന്നെയും ജനങ്ങളുടെ താൽപ്പര്യത്തെ കണികമാത്രപോലും പ്രതിനിധാനം ചെയ്യുന്നില്ല. അദ്ദേഹം കൂട്ടിച്ചേർത്തു.

തെരഞ്ഞെടുപ്പിന്റെ വിജയം എന്തുതന്നെയായാലും ജീവിതത്തിന്റെ അന്തമില്ലാത്ത ചുമടുകൾ ഇറക്കി വയ്ക്കാനും മനുഷ്യോചിതമായി ജീവിക്കാനും ജനാധിപത്യം അനുവദിക്കുന്ന അവകാശമായ ജനകീയ സമരത്തിന്റെ മാർഗ്ഗം മാത്രമേ ജനങ്ങളുടെ മുമ്പിലുള്ളൂ. ദില്ലിയിൽ നമ്മുടെ കർഷക സഹോദരങ്ങൾ നിശ്ചയദാർഢ്യത്തോടെ അത് കാട്ടിത്തരികയാണ്. പ്രക്ഷോഭത്തിന്റെ രാഷ്ട്രീയത്തെ നാം പ്രാണനെപ്പോലെ മുറുകെപ്പിടിക്കണം. ജീവിത ദുരിതങ്ങൾ വർദ്ധിപ്പിക്കുന്ന മുതലാളിത്ത നയങ്ങൾക്കെതിരെ ഗ്രാമതലം മുതൽ ജനങ്ങളുടെ സമരസമിതികൾക്ക് രൂപം നൽകിക്കൊണ്ട് ഈ സമരരാഷ്ട്രീയത്തെ ശക്തിപ്പെടുത്തണം. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ വേളയെ അതിനായി വിനിയോഗിക്കുക. ജനസമരത്തിന്റെ വേദിയിൽ സത്യസന്ധതയും സമർപ്പണവും കാട്ടിയിട്ടുള്ള സ്ഥാനാർത്ഥികൾ വിജയിച്ചുവരുന്നത് ജനസമരങ്ങളുടെ രാഷ്ട്രീയത്തിന് കരുത്തു നൽകും. നാടിന്റെ നന്മകളെയും ജനങ്ങളുടെ വിലപ്പെട്ട ഐക്യത്തെയും തകർക്കുന്ന വർഗ്ഗീയ ശക്തികൾ പരാജയപ്പെടണം. അതിനാൽ ജനതാൽപ്പര്യത്തോട് അചഞ്ചലമായ കൂറും കറ കളഞ്ഞ മതേതര നിലപാടുമുള്ള സ്ഥാനാർത്ഥികൾക്ക് വോട്ടു ചെയ്യണമെന്ന് വി.വേണുഗോപാൽ അഭ്യർത്ഥിച്ചു. ■

## പതിനായിരങ്ങളെ കുടിയൊഴിപ്പിക്കുന്ന, പരിസ്ഥിതിയെ തകർക്കുന്ന കെ റെയിൽ പദ്ധതി

# കേരളത്തെ കാത്തിരിക്കുന്നത് വൻദുരന്തം

**തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർകോട്, പാലക്കാട് തുടങ്ങി കേരളത്തിലെ പതിനൊന്ന് ജില്ലകളെ പ്രത്യക്ഷമായും അവശേഷിക്കുന്ന ജില്ലകളെ പരോക്ഷമായും ബാധിക്കുന്നതും കേരളത്തെ കീറിമുറിക്കുന്നതുമായ ഒരു വമ്പൻ പദ്ധതി വികസനത്തിന്റെ മറവിൽ ജനങ്ങൾക്കുമീതെ വന്നുപതിച്ചിരിക്കുകയാണ്. അതാണ് സിൽവർലൈൻ, കെ റെയിൽ എന്നൊക്കെ അറിയപ്പെടുന്ന സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ. 3000ലധികം ഏക്കർ ഭൂമി അക്വയർ ചെയ്തുകൊണ്ടും 20,000 ത്തിലധികം കുടുംബങ്ങളെ കുടിയൊഴിപ്പിച്ചുകൊണ്ടും 63,000 കോടി രൂപ ചെലവഴിച്ചുകൊണ്ടും നടത്തുന്ന, പരിസ്ഥിതിയുടെ സമ്പൂർണ തകർച്ച ഉറപ്പാക്കുന്നതും ജനങ്ങളെ കടുത്ത സാമ്പത്തിക ബാധ്യതയിലേയ്ക്ക് തള്ളിവിടുന്നതുമായ ഈ പദ്ധതി ആരുടെ താൽപര്യാർത്ഥമാണ്?**

ഇത്തരമൊരു റെയിൽ കോറിഡോർ നിർമ്മിക്കണമെന്ന് ആരാണ് ആവശ്യപ്പെട്ടിട്ടുള്ളത്? അതിനുവേണ്ടി സർക്കാർ നടത്തിയിട്ടുള്ള പഠനത്തിന്റെ അടിസ്ഥാനമെന്താണ്? പദ്ധതി നടത്തിപ്പിനാവശ്യമായ ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികളുമായി അതിദ്രുതം മുന്നോട്ടുനീങ്ങുമ്പോൾ ഈ ചോദ്യങ്ങൾക്ക് സുതാര്യവും വ്യക്തവുമായ ഉത്തരം സംസ്ഥാനസർക്കാരിന്റെ പക്കൽ ഇല്ല. വസ്തുതകൾ മറച്ചുവെച്ചുകൊണ്ട് അതീവരഹസ്യമായും നിഗൂഢമായും മുന്നേറുന്ന പദ്ധതിക്കെതിരെ സംസ്ഥാനമെമ്പാടും ജനകീയ പ്രതിഷേധം അനുദിനം ശക്തിപ്രാപിച്ചുവരികയാണ്.

### എന്താണ് കെ റെയിൽ അഥവാ സെമി ഹൈസ്പീഡ് കോറിഡോർ?

കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി ചേർന്ന് സംസ്ഥാന സർക്കാർ രൂപവൽക്കരിച്ച കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലാണ് ഈ അർദ്ധ അതിവേഗ റെയിൽപാത പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളത്. നമ്മുടെ രാജ്യത്ത് നിലവിലുള്ള റെയിൽവേ ഇൻഫ്രാസ്ട്രക്ചർ അടിസ്ഥാനപ്പെടുത്തി വികസിപ്പിക്കുന്ന റെയിൽപാതയല്ല മറിച്ച്, ഒറ്റപ്പെട്ട സമാന്തര പാതയാണ് കെ റെയിൽ വിഭാവനം ചെയ്യുന്നത്. കേരളത്തിന്റെ റെയിൽപാതയ്ക്ക് സമാന്തരമായോ, അല്ലാതെയോ ഒരു പുതിയ റെയിൽ അലൈൻമെന്റ് നിർമ്മിച്ച്, വ്യത്യസ്തമായ ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിച്ച് വൻലാഭം കൊയ്യാനാണ് പ്ലാൻ. നിലവിലുള്ള റെയിൽവേയുമായി ഇതിന് യാതൊരു ബന്ധവുമില്ല.

കാസർകോട് മുതൽ തിരുവനന്തപുരം – കൊച്ചുവേളി വരെ 529.45 കിലോമീറ്റർ നീളത്തിലാണ് ഈ 'സിൽവർ ലൈൻ' റെയിൽവേ വരാൻ പോകുന്നത്. നാല് മണിക്കൂർകൊണ്ട് കാസർകോഡു നിന്നും തിരുവനന്തപുരത്ത് എത്തിച്ചേരാനാവുന്ന വിധത്തിലാണ് ട്രാഫിക്ക് മാനേജ്മെന്റ് സിസ്റ്റം. 11 ജില്ലകളിലായി പതിനൊന്ന് സ്റ്റോപ്പുകൾ. തിരുവനന്തപുരം മുതൽ തിരൂർവരെ നിലവിലുള്ള റെയിൽപാതയിൽ നിന്ന് വ്യത്യസ്തമായ വഴികളിലൂടെയും തിരൂർ മുതൽ കാസർകോടുവരെ റെയിൽ പ്പാതയ്ക്ക് സമാന്തരമായിട്ടുമാണ് ഇത് കടന്നുപോവുക. ഓരോ അഞ്ഞൂറ് മീറ്റർ ഇടവിട്ടും അടിപ്പാതകൾ നിർമ്മിക്കുമെന്നും കേരളത്തിന്റെ യാത്ര അതിവേഗമാക്കാൻ കഴിയുമെന്നും ഗവൺമെന്റ് അവകാശപ്പെടുന്നു.

നിലവിലെ റെയിൽപ്പാതയ്ക്ക് സമാന്തരമായി 40 ശതമാനവും റെയിൽപാതയോട് ബന്ധമില്ലാതെ 60 ശതമാനം സ്ഥലത്ത് കെ. റെയിൽ നിർമ്മിക്കുമെന്നും പ്രോജക്റ്റിനുവേണ്ടി പൊളിക്കുന്ന ആകെ കെട്ടിടങ്ങൾ (കടകൾ, ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, വീടുകൾ എന്നിവയെല്ലാം കൂടി) 9314 മാത്രമാണെന്നും ഡിപിആർ പറയുന്നു. യഥാർത്ഥ കണക്കുകൾ അതിന്റെ പതിന്മടങ്ങ് വരും. അതുകൊണ്ട് തന്നെ, വിശദപഠന റിപ്പോർട്ട് പൂർണ്ണമായി പുറത്തുവിടാൻ കെ റെയിൽ പദ്ധതിയുടെ വക്താക്കൾ ഭയപ്പെടുന്നു.

കേരളംപോലെ, ജനസാന്ദ്രതയേറിയ ഒരു സംസ്ഥാനത്ത് ഈ വൻകിട പദ്ധതി നടപ്പിലാക്കണമെങ്കിൽ വൻതോതിൽ കുടിയൊഴിപ്പിക്കൽ വേണ്ടിവരും. നിർമ്മാണത്തിന് വൻതോതിൽ കുന്നുകൾ ഇടിയ്ക്കേണ്ടിവരും, വയലുകൾ നികത്തേണ്ടിവരും, നദികളും പുഴകളും കായലുകളും ജലാശയങ്ങളും മണ്ണിട്ടുമൂടേണ്ടിവരും. ഗുരുതരവും ദൂരവ്യാപകവുമായ പ്രത്യാഘാതങ്ങളാണ് ഇതിലൂടെയെല്ലാം സൃഷ്ടിക്കപ്പെടുക. ഇവകളെക്കുറിച്ചൊന്നും വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ പഠനം നടന്നിട്ടില്ല.

### സാധ്യതാപഠനവും (ഫീസിബിലിറ്റി സ്റ്റഡി) പാരിസ്ഥിതിക പഠനവും

പദ്ധതിയുടെ സാധ്യതാ പഠനത്തിന് കേരള സർക്കാർ കണ്ടെത്തിയത് ഫ്രാൻസിലെ സിസ്ട്ര എന്ന ഏജൻസിയെയാണ്. സിസ്ട്ര നൽകിയ സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെ റെയിൽ പ്രോജക്റ്റിന് സംസ്ഥാന സർക്കാർ അനുമതി നൽകിയത്. അവരാകട്ടെ, ആകാശ സർവ്വേയുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത്. എന്തിനാണ് വിദേശ ഏജൻസിയെ സംസ്ഥാന സർക്കാർ സാധ്യതാപഠനത്തിന് നിയോഗിച്ചത് എന്ന് വ്യക്തമാക്കിയിട്ടില്ല. എന്നമാത്രമല്ല, 2019 മാർച്ച് മാസം ആദ്യം തയ്യാറാക്കി സമർപ്പിച്ച ഒന്നാംപഠന റിപ്പോർട്ട് (പ്രീ-ഫീസിബിലിറ്റി സ്റ്റഡി)പ്രകാരം നിലവിലുള്ള റെയിൽപാതയുമായി സംയോജിക്കുന്ന വിധത്തിലുള്ള ബ്രോഡ്ഗേജ് റെയിൽവേ ലൈനാണ് പ്രായോഗികം എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ, കേരളാ റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സമ്മർദ്ദത്തെത്തുടർന്ന് മെയ് മാസം തന്നെ മറ്റൊരു റിപ്പോർട്ട് നൽകി. അതുപ്രകാരമാണ് ഇപ്പോൾ അംഗീകരിക്കപ്പെട്ട സ്റ്റാൻഡേർഡ് ഗേജ് ലൈൻ നിർമ്മിക്കാൻ കഴിയുമെന്ന് സിസ്ട്ര റിപ്പോർട്ട് നൽകിയിരിക്കുന്നത്.

പദ്ധതിയുടെ പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പഠിയ്ക്കാൻ കെആർഡിസി നിയോഗിച്ചത് സെന്റർ ഫോർ എൻവയോൺമെന്റ് ഡെവലപ്മെന്റിനെയാണ്. അതിനായി, 'ഗൂഗിൾ എർത്ത് ഡേറ്റ'യെയാണ് പ്രധാനമായും അവലംബമാക്കപ്പെട്ടത്. അതുകൊണ്ടുതന്നെ യഥാർത്ഥ ചിത്രം വെളിവാക്കുന്നതല്ല ഈ ഇ.ഐ.എ പഠനം. ഗൂഗിൾ എർത്ത് മാപ്പിൽ കണ്ടെത്തിയതനുസരിച്ച് 101.74 കിലോമീറ്റർ നീളത്തിൽ മരംമുറി വേണ്ടിവരും. 292.73 കിലോമീറ്റർ നീളത്തിൽ മണൽതിട്ട നിർമ്മിക്കണം. അതിനാവശ്യമായ മണൽ എങ്ങനെ കണ്ടെത്തുമെന്ന് പറയുന്നില്ല. എന്തായാലും, ഇത്രയും ദൂരത്തിൽ പാർശ്വങ്ങളിൽ മണൽതിട്ടകളോ അണകളോ നിർമ്മിക്കണമെങ്കിൽ കിഴക്കൻ മലനിരകൾ വൻതോതിൽ ഇടിച്ചുനിരത്തേണ്ടിവരും. നദിക്കരകളിൽ നിന്ന് വൻതോതിൽ മണലുകൾ വേണ്ടിവരും. സ്വാഭാവികമായും, ഇത് ഭൂമിയുടെ തറനിരപ്പിന്റെ നിലനിൽപ്പിനെ ബാധിക്കുമെന്നുറപ്പാണ്. നീരൊഴുക്ക് തടയപ്പെടും. നിരവധി നദികളും ജലാശയങ്ങളുമൊക്കെ മലിനമാക്കപ്പെടുകയോ ഇല്ലാതാവുകയോ ചെയ്യും.

കൃഷിഭൂമിയുടെ കുറെ ഭാഗങ്ങളിലൂടെ കെ റെയിൽ കടന്നുപോകുമ്പോൾ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ തെറ്റുമെന്ന് റിപ്പോർട്ട് എടുത്തുപറയുന്നുണ്ട്. എന്നാൽ, പശ്ചിമഘട്ടത്തെ കെ റെയിൽ ബാധിക്കില്ലായെന്ന നിലപാടാണ് ഇഐഎയ്ക്കുള്ളത്. യഥാർത്ഥത്തിൽ ടൺക്കണക്കിന് മണ്ണും കല്ലും കെ റെയിൽ കോറിഡോർ നിർമ്മാണത്തിന് അത്യാവശ്യമാണ്. അതിന് പശ്ചിമഘട്ടത്തെ തുരക്കുകതന്നെവേണ്ടിവരും. നിർദ്ദിഷ്ട സിൽവർ ലൈനിന്റെ 132 കിലോമീറ്റർ ദൂരവും നെൽവയലുകളിലൂടെയും തണ്ണീർത്തടങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. കെ റെയിലിന്റെ ആദ്യത്തെ ഇരകൾ വയലുകളും നദികളും നീർത്തടങ്ങളും തന്നെ. ലക്ഷക്കണക്കിന് മരങ്ങൾ കൂടി വെട്ടിമാറ്റപ്പെടുന്നതോടെ പരിസ്ഥിതി സന്തുലനം താറുമാറാകും. കേരളത്തിന്റെ തനത് ഭൂപ്രകൃതിയും പച്ചപ്പും തണലും ഇല്ലാതാകുന്നതോടെ, കേരളം കേരളമല്ലാതാകുന്ന ഭീഷണമായ സ്ഥിതിവിശേഷത്തെ നമുക്ക് അഭിമുഖീകരിക്കേണ്ടിവരും. ഒരുപിടി വരുന്ന വ്യവസായികൾക്ക് വേഗത്തിൽ സഞ്ചരിയ്ക്കാൻ കേരളത്തെ ബലികൊടുക്കണമോ എന്നതാണ് ഏറ്റവും പ്രധാന ചോദ്യം.



### പൊള്ളയായ സർക്കാർ വാദങ്ങൾ

കെ റെയിൽ കേരളത്തിലെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തും, ചലനാത്മകത പ്രദാനം ചെയ്യും, കാർബൺ ബഹിർഗമനം തടയും തുടങ്ങിയ നിരവധി പൊള്ളയായ വാദമുഖങ്ങളാണ് പദ്ധതിക്കനുകൂലമായി സർക്കാർ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്. എന്നാൽ യാഥാർത്ഥ്യമെന്ത്?

സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ നടപ്പിലായാൽ കേരളത്തിലെ സാമ്പത്തികരംഗത്ത് ഇപ്പോഴുള്ളതിനേക്കാൾ ഗുരുതര സാഹചര്യം സൃഷ്ടിക്കപ്പെടും. 63,940.67 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി പൂർത്തിയാകുമ്പോൾ ഏകദേശം ഒരു ലക്ഷം കോടി രൂപയോളം ചെലവാകും എന്നാണ് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. അതിൽ 7720 കോടി രൂപ സംസ്ഥാന സർക്കാരും 7720 കോടി രൂപ കേന്ദ്ര സർക്കാരും വഹിക്കണം. ബാക്കിയുള്ള തുക ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് ഏജൻസി, അബൊറിജിനൽ ബിസിനസ് ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്- കാനഡ, ജർമ്മൻ ഡവലപ്മെന്റ് ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് തുടങ്ങിയ ധനകാര്യ ഏജൻസികളിൽ നിന്നും പലിശയ്ക്ക് വായ്പ എടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വലിയ പലിശയ്ക്ക് പതിനായിരക്കണക്കിന് കോടി രൂപ വായ്പ എടുക്കുന്നതിലൂടെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടുതൽ ഗുരുതരമായിത്തീരും. മസാല ബോണ്ട് വഴി കിഫ്ബിയ്ക്ക് 2150 കോടി രൂപ 10 ശതമാനം ബ്ലേഡ് പലിശയ്ക്ക് വായ്പ എടുത്ത ഗവൺമെന്റാണ് അധികാരത്തിൽ ഇരിക്കുന്നതെന്നും ഓർക്കേണ്ടതാണ്. ഈ പദ്ധതിക്കുവേണ്ടി വരുന്ന ചെലവ് 63,940 കോടി രൂപ കേരളത്തെ സംബന്ധിച്ചിടത്തോളം അതിഭീമമായ തുകയാണ്. 2019-20 ലെ സംസ്ഥാന ബജറ്റിന്റെ 42 ശതമാനം വരുന്ന തുകയാണത്. ഇത്രയും വലിയ തുക വായ്പയെടുക്കുക എന്നത് ഇപ്പോൾ തന്നെ കടക്കെണിയിലായ സംസ്ഥാനത്തെ എത്ര വലിയ കടക്കെണിയിലേയ്ക്കായിരിക്കും തള്ളിവിടുക?

### യഥാർത്ഥ ചെലവ്

എന്നാൽ, ചെലവിനെക്കുറിച്ച് കെ റെയിൽ അധികൃതർ പറയുന്നതല്ല യഥാർത്ഥ വസ്തുതയെന്നാണ് കേന്ദ്ര നീതി ആയോഗ് ഇതിനെ സംബന്ധിച്ച് അവതരിപ്പിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. നീതി ആയോഗിന്റെ റിപ്പോർട്ടിൽ പറയുന്നത്, കേരള റെയിൽ കോറിഡോർ നിർമ്മാണത്തിന്, 1,26,000 (ഒരു ലക്ഷത്തി ഇരുപത്തിയാറായിരം കോടി രൂപ) കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ്. അതുകൊണ്ട് സാമ്പത്തികമായി ഈ പദ്ധതി പ്രായോഗികമല്ലായെന്ന നിലപാട് നീതിആയോഗ് പ്രകടിപ്പിക്കുന്നുണ്ട്. കെ റെയിൽ പദ്ധതിയ്ക്കുവേണ്ടി 33,000 കോടി രൂപ എ.ഡി.ബിയിൽ നിന്ന് വായ്പയെടുക്കാനായി നൽകിയ അപേക്ഷ കേ

(ശേഷം 4-ാം പേജിൽ)

# കെ റയിൽ പദ്ധതി: ഇരുപതിനായിരം കുടുംബങ്ങൾ കുടിയിറക്കപ്പെടും

(3–ാം പേജിൽ നിന്ന്)

ന്ദ്ര ഫൈനാൻസ് വകുപ്പ് നിരസി ച്ചുവെന്നാണ് അറിയുന്നത്.

അപ്പോൾ, സംസ്ഥാനത്തിന് താങ്ങാനാവാത്ത സാമ്പത്തിക ബാധ്യത വരുത്തിവെച്ചുകൊണ്ട് ഇത്തരമൊരു അതിവേഗ ട്രെയിൻ ഓടിക്കുന്നതിലൂടെ എന്ത് ചലനാത്മകതയാണ് സമൂഹത്തിൽ ഉണ്ടാകുന്നത്? കേരളത്തിലെ സാധാരണ യാത്രികരുടെ ലക്ഷ്യസ്ഥാനം മിക്കവാറും തലസ്ഥാന ജില്ലയായ തിരുവനന്തപുരമോ, തൊട്ടടുത്ത ജില്ലകളോ ആയിരിക്കും. അവരിൽബഹുഭൂരിപക്ഷവുംആശ്രയിക്കുന്നത്ചെലവ്കുറഞ്ഞയാത്രാമാർഗ്ഗങ്ങൾ ആണെന്നതാണ് യാഥാർത്ഥ്യം. സർക്കാർ ഉദ്യോഗസ്ഥരോ, ഐ.ടി ജീവനക്കാരോ, പി.എസ്.സി പരീക്ഷ എഴുതുവാൻ പോകുന്നവരോ അതിവേഗ ട്രെയിനിനെ ആശ്രയിക്കില്ല എന്നത് തർക്കമറ്റ വസ്തുതയാണ്. നാല് മണിക്കൂർ കൊണ്ട് തിരുവനന്തപുരത്ത് നിന്ന് കാസർകോട്ടേയ്ക്ക് യാത്ര ചെയ്യേണ്ടിവരുന്നത് ഒരു ചെറിയ ന്യൂനപക്ഷത്തിന് മാത്രമായിരിക്കും. സാധാരണക്കാർക്ക് ഒരിക്കലും താങ്ങാനാവുന്നതല്ല ഈ നക്ഷത്ര ട്രെയിനിലെ യാത്രാനിരക്കുകൾ.

വിവരസാങ്കേതിക വിദ്യ വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് യാത്ര ചെയ്യാതെ തന്നെ പല കാര്യങ്ങളും നിർവഹിക്കാനാകും. ഇന്റർനെറ്റ് കണക്ടിവിറ്റി 5ജി യിൽ എത്തിക്കഴിഞ്ഞു. വീഡിയോ കോൺഫറൻസിംഗും ഓൺലൈൻ മീറ്റിംഗുകളുമൊക്കെ സർവ്വസാധാരണമായി കഴിഞ്ഞു. കൂടിയ വേഗതയിൽ സഞ്ചരിക്കേണ്ട ആളുകൾക്ക് വ്യോമഗതാഗതം ആണ് അഭികാമ്യം. കേരളത്തിൽ ഇപ്പോൾ തന്നെ നിരവധി വിമാനത്താവളങ്ങൾ നിലവിലുണ്ട്. കാസർകോട് നിന്ന് ഒരു മണിക്കൂർ കൊണ്ട് വിമാനത്തിൽ തിരുവനന്തപുരത്ത് എത്തിച്ചേരാനാവും. പിന്നെന്തിന് കെ റെയിൽ?

## കാർബൺ ബഹിർഗമനം കുറയ്ക്കാൻ സാധിക്കുമത്രെ!

പ്രകൃതിയേയും പരിസ്ഥിതിയേയും പൂർണ്ണമായും തകർക്കുന്നതിലൂടെ സംഭവിക്കുന്ന ഭീമാകാരമായ ദുരന്തങ്ങൾക്ക് കാർബൺ ബഹിർഗമനം കുറയ്ക്കുന്നതുകൊണ്ട് മാത്രം പരിഹാരമാവുമോ? കോർപ്പറേറ്റ് അനുകൂല വ്യവസായ നയങ്ങളിലൂടെ അന്തരീക്ഷത്തിൽ കാർബണിന്റെ സാന്നിദ്ധ്യം വലിയതോതിൽ വർദ്ധിച്ചിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. കൽക്കരി, പ്രകൃതിവാതകം, എണ്ണ തുടങ്ങിയ ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുമ്പോൾ ഉണ്ടാകുന്ന കാർബൺഡൈയോക്സൈഡ് ആഗോളവ്യാപകമായി വലിയൊരു പ്രശ്നമാണ്. കെ റെയിൽ വരുന്നതോടെ പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെടുമെന്നാണ് സർക്കാർ അവകാശപ്പെടുന്നത്. കെ റെയിൽ പദ്ധതി വരുന്നതോടെ റോഡ് ഗതാഗത സംവിധാനങ്ങൾ ഉപേക്ഷിച്ച് ജനങ്ങൾ സെമി ഹൈസ്പീഡ് ട്രെയിനിനെ ആശ്രയിക്കുമത്രെ! ഒരിക്കലുമില്ല, സാധാരണക്കാർക്ക് ആശ്രയിക്കാവുന്ന പാതയേയല്ല ഇത്.

**ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെങ്കിൽ ഇന്ത്യൻ റെയിൽവേയെ ശക്തിപ്പെടുത്തുകയും കെഎസ്ആർടിസി കാര്യക്ഷമമാക്കുകയുമാണ് വേണ്ടത്. കൂടുതൽ കെഎസ്ആർടിസി ബസുകൾ നിരത്തിലിറക്കുകയും പ്രധാന റൂട്ടുകൾ ദേശസാൽക്കരിക്കുകയും ചെയ്യണം. കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്മെൻറ് ആക്കി സംരക്ഷിക്കുവാനും സർക്കാർ തയ്യാറാവണം.**

റെയിൽവേ പാത ഇരട്ടിപ്പിക്കുകയും റെഗുലർ ട്രെയിനുകളും പാസഞ്ചർ ട്രെയിനുകളും വ്യാപകമായി സർവ്വീസ് നടത്തുകയും ചെയ്താൽ ആളുകൾ ക്രമേണ സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നത് കുറയ്ക്കാനാവും. അവിടെ സോളാർ പോലെയുള്ള മലിനീകരണം കുറഞ്ഞ ഇന്ധനങ്ങൾ ഉപയോഗിച്ചാൽ കാർബൺ പുറന്തള്ളപ്പെടുന്നത് കുറയ്ക്കുവാനും കഴിയും. വാസ്തവത്തിൽ, വർദ്ധിച്ചുവരുന്ന അന്തരീക്ഷമലിനീകരണം കോർപ്പറേറ്റ് നയങ്ങളുടെ സൃഷ്ടിതന്നെയാണ്.

## കുടിയൊഴിപ്പിക്കലിലൂടെ പതിനായിരങ്ങൾ തെരുവാധാരമാക്കപ്പെടും

സിൽവർ ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ പതിനായിരക്കണക്കിന് ജനങ്ങൾക്ക് അവരുടെ കിടപ്പാടവും ഉപജീവനമാർഗ്ഗങ്ങളും ഇല്ലാതാക്കപ്പെടും. സർക്കാർ കണക്കുപ്രകാരം 6395 കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരും. എന്നാൽ, വസ്തുതകൾ പരിശോധിച്ചാൽ ഈ കണക്ക് തെറ്റാണെന്ന് കാണാനാകും. കേരള റെയിൽ വികസന കോർപ്പറേഷൻ ക്ഷണിച്ച ടെൻഡർ പ്രകാരം 11 സ്റ്റേഷനുകളാണ് നിർമ്മിക്കുന്നത്. കൂടാതെ, അവയോടനുബന്ധിച്ച് റസിഡൻഷ്യൽ അപ്പാർട്ട്മെന്റുകളും വാണിജ്യസ്ഥാപനങ്ങളും അടങ്ങുന്ന സ്മാർട്ട് സിറ്റികൾ വികസിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടത്രെ! ടെൻഡറിൽ പറയുന്നത് പ്രകാരം 11 സ്റ്റേഷനുകളിലെ സ്മാർട്ട് സിറ്റികൾക്കുവേണ്ടി 1000 ഹെക്ടർ (2500 ഏക്കർ) ഭൂമി ഏറ്റെടുക്കും. കൂടാതെ, ലൈനിലെ ഇരുവശങ്ങളും ബഫർസോൺ ആക്കി മാറ്റാനും ഉദ്ദേശിക്കുന്നുണ്ട്.

അപ്പോൾ, കുറഞ്ഞത് ഇരുപതിനായിരം കുടുംബങ്ങളെ കുടിയൊഴിപ്പിച്ച് കൊണ്ടുമാത്രമേ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി നടപ്പാക്കാനാകൂ എന്നതാണ് യാഥാർത്ഥ്യം. ഏറ്റെടുക്കുന്ന ഭൂമിക്ക് മാർക്കറ്റ് വിലയേക്കാൾ രണ്ടിരട്ടി മുതൽ നാലിരട്ടി വരെ നൽകുമെന്നാണ് സർക്കാർ വൃത്തങ്ങൾ പ്രചരിപ്പിക്കുന്നത്. പക്ഷേ വികസനത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ടവരുടെ അനുഭവങ്ങൾ നമ്മോട് പറയുന്നത് വഞ്ചിതരാവരുത് എന്ന് തന്നെയാണ്. മുൻ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് മൂലമ്പിള്ളിയിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടി 316 കുടുംബങ്ങളെ തെരുവുകളിലേയ്ക്ക് വലിച്ചെറിഞ്ഞിട്ട് 13 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. നഷ്ടപരിഹാരത്തിനുവേണ്ടി ഇപ്പോഴും പ്രക്ഷോഭങ്ങളുമായി തെരുവിൽ കഴിയുന്ന മൂലമ്പിള്ളി നിവാസികളുടെ ദുഃഖം നമുക്ക് മറക്കാനാവുമോ?

## കേരളാ റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ആരുടേത്?

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് 2017 ജനുവരി 3നാണ് നിലവിൽ വന്നത്. കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെയും കേന്ദ്ര-കേരള സർക്കാരിന്റെയും ഒരു സംയുക്ത സംരംഭമെന്ന നിലയിലാണ് ആ കമ്പനി സ്ഥാപിക്കപ്പെട്ടത്. കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യവികസനം എന്നതാണ് പ്രഖ്യാപിത ലക്ഷ്യമായി അതിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ളത്. കെ റെയിൽ കോർപ്പറേഷന്റെ ഒരു മെഗാപ്രോജക്ടാണ് സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ.

കെ റെയിൽ പാത ഒരുപിടി വ്യവസായികൾക്കും സമ്പന്നർക്കും മാത്രമുള്ളതായിരിക്കുമെന്ന് ഉറപ്പിക്കാനാവും. അവർക്ക് വേഗത്തിൽ സഞ്ചരിക്കാനായി, സ്വന്തം കിടപ്പാടവും ജീവനോപാധികളും വിട്ടുകൊടുക്കണമെന്നാണ് സർക്കാർ ആവശ്യപ്പെടുന്നത്. റെയിൽവേ സംവിധാനത്തെ സ്വകാര്യവൽക്കരിക്കുന്ന ഒറ്റപ്പെട്ട കോറിഡോർ മഹാഭൂരിപക്ഷം വരുന്ന ശരാശരി മലയാളിക്ക് പ്രയോജനപ്പെടില്ല; കേരളത്തിനും. ഈ പാത നമ്മുടേതല്ല, നമ്മുടേത് ആവുകയുമില്ല. സംസ്ഥാനത്തേയ്ക്ക് മാത്രമായി പ്രത്യേക പാതയും പ്രത്യേക ട്രെയിനും പ്രത്യേക നിരക്കും നിശ്ചയിച്ച് നീങ്ങുമ്പോൾ സാധാരണയാത്രക്കാർക്ക് താങ്ങാനാവുന്നതാണോ പ്രയോജനപ്പെടുന്നതാണോ എന്നൊന്നും സർക്കാർ പരിഗണിക്കുന്നതേയില്ല. ഹൈക്ലാസ്സ് വിഭാഗങ്ങൾക്ക് മാത്രമായി ഒരു സഞ്ചാര പാത ഒരുക്കാനാണോ കേരള റെയിൽ വികസന കോർപ്പറേഷൻ ലക്ഷ്യം വയ്ക്കുന്നത്?

## ജനവിരുദ്ധ കെ റെയിൽ കോറിഡോർ ഉപേക്ഷിക്കുക

പൊതുസമൂഹം തള്ളിക്കളയേണ്ട പദ്ധതിയാണ് 'സിൽവർലൈൻ' എന്ന് സർക്കാർ ഓമനപ്പേരിട്ട് വിളിക്കുന്ന സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ. ഭൂമി നഷ്ടപ്പെട്ട് തെരുവുകളിലേക്ക് എറിയപ്പെടുന്ന മനുഷ്യരുടെ മാത്രം പ്രശ്നമല്ലിത്. കേരളത്തിന്റെ ഭാവിയെപ്പറ്റി ചിന്തിക്കുന്ന ഓരോ മനുഷ്യനും ഈ പദ്ധതിക്കെതിരെ നിലകൊള്ളണം. പശ്ചിമഘട്ടത്തെ തകർക്കുന്ന 'വികസന' പ്രവർത്തനങ്ങളുടെ പരിണിത ഫലങ്ങൾ വർഷങ്ങളായി നാം അനുഭവിക്കുകയാണ്. പരിസ്ഥിതി നാശനയങ്ങൾ മൂലം, 2018-ലെ മഹാപ്രളയം സൃഷ്ടിച്ച നടുക്കവും ജീവിത പ്രയാസങ്ങളും അവസാനിച്ചിട്ടില്ല. മാനത്ത് മഴക്കാറ് രൂപം കൊള്ളുമ്പോൾ തന്നെ ഭയപ്പെടേണ്ട സാഹചര്യത്തിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു.

ഇടുക്കിയിലെ പെട്ടിമുടിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ 70 പേരാണ് മരണപ്പെട്ടത്. കവളപ്പാറയിൽ 59 പേരും പുത്തുമലയിൽ 17പേരുമാണ് മണ്ണിനടിയിൽ പെട്ട് ജീവൻ പൊലിഞ്ഞത്. ദുരന്തനിവാരണ അതോറിറ്റിയുടെ കണക്കുപ്രകാരം 1961 മുതൽ 2016 വരെ സംസ്ഥാനത്ത് 85 ഉരുൾപൊട്ടലുകൾ ഉണ്ടായി. 2018, 19, 20 കാലയളവിലെ വലിയ ഉരുൾപൊട്ടൽ ദുരന്തങ്ങൾ കണക്കിൽ വന്നിട്ടില്ല. 'സിൽവർലൈൻ' നടപ്പാക്കപ്പെട്ടാൽ പശ്ചിമഘട്ടം സമ്പൂർണ്ണമായും തകർക്കപ്പെടും. അങ്ങനെ സംഭവിച്ചാൽ, കാലാന്തരത്തിൽ കേരളമെന്ന ഭൂപ്രദേശം വാസയോഗ്യമല്ലാതായിത്തീരും. അത് വരും തലമുറകളോട് നാം ചെയ്യുന്ന വലിയ പാതകം തന്നെ ആയിരിക്കും.

വൻകിട മൂലധന ശക്തികളുടെ ലാഭാർത്തിയ്ക്ക് വേണ്ടി നമ്മുടെ കിടപ്പാടവും ആവാസവ്യവസ്ഥയും വിട്ടുകൊടുക്കില്ലായെന്ന ഉറച്ച നിലപാടും കാൽവെയ്പുമാണ് വേണ്ടത്. സംസ്ഥാനമെമ്പാടും അതിനായി ജനകീയ സമിതികൾ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. അവയുടെ ആഭിമുഖ്യത്തിൽ ശക്തമായ പ്രക്ഷോഭങ്ങൾ 'വികസന'വാദികളുടെ ഉറക്കം കെടുത്തുന്ന വിധത്തിൽ ശക്തിപ്പെട്ടുവരുന്നു.

## വികസനം എന്ന കപടമുദ്രാവാക്യം

മൂലധനശക്തികൾക്കായി പ്രഖ്യാപിക്കപ്പെടുന്ന ഏത് പദ്ധതിയും വികസനമെന്ന ആകർഷക പദത്തോട് ചേർത്ത് അവതരിപ്പിക്കുന്നതാണ് തന്ത്രം. യഥാർത്ഥത്തിൽ, വികസനത്തിന്റെ പേരിൽ നടപ്പാക്കപ്പെടുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾ ചെറിയ ശതമാനം വരുന്ന കോർപ്പറേറ്റുകൾ ആണെന്നതാണ് യാഥാർത്ഥ്യം. ഇരകളാക്കപ്പെടുന്നവർ ഇതാരുടെ വികസനം എന്ന ചോദ്യമുയർത്തിയാൽ അവരെ വികസനവിരോധികളായി മുദ്രയടിച്ചുകൊണ്ട് ഭരണകൂടം വേട്ടയാടുന്നതാണ് പതിവ്. കോർപ്പറേറ്റുകളുടെ വികസനത്തിന് വേണ്ടി രാജ്യത്ത് നിലനിൽക്കുന്ന എല്ലാ നിയമങ്ങളെയും കാറ്റിൽ പറത്തുന്നതും പതിവ് കാഴ്ചയാണ്.

തൊണ്ണൂറുകളിൽ, ഇന്ത്യയിൽ ആഗോളവൽക്കരണനയങ്ങൾ ആരംഭിച്ചതോടുകൂടിയാണ് വികസനം എന്ന പദം വ്യാപകമായി ഉപയോഗിച്ചുതുടങ്ങിയത്. കോർപ്പറേറ്റുകൾക്ക് മൂലധന നിക്ഷേപം നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ജനങ്ങളിൽ നിന്ന് പിടിച്ചെടുത്ത് സർക്കാർ ഒരുക്കികൊടുക്കണം എന്ന വിനാശ നയം അതേത്തുടർന്ന് നടപ്പിലാക്കി തുടങ്ങി. ഭൂമി, ഗതാഗതം, വൈദ്യുതി, വെള്ളം തുടങ്ങിയവയെല്ലാം വൻകിട മുതലാളിമാർക്ക് വികസനത്തിന്റെ പേരിൽ സർക്കാർ സൗജന്യമായി നൽകി. അങ്ങനെയാണ്, അനിയന്ത്രിതമായ പ്രകൃതി ചൂഷണവും കുടിയൊഴിപ്പിക്കലും കേരളത്തിൽ വ്യാപകമായത്. മറുവശത്ത്, സാധാരണ ജനങ്ങൾക്ക് നൽകി വന്നിരുന്ന ക്ഷേമ പ്രവർത്തനങ്ങളിൽ നിന്നും അധികാരികൾ പിൻവാങ്ങുന്നത് ത്വരിതപ്പെടുകയും ചെയ്തു.

വിഴിഞ്ഞം, ദേശീയപാത, വല്ലാർപാടം തുടങ്ങിയവയൊക്കെ കുടിയൊഴിപ്പിക്കലിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണ്. കോർപ്പറേറ്റുകൾക്ക് ഇഷ്ടദാനം നൽകുന്ന ഭൂമി, റിയൽ എസ്റ്റേറ്റ് താൽപ്പര്യത്തോടെ ഉപയോഗിക്കപ്പെ

(ശേഷം 5–ാം പേജിൽ)

# ഭീമമായ സാമ്പത്തിക ബാധ്യത സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമാക്കും

(4–ാം പേജിൽ നിന്ന്)

ടുന്ന എന്നതാണ് പലപ്പോഴും കണ്ടുവരുന്നത്. എറണാകുളം കളമശ്ശേരിയിലെ എച്ച്എംടിയുടെ കൈയ്യിലുള്ള 70 ഏക്കർ സർക്കാർ ഭൂമി റിയൽ എസ്റ്റേറ്റ് കമ്പനിയായ ബ്ലൂസ്റ്റാറിന് കൈമാറിയ നടപടി നല്ലൊരുദാഹരണമാണ്. എളമരം കരീം വ്യവസായ വകുപ്പ് മന്ത്രിയായിരുന്നപ്പോഴാണ് എച്ച്എംടി ഭൂമി സൈബർസിറ്റി നിർമ്മാണത്തിനെന്ന പേരിൽ ബ്ലൂസ്റ്റാറിന് കൈമാറിയത്. സർക്കാർ ഭൂമി ബ്ലൂസ്റ്റാറിന് കൈമാറുമ്പോൾ സർക്കാർഅവകാശപ്പെട്ടിരുന്നത്,സൈബർസിറ്റിയിൽ 60000 പേർക്ക് തൊഴിൽ കൊടുക്കും എന്നാണ്. എന്നാൽ,സൈബർസിറ്റി വന്നില്ല, എന്ന് മാത്രമല്ല ബ്ലൂസ്റ്റാർ ആ ഭൂമി അദാനി ഗ്രൂപ്പിന് വലിയ തുകയ്ക്ക് വിൽക്കുകയും ചെയ്തിരിക്കുന്നു.

സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായി പ്രഖ്യാപിക്കപ്പെട്ട കൊച്ചി സ്മാർട്സിറ്റി പദ്ധതിക്ക് എന്തു സംഭവിച്ചെന്നതും കേരളീയ സമൂഹം അറിയേണ്ടതാണ്. കൊച്ചി കാക്കനാട്ട് പൊന്നിന്റെ വിലയുള്ള 246 ഏക്കർ ഭൂമിയാണ് സ്മാർട്സിറ്റി സ്ഥാപിക്കുവാൻ സർക്കാർ വിട്ടുകൊടുത്തത്. പദ്ധതി, വലിയ എതിർപ്പുകളെ നേരിട്ടെങ്കിലും മാറിമാറി വന്ന സർക്കാരുകൾ സ്മാർട്ട് സിറ്റിയുമായി മുന്നോട്ടുപോയി. ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞ് ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ടീകോം ഇൻവെസ്റ്റ്മെന്റിന് 246 ഏക്കർ സർക്കാർ ഭൂമിയാണ് കൈമാറിയത്. 2007 നവംബർ 16 ന് തറക്കല്ലിട്ട പദ്ധതി 2020 ലും പൂർത്തിയായിട്ടില്ല. ഒരു ലക്ഷം പേരുടെ സ്ഥാനത്ത് 2500 പേർ മാത്രമാണ് സ്മാർട്ട്സിറ്റി എന്ന പേരിൽ തുടങ്ങിയിരിക്കുന്ന പെട്ടിക്കടയിൽ ജോലി ചെയ്യുന്നത്. വികസനത്തിന്റെ പേരിൽ എല്ലാം കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന സാഹചര്യമാണ് രാജ്യത്തെമ്പാടും എന്നതുപോലെ കേരളത്തിലും നിലനിൽക്കുന്നത്.

## പൊതുഗതാഗതം ശക്തിപ്പെടുത്തുക, യാത്രാക്ലേശം പരിഹരിക്കുക

ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെങ്കിൽ ഇന്ത്യൻ റെയിൽവേയെ ശക്തിപ്പെടുത്തുകയും കെഎസ്ആർടിസി കാര്യക്ഷമമാക്കുകയുമാണ് വേണ്ടത്. കൂടുതൽ കെഎസ്ആർടിസി ബസുകൾ നിരത്തിലിറക്കുകയും പ്രധാന റൂട്ടുകൾ ദേശസാൽക്കരിക്കുകയും ചെയ്യണം. കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്മെൻറ് ആക്കി സംരക്ഷിക്കുവാനും സർക്കാർ തയ്യാറാവണം. എന്നാൽ, കെഎസ്ആർടിസിയെ സ്വാഭാവിക മരണത്തിന് വിട്ടുകൊടുക്കുന്ന സമീപനമാണ് സർക്കാർ കൈക്കൊള്ളുന്നത്.

ട്രയിൻ ഗതാഗതം ശക്തിപ്പെടുത്തുകയും ഉപഭോക്തൃസൗഹൃദമാക്കുകയും ചെയ്യണം. പാസ്സഞ്ചർ സർവ്വീസുകൾ ഉൾപ്പെടെ ട്രെയിൻ സർവീസുകൾ വർദ്ധിപ്പിക്കണം. സംസ്ഥാനത്തെ പാതയിരട്ടിപ്പിക്കൽ പണികൾ വേഗതയിലാക്കണം. സിഗ്നൽ സിസ്റ്റം ആധുനികവത്ക്കരിച്ച് ട്രയിനുകളുടെ സ്പീഡ് വർദ്ധിപ്പിക്കണം. എന്നാൽ ട്രയിനുകളും റയിൽവേസ്റ്റേഷനുകളും റൂട്ടുകളും സ്വകാര്യവത്ക്കരിക്കുകയും പാസ്സഞ്ചർ ട്രയിൻ സർവ്വീസുകളും സ്റ്റേഷനുകളും നിർത്തൽ ചെയ്യുകയും ചെയ്യുന്ന ജനദ്രോഹ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുകയാണ്. 109 റെയിൽ റൂട്ടുകളിലായി 151 ട്രെയിനുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്വകാര്യസംരംഭകരിൽ നിന്ന് നാഷണൽ ട്രാൻസ്പോർട്ടർ അപേക്ഷ ക്ഷണിച്ചിട്ട് നിൽക്കുകയാണ്. സ്വകാര്യ ട്രെയിനുകൾ ഓപ്പറേറ്റ് ചെയ്യുന്ന സ്വകാര്യസംരംഭകർക്ക് യാത്രാചാർജ്ജ് 35 വർഷക്കാലത്തേയ്ക്ക് തീരുമാനിയ്ക്കാമെന്ന ഓഫറും നൽകിയിരിക്കുന്ന സന്ദർഭമാണിത്.

അതുപോലെ, കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും അനുയോജ്യമായ ബദൽ യാത്രാ മാർഗമാണ് ജലഗതാഗതം. 44 നദികളുള്ള സംസ്ഥാനത്ത് മികച്ച നിലയിൽ ബോട്ട് സർവീസ് നടത്താവുന്ന സാഹചര്യമുണ്ട്. എന്നാൽ, നദികളുടെയും കായലുകളുടെയും നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന തരത്തിലുള്ള കൈയേറ്റങ്ങളും മാലിന്യ പ്രശ്നങ്ങളും പരിഹരിക്കണം. കേരളത്തിലെ പുഴകളെ ഇല്ലാതാക്കുന്ന നടപടികളും വികസനത്തിന്റെ പേരിലാണ് നടക്കുന്നത്. നദികളും തോടുകളും സുഗമമാക്കികൊണ്ട് ജലഗതാഗത മാർഗം ശക്തിപ്പെടുത്തിയാൽ റോഡുകളിലെ തിരക്ക് വലിയതോതിൽ കുറയ്ക്കാനാകും.

## പൊതുമേഖലയുടെ സ്വകാര്യവത്ക്കരണത്തെ ചെറുക്കുക

ആഗോളീകരണനയങ്ങളുടെ വക്താക്കളായി മാറിയ ഭരണാധികാരികൾ ക്ഷേമരാഷ്ട്ര സങ്കൽപ്പങ്ങൾ പോലും ഉപേക്ഷിച്ച് പൊതുമേഖലകൾ വൻകിട കോർപ്പറേറ്റുകൾക്ക് എഴുതികൊടുത്തുകൊണ്ടിരിക്കുന്നതാണ് ഇപ്പോൾ ഇന്ത്യ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന്. ജനങ്ങളിൽ നിന്ന് നികുതി പിരിക്കുന്ന സർക്കാർ ജനങ്ങൾക്ക് പൊതുഗതാഗത അവകാശങ്ങൾ പോലും നിഷേധിക്കുകയാണ്.

കെ റെയിൽ പദ്ധതി കേരളത്തെ പാരിസ്ഥിതികമായും സാമൂഹ്യമായും വിഭജിക്കുമെന്നതിനാൽ അതിന്റെ ഇരകൾ ഭൂമി നഷ്ടപ്പെടുന്ന ജനവിഭാഗങ്ങൾ മാത്രമല്ല. കേരളം ആകമാനം പ്രത്യക്ഷമായോ പരോക്ഷമായോ ഈ ദുരന്തപദ്ധതിയുടെ ഇരകളാകും. സാധാരണക്കാരുടെ വാഹനമായ റെയിൽവേ സ്വകാര്യകുത്തകകളുടെ കൈകളിലേയ്ക്ക് എത്തിച്ചുകൊടുക്കാനാണ് ഈ വിചിത്രപാതയുടെ നിർമ്മാണത്തിന് ഭരണാധികാരികൾ കൂട്ടുനിൽക്കുന്നത്. പക്ഷേ, പൊതുഗതാഗത മാർഗ്ഗമായ റെയിൽവേ പൊതുമേഖലയിൽ നിലനിർത്തണമെങ്കിൽ റെയിൽവേ സ്വകാര്യവൽക്കരണനീക്കങ്ങളെ ചെറുത്ത് തോൽപ്പിച്ചേ മതിയാകൂ.

> **വൻകിട മൂലധന ശക്തികളുടെ ലാഭാർത്തിക്കുവേണ്ടി നമ്മുടെ കിടപ്പാടവും ആവാസവ്യവസ്ഥയും വിട്ടുകൊടുക്കില്ലായെന്ന ഉറച്ച നിലപാടും കാൽവെയ്പുമാണ് വേണ്ടത്. സംസ്ഥാനമെമ്പാടും അതിനായി ജനകീയ സമിതികൾ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. അവയുടെ ആഭിമുഖ്യത്തിൽ ശക്തമായ പ്രക്ഷോഭങ്ങൾ 'വികസന'വാദികളുടെ ഉറക്കം കെടുത്തുന്ന വിധത്തിൽ ശക്തിപ്പെട്ടുവരുന്നു.**

വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, വൈദ്യുതി, കെ.എസ്.ആർ.ടി.സി തുടങ്ങിയ സർവ്വീസ് രംഗങ്ങളിലും ഈ അഴിച്ചുപണി നടന്നുകൊണ്ടിരിക്കുന്നു. റെയിൽവേയുടെ കാര്യത്തിലും കെ റെയിൽ പദ്ധതിയിലൂടെ അത്തരമൊരു പൊളിച്ചെഴുത്ത് സംഭവിക്കാൻ പോകുന്നു. ജനങ്ങൾക്ക് വേണ്ടിയാകണം സഞ്ചാര പാതകൾ. പകരം, റോഡ് ഒരു വ്യവസായ സംരംഭമാക്കാൻ ശ്രമിക്കുന്ന സ്വകാര്യകുത്തകകളുടെ നിയന്ത്രണത്തിൽ വിട്ടുകൊടുക്കുന്നു. ജനങ്ങളുടെ പണംകൊണ്ടും അദ്ധ്വാനം കൊണ്ടും നിർമ്മിയ്ക്കപ്പെട്ട റെയിൽ ഗതാഗതവും ഇത്തരം 'വിശേഷപ്പെട്ട' പദ്ധതികളിലൂടെ കുത്തകകളുടെ കൈകളിൽ എത്തിച്ചേരും. ക്രമേണ, നമ്മുടെ സ്വന്തം റെയിൽവേയും ജനങ്ങൾക്ക് നഷ്ടപ്പെടും എന്ന പ്രശ്നമാണ് മുന്നിലുള്ളത്.

കേരളത്തിൽ, കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുമായോ അതിനിരുപുറവുമുള്ളസ്ഥാപനങ്ങളുമായോ നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടിരിക്കുന്ന ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് പുറമേ മറ്റെല്ലാ ജനവിഭാഗങ്ങളെയും ബാധിക്കുന്ന ഈ ദുരന്തപാതയ്ക്കെതിരെ ഇപ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവർ നടത്തുന്ന സമരത്തോടൊപ്പം മുഴുവൻ ജനങ്ങളും അണിനിരക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കേരളത്തിന്റെ ഭൂമിശാസ്ത്ര വ്യവസ്ഥയ്ക്ക് തീർത്തും അനുയോജ്യമല്ലാത്തതും അനാവശ്യവുമായ കെ റെയിൽ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് സംസ്ഥാന സർക്കാരിനോടും ഇതിന് അനുമതി നൽകരുതെന്ന് കേന്ദ്ര സർക്കാരിനോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ജനാഭിലാഷത്തെ ചവിട്ടിമെതിച്ചുകൊണ്ട്, കോർപ്പറേറ്റുകൾക്ക് വേണ്ടി ഭരണാധികാരികൾ നിലാപാടെടുത്താൽ നിശ്ചയമായും അവർക്ക് ജനരോഷത്തെ നേരിടേണ്ടിവരും. ആധുനിക കേരള സമൂഹത്തിന്റെ ആവിർഭാവത്തിന് കളമൊരുക്കിയ സമരങ്ങളിൽ പ്രമുഖസ്ഥാനത്ത് അയ്യൻകാളിയെപ്പോലെയുള്ള നവോത്ഥാന നായകർ നയിച്ച പൊതു സഞ്ചാര സ്വാതന്ത്ര്യസമരങ്ങളുണ്ടായിരുന്നല്ലോ. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വീണ്ടും നമ്മുടെ അവകാശങ്ങൾ ഒരു പിടി വരുന്ന കോർപ്പറേറ്റുകൾ കൈയ്യടക്കാൻ ശ്രമിക്കുമ്പോൾ മറ്റൊരു കേരള സംരക്ഷണ സമരം നടത്തേണ്ടി വരുന്നു.

സംസ്ഥാന വ്യാപകമായി അനുദിനം ചെറുത്ത് നിൽപ്പ് സമരം ശക്തിപ്രാപിച്ചുവരുന്നു. ജാതി, മതം, പ്രാദേശിക വികാരങ്ങൾ, കക്ഷിരാഷ്ട്രീയം എന്നിവയൊന്നും ഈ സമരത്തെ ദുർബ്ബലപ്പെടുത്താൻ പാടില്ല. എന്തുകൊണ്ടെന്നാൽ, അവയെല്ലാം അനൈക്യം സൃഷ്ടിക്കും. സമരത്തെ തകർക്കാൻ നിക്ഷിപ്ത കേന്ദ്രങ്ങൾക്ക് അവസരം ഒരുക്കാൻ പാടില്ല. പരിപൂർണ്ണ ഐക്യത്തിലാണ് ഇരകളുടെ വിജയം കുടികൊള്ളുന്നത്. ■

## കർഷക സമരത്തിന് ഐക്യദാർഢ്യം



കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് എഴുപുന്ന പൊക്കാളി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടന്ന സംഗമത്തിൽ അഡ്വ.ഇ.എൻശാന്തിരാജ് പ്രസംഗിക്കുന്നു



ജനകീയ പ്രതിരോധ സമിതിയുടെയും സോഷ്യൽ ഫോറത്തിന്റെയും ആഭിമുഖ്യത്തിൽ കായംകുളത്ത് നടന്ന സംഗമത്തിൽ അഡ്വ.മാത്യു വേളങ്ങാടൻ പ്രസംഗിക്കുന്നു




കർഷക പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ തൊടുപുഴയിൽ നടന്ന ഐക്യദാർഢ്യ സംഗമം.

ബീഹാർ തെരഞ്ഞെടുപ്പ്

# വോട്ടർമാരെയും ജനപ്രതിനിധികളെയും വിലയ്ക്കെടുക്കുന്ന ബിജെപിയുടെ 'മോദി മാജിക്'

(1–ാം പേജിൽ നിന്ന്)

ല്ലാത്തസ്ഥിതിതുടങ്ങിയവയൊക്കെ ഒരുപിടിസമ്പന്നരൊഴികെബാക്കി മുഴുവനാളുകളെയും ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. മുതലാളിത്ത വ്യവസ്ഥയുടെ സഹജമായ പ്രതിസന്ധി സൃഷ്ടിക്കുന്ന മുഴുവൻ പ്രശ്നങ്ങളുടെയും ഭാരം ദരിദ്രരായ ജനങ്ങളുടെ ചുമലിലേയ്ക്ക് ഇറക്കിവയ്ക്കപ്പെടുകയാണ്. എല്ലാ വകഭേദങ്ങളിലുംപെട്ട ബൂർഷ്വാ ഗവണ്മെന്റുകൾ ഭരണമുതലാളിവർഗ്ഗത്തെ സേവിക്കാനുള്ള തത്രപ്പാടിൽ, ചെപ്പടിവിദ്യകളുടെയും മോഹന വാഗ്ദാനങ്ങളുടെയും മറപറ്റി ജനവിരുദ്ധമായ നയങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇത് സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുരിതമയമാക്കുന്നു. ജനങ്ങളെ പാപ്പരാക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ ആഗമനം ബൂർഷ്വാ സാമ്പത്തിക വിശാരദന്മാർക്കുപോലും മറച്ചുവയ്ക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഈ യാഥാർത്ഥ്യം വെളിപ്പെടുത്തുന്ന കണക്കുകളൊക്കെ കേന്ദ്രഗവണ്മെന്റ് മൂടിവച്ചിരി ക്കുകയാണ്. സമ്പദ്ഘടനയുടെ തിരിച്ചുവരവിനെക്കുറിച്ച് പൊള്ളയായ ശുഭാപ്തിവിശ്വാസം വിളമ്പുന്നതല്ലാതെ ഭരണകക്ഷി നേതാക്കൾക്കും മന്ത്രിമാർക്കും ജനങ്ങൾക്ക് മറ്റൊന്നും നൽകാനില്ല. ജനങ്ങളിൽ അസംതൃപ്തി വളരുന്നത് ഭീതിയോടെയാണവർ വീക്ഷിക്കുന്നത്. ഒരു ശരിയായ വിപ്ലവ പാർട്ടിയാൽ നയിക്കപ്പെട്ടാൽ ഈ അസംതൃപ്തി മുതലാളിത്തവിരുദ്ധ സമരത്തിന്റെ രൂപമെടുക്കുമെന്നും അവർ ഭയപ്പെടുന്നു. അതുകൊണ്ടുതന്നെ വർഗ്ഗീയവും ജാതീയവും വംശീയവും പ്രാദേശികവുമൊക്കെയായ സങ്കുചിതത്വങ്ങൾ വളർത്തി ചൂഷിതജനതയുടെ ഐക്യം തകർക്കുന്നതിൽ അവർ വ്യാപൃതരായിരിക്കുന്നു. പിരിമുറുക്കവും സ്പർദ്ധയും സംശയവുമൊക്കെ ഊട്ടിവളർത്തി സാമൂഹ്യ അന്തരീക്ഷം മലീമസമാക്കാനും ജനങ്ങളിൽ സങ്കുചിതമായ ധ്രുവീകരണം സൃഷ്ടിക്കാനും വർഗ്ഗീയ കലാപങ്ങൾ പോലും സൃഷ്ടിച്ചെടുക്കാനും അവർ എല്ലാ ശ്രമങ്ങളും നടത്തുന്നു. സംസ്ഥാനത്തെ സവിശേഷമായ പ്രശ്നങ്ങൾക്കൊപ്പം ഈ വ്യാധികളുമൊക്കെ ബീഹാറിൽ ദൃശ്യമാണ്.

കുറെക്കാലമായി ബീഹാറിൽ ഒരു പുതിയ വ്യവസായവും ആരംഭിച്ചിട്ടില്ല. പ്രകൃതി ദുരന്തം എന്നതിനേക്കാൾ മനുഷ്യന്റെതന്നെ സൃഷ്ടിയായ വെള്ളപ്പൊക്കവും വരൾച്ചയുമൊക്കെതികഞ്ഞ അനാസ്ഥയോടെയാണ് ഗവണ്മെന്റ് കൈകാര്യം ചെയ്തിട്ടുള്ളത്. കൊള്ളയും കൊലയും സ്ത്രീപീഡനങ്ങളുമൊക്കെ പെരുകിക്കൊണ്ടിരിക്കുന്നു. ഭരണത്തിലിരിക്കുന്നവർക്ക് വിടുപണി ചെയ്യുന്നവർക്കുമാത്രമാണ് സർക്കാരിൽനിന്നുള്ള ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നത്. നോട്ടുനിരോധനം, ജിഎസ്ടി, തൊഴിലാളിദ്രോഹ-കർഷകദ്രോഹ നയങ്ങൾ തുടങ്ങി കേന്ദ്ര സർക്കാരിന്റെ ആഘാതങ്ങൾ വേറെയും. അവശേഷിച്ച ജനാധിപത്യാവകാശങ്ങളും തൊഴിൽ സുരക്ഷയും പോലും കവർന്നെടുക്കുന്ന നയങ്ങളാണിവ. സ്ഥാപിത താല്പര്യക്കാർക്ക് കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും വിലയിലെ കൃത്രിമവുമൊക്കെ നടത്തുന്നതിന് നിയമസാധുതയും ഇവ നൽകുന്നു.

> **ഇന്ത്യൻ സമൂഹം ജാതിയുടെപേരിൽ തട്ടുകളാക്കി തിരിക്കപ്പെട്ടതാണ്. കൃത്യമായ ചില സാമൂഹ്യ-രാഷ്ട്രീയ കാരണങ്ങളാൽ ഇത് ഇനിയും ജനാധിപത്യവൽക്കരിക്കപ്പെട്ടിട്ടില്ല എന്നതും അതുകൊണ്ടുതന്നെ കാലഹരണപ്പെട്ടതും അന്ധവിശ്വാസ ജടിലവുമായ ചിന്തകളുടെയും ആശയങ്ങളുടെയും സ്വാധീനവലയത്തിൽനിന്ന് ഇന്നും മുക്തമാക്കപ്പെട്ടിട്ടില്ല എന്നതും ഒരു വസ്തുതയാണ്. ഇവിടെ ഭൂവുടമകളും വ്യവസായ മുതലാളിമാരുമൊക്കെ ഉയർന്ന ജാതിയിൽപ്പെട്ടവരായിരിക്കുകയും വർഗപരമായ ചൂഷണവും ജാതിപരമായ അടിച്ചമർത്തലും കെട്ടുപിണഞ്ഞുകിടക്കുകയും ചെയ്യുന്നു.**

അഴിമതി, കുറ്റകൃത്യങ്ങൾ, വർഗീയത എന്നിവയിൽനിന്നും മുക്തമായ ഒരു ഭരണമാണ് 2005ൽ മുഖ്യമന്ത്രി വാഗ്ദാനം ചെയ്തിരുന്നത്. 15 വർഷംകൊണ്ട് ഇവയൊക്കെ പെരുകുകയാണ് ഉണ്ടായത്. ഉദാഹരണത്തിന്, ബീഹാറിലെ മുസഫർപൂർ ജില്ലയിലെ ഒരു അഭയകേന്ദ്രത്തിൽ അന്തേവാസികളായ പെൺകുട്ടികളെ ശാരീരികമായും ലൈംഗികമായും പീഡിപ്പിച്ച കേസിൽ ഭരണകക്ഷി എംഎൽഎ ബ്രജേഷ് താക്കൂർ അടക്കം 19 പേരെയാണ് കോടതി ശിക്ഷിച്ചത്. 2018ൽ നടന്ന ഈ സംഭവത്തിൽ നിരവധി പ്രമുഖർ ഉൾപ്പെട്ടിരുന്നു. ജെഡിയു മന്ത്രിയുടെ ഭർത്താവും ഇതിൽ ഉൾപ്പെട്ടതോടെ മന്ത്രിക്ക് രാജി വയ്ക്കേണ്ടിവന്നു. സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ ബ്രജേഷ് താക്കൂർ നടത്തിക്കൊണ്ടിരുന്ന ഒരു സന്നദ്ധ സംഘടനയുടെ ഉടമസ്ഥതയിലായിരുന്നു ഈ അഭയകേന്ദ്രം. ഈ വിഷയത്തിൽ ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാറിനും രണ്ട് ഉദ്യോഗസ്ഥ പ്രമാണികൾക്കുമെതിരെ കോടതി സിബിഐ അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. ദേശീയശ്രദ്ധ പിടിച്ചുപറ്റിയ സംഭവങ്ങളായിരുന്നു ഇവ. അതുപോലെതന്നെ, മദ്യനിരോധനത്തിന്റെ പേരിൽ മുഖ്യമന്ത്രി ഊറ്റം കൊണ്ടിരുന്നെങ്കിലും നിയമവിരുദ്ധമായി മദ്യം സുലഭമായിരുന്നു. ഗവണ്മെന്റിന്റെ ഒത്താശയില്ലാതെ ഇത് സാദ്ധ്യമാവില്ല എന്ന് വ്യക്തമാണ്. 2015 ൽ ബിജെപി നിതീഷ്കുമാറിനെതിരെ 100 കോടി രൂപയുടെ അഴിമതി ആരോപിച്ചിരുന്നു. അന്ന് ആർജെഡിയുമായി സഖ്യത്തിലായിരുന്നു നിതീഷ്കുമാർ. സർക്കാർ ആശുപത്രികൾക്ക് മരുന്ന് വിതരണം ചെയ്തതിലെ ക്രമക്കേടിൽ അന്വേഷണവും ബിജെപി ആവശ്യപ്പെട്ടിരുന്നു. (ഇന്ത്യ.കോം 5-8-2015) അസോസിയേഷൻ ഓഫ് ഡെമോക്രാറ്റിക് റൈറ്റ്സ് എന്ന സംഘടനയുടെ പഠനമനുസരിച്ച് 2015ൽ മത്സരാർത്ഥികളിൽ ഏറ്റവും കൂടുതൽ ക്രിമിനൽ പശ്ചാത്തലമുള്ളവർ ബിജെപിക്കാരായിരുന്നു. (ദ ഹിന്ദു, 4-10-2015) ജീവിക്കാൻവേണ്ടി അങ്ങേയറ്റം ക്ലേശിക്കേണ്ടിവരുന്ന ജനങ്ങൾ സംസ്ഥാനത്തെ അഴിമതിയിൽ ഏറെ രോഷാകുലരായിരുന്നു.

ഇതിനിടയിലാണ് കോവിഡ് 19 മഹാമാരി വരുന്നത്. ഇതിന്റെ അപകടം യഥാസമയം മനസ്സിലാക്കുന്നതിലും അതിന്റെ വ്യാപനം തടയുന്നതിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിലും ഗവണ്മെന്റ് കുറ്റകരമായ അനാസ്ഥയാണ് കാണിച്ചത്. യാതൊരു മുന്നൊരുക്കവുമില്ലാതെ പൊടുന്നനെ ഏർപ്പെടുത്തിയ ലോക്ഡൗൺജനങ്ങളുടെബുദ്ധിമുട്ടുകൾ ഇരട്ടിപ്പിക്കുകയും ചെയ്തു. വളരെ ദുർബലമായ ഒരു ആരോഗ്യ പരിപാലന-ചികിത്സ സംവിധാനമാണ് സംസ്ഥാനത്തുള്ളത്. സാമ്പത്തിക പ്രവർത്തനങ്ങൾ നിലയ്ക്കുകയും ജനജീവിതത്തിലെ സാധാരണ നില താറുമാറാകുകയും ചെയ്തതോടെ ജനജീവിതം ഒരു ദുഃസ്വപ്നം പോലെയായി. രാജ്യത്തെവിടെയുമെന്നപോലെ ബീഹാറിലും പകർച്ചവ്യാധിയുടെ ഭീകരതയും ജീവിതത്തിന്റെ താളംതെറ്റലും നടമാടി. ജീവിക്കാൻവേണ്ടി അന്യസംസ്ഥാനങ്ങളിൽപോയി പണിയെടുക്കുന്ന അനേകായിരം പ്രവാസി തൊഴിലാളികൾ ബീഹാറിലുണ്ടെന്നറിയാമല്ലോ. പൊടുന്നനെയുള്ള ലോക്ഡൗൺമൂലം ഉള്ള തൊഴിൽകൂടി നഷ്ടമായതോടെ ഇവർ തീർത്തും പാപ്പരായി. കേറിക്കിടക്കാൻ കൂരയോ വരുമാനമോ ഇല്ലാതെ തെരുവിലലയുന്ന സ്ഥിതിയിലായി. മറ്റൊരു പോംവഴിയുമില്ലാതായപ്പോൾ കുട്ടികളെയുമെടുത്ത് തലയിൽ ഭാണ്ഡവും ചുമന്ന് കൊടുംവെയിലിൽ നൂറുകണക്കിന് കിലോമീറ്ററുകൾ നടന്ന് ജന്മനാടുകൾ ലക്ഷ്യംവച്ച് ഇവർ പലായനം തുടങ്ങി. ആഹാരവും കുടിവെള്ളവും കിട്ടാതെ പലരും വഴിയിൽ മരിച്ചുവീണു. മാദ്ധ്യമപ്രവർത്തകർക്കുമുന്നിൽ അവരുടെ രോഷം അണപൊട്ടി.

## കപടവും കൃത്രിമവുമായ വിഷയങ്ങൾ ചർച്ചയ്ക്കെടുക്കുന്ന തെരഞ്ഞെടുപ്പുകൾ

പ്രചാരണത്തിന്റെതുടക്കത്തിൽ എല്ലാവരും കരുതിയത് ജനങ്ങളിലുള്ള ശക്തമായ സർക്കാർവിരുദ്ധ വികാരംമൂലം ബിജെപി-ജെഡിയു സഖ്യത്തിന് അധികാരം നഷ്ടപ്പെടുമെന്നാണ്. മാദ്ധ്യമങ്ങളും തെരഞ്ഞെടുപ്പ് സർവേകളുമൊക്കെ ഇത് ശരിവച്ചു. മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി മഹാസഖ്യം ഉയർത്തിക്കാട്ടിയ തേജസ്വി യാദവ് തൊഴിലില്ലായ്മ, ഗവണ്മെന്റ് ആശുപത്രികളുടെ ശോച്യാവസ്ഥ തുടങ്ങിയവയൊക്കെ ചർച്ചയ്ക്കെടുക്കുകയും അധികാരത്തിലെത്തിയാൽ 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് വാഗ്ദാനം നൽകുകയും ചെയ്തിരുന്നു. വിഷയാധിഷ്ഠിത തെരഞ്ഞെടുപ്പ് എന്ന കാഴ്ചപ്പാട് അവതരിപ്പിക്കുകയും താനുൾപ്പെടുന്ന ചെറുപ്പക്കാരുടെ ടീം ബീഹാറിന്റെ പഴമയിൽനിന്നുള്ള മോചനം സാദ്ധ്യമാക്കുമെന്നപ്രതീക്ഷയുണർത്തുകയും ചെയ്തു. യുവാക്കളിലും നല്ലൊരു വിഭാഗമാളുകളിലും ഇത് സ്വാധീനം ചെലുത്തിയതായി തേജസ്വിയുടെ തെരഞ്ഞെടുപ്പ് യോഗങ്ങളിലെ പങ്കാളിത്തം വ്യക്തമാക്കിയിരുന്നു. എന്നുമാത്രമല്ല സാധാരണക്കാരനെതിരായ കേന്ദ്രത്തിലെ ബിജെപി ഭരണത്തോടുള്ള എതിർപ്പും അവർ പ്രകടിപ്പിച്ചിരുന്നു.

എന്നാൽ തെരഞ്ഞെടുപ്പ് അടുത്തുവന്നതോടെ പഴയപടിതന്നെ ജാതി സമവാക്യങ്ങളും ന്യൂനപക്ഷ ചായ്വുമൊക്കെയായി മുഖ്യ ചർച്ചാവിഷയങ്ങൾ. തെരഞ്ഞെടുപ്പ് വിശകലനങ്ങളിലും വാർത്തകളിലുമൊക്കെ ആര് എത്ര യാദവ വോട്ടുകൾ, എത്ര കുർമി വോട്ടുകൾ, എത്ര ദലിത് വോട്ടുകൾ, എത്ര ന്യൂനപക്ഷ വോട്ടുകൾ പിടിക്കും എന്നതായി പ്രധാന ചർച്ച. ബൂർഷ്വാ പാർട്ടികളും ജാതിയെയും മതത്തെയും അടിസ്ഥാനമാക്കിയുള്ള കണക്കുകൂട്ടലുകളിൽ മുഴുകി. കുത്തകകളുടെ നിയന്ത്രണത്തിലുള്ള മാദ്ധ്യമങ്ങളും ക്രമേണ ജനങ്ങളുടെ വിഷയങ്ങൾ തിരസ്കരിച്ച് ഈ വോട്ടുബാങ്ക് രാഷ്ട്രീയത്തെ ഒരു യാഥാർത്ഥ്യമായി അവതരിപ്പിച്ചുകൊണ്ട് ചർച്ച തുടങ്ങി. പൊടുന്നനെ ഒരുദിവസം മുഖ്യമന്ത്രിയായി വൈകാതെതന്നെ സ്ഥാനമൊഴിയേണ്ടിവന്ന ജിതൻ റാം മാഞ്ചി എത്ര ദലിത വോട്ടുകൾ സ്വാധീനത്തിലാക്കും, അടുത്തിടെ അന്തരിച്ച റാം വിലാസ് പസ്വാന്റെ മകൻ ചിരാഗ് പസ്വാൻ നിതീഷ്കുമാറിന് എത്രത്തോളം തലവേദന സൃഷ്ടിക്കും, ആർജെഡിയുടെ യാദവ് വോട്ടുബാങ്ക് സുരക്ഷിതമാണോ, ആർജെഡിക്കും കോൺഗ്രസ്സിനും ലഭിച്ചിരുന്ന മുസ്ലീം വോട്ടുകൾ ഇക്കുറി ഒവൈസിയുടെ മജ്ലിസ് പാർട്ടി കരസ്ഥമാക്കുമോ എന്നൊക്കെയായി ചർച്ചകൾ. ജർമൻ നാടോടിക്കഥയിലെ നായകനെപ്പോലെ അധികാരത്തിന്റെ ഇടനാഴികളിൽ വിരാജിക്കുന്നവരൊക്കെ സ്വന്തം ജാതിയിലോ സമുദായത്തിലോ ഉള്ളവരെ ആകർഷിച്ച് വോട്ടുബാങ്ക് സൃഷ്ടിക്കാൻ കെല്പുള്ളവരായിരിക്കണം എന്ന സ്ഥാപിത താല്പര്യമാണിവിടെ അരക്കിട്ടുറപ്പിക്കുന്നത്.

## ജാതിയുടെയും വർഗ്ഗത്തിന്റെയും പ്രശ്നം

ഇന്ത്യൻ സമൂഹം ജാതിയുടെ പേരിൽ തട്ടുകളാക്കി തിരിക്കപ്പെട്ടതാണ്. കൃത്യമായ ചില സാമൂഹ്യ-രാഷ്ട്രീയ കാരണങ്ങളാൽ ഇത് ഇനിയും ജനാധിപത്യവൽക്കരിക്കപ്പെട്ടിട്ടില്ല എന്നതും അതുകൊണ്ടുതന്നെ കാലഹരണപ്പെട്ടതും അന്ധവിശ്വാസജടിലവുമായ ചിന്തകളുടെയും ആശയങ്ങളുടെയും സ്വാധീനവലയത്തിൽനിന്ന് ഇന്നും മുക്തമാക്കപ്പെട്ടിട്ടില്ല എന്നതും ഒരു വസ്തുതയാണ്. ഇവിടെ ഭൂവുടമകളുംവ്യവസായമുതലാളിമാരുമൊക്കെ ഉയർന്ന ജാതിയിൽപ്പെട്ടവരായിരിക്കുകയും വർഗപരമായ ചൂഷണവും ജാതിപരമായ അടിച്ചമർത്തലും കെട്ടുപിണഞ്ഞുകിടക്കുകയും ചെയ്യുന്നു. എന്നാൽ മുതലാളിത്ത ഇന്ത്യയെ സംബന്ധിച്ചിടത്തോളം, പുറമേയ്ക്ക് ജാതിയുടെ പേരിലുള്ള സംഘർഷമെന്ന നിലയിൽ പ്രത്യക്ഷപ്പെടുന്നവയടക്കം മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന എല്ലാ ചൂഷണവും അടിച്ചമർത്തലും മുതലാളിവർഗ്ഗ ചൂഷണവും അടിച്ചമർത്തലും എന്നനിലയിൽ വേണം നമ്മൾ മനസ്സിലാക്കേണ്ടത്. അടിച്ചമർത്തപ്പെടുന്ന ജനവിഭാഗങ്ങൾ ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞില്ലെങ്കിൽ, ജാതിപരമായ സ്വത്വത്തിന്റെ അടിസ്ഥാനത്തിൽ സംഘടിക്കുന്നതിൽ അവർ വ്യാമോഹം വച്ചുപുലർത്തുകയും അതിന്റെയടിസ്ഥാനത്തിലുള്ള ധ്രുവീകരണങ്ങൾക്ക് വിധേയമാകുകയും ചെയ്യും. മതന്യൂനപക്ഷങ്ങളുടെ കാര്യവും ഇതുപോലെതന്നെ. ജാതിയോ മതമോ എന്താ

(ശേഷം 7–ാം പേജിൽ)

# ജാതിപരമായ അടിച്ചമർത്തൽ അവസാനിപ്പിക്കാൻ മുതലാളിത്ത സമൂഹത്തെ പരിവർത്തനപ്പെടുത്തണം

## ബീഹാർ തെരഞ്ഞെടുപ്പ്

(6-ാം പേജിൽ നിന്ന്)

യാലും തൊഴിലാളികളും കർഷകരുമൊക്കെ ഒരുപോലെ മുതലാളിത്ത ചൂഷണത്തിന് ഇരയാകുന്ന എന്ന സത്യം അവരിൽനിന്ന് മറച്ചുപിടിച്ചിരിക്കുന്നു. ബ്രാഹ്മണനായ ഒരു മുതലാളി ബ്രാഹ്മണനായ തൊഴിലാളിയെ താഴ്ന്ന ജാതിയിലേതെന്ന് കരുതുന്ന ഒരു തൊഴിലാളിയെക്കാൾ അല്പമെങ്കിലും കുറഞ്ഞ അളവിലാണോ ചൂഷണം ചെയ്യുക. അതുപോലെതന്നെയാണ് ഒരു മുസ്ലീം ജോതീദാർ ഒരു മുസ്ലീം കർഷകനെ ചൂഷണം ചെയ്യുന്നതും. എല്ലാ ജാതിയിലും മതത്തിലും പെട്ടവരില്ലേ പ്രവാസി തൊഴിലാളികളിൽ? അവരുടെ പണിസ്ഥലങ്ങളിൽ ജാതിയുടെയോ മതത്തിന്റെയോ പേരിൽ എന്തെങ്കിലും ഇളവുകളോ ആനുകൂല്യങ്ങളോ അവർക്ക് ലഭിക്കുന്നുണ്ടോ? എല്ലാവരും ഒരുപോലെ കഷ്ടപ്പെടുകയല്ലേ? അതിനാൽ പോരാട്ടം ചൂഷകരായ മുതലാളിവർഗവും തൊഴിലാളികളും കർഷകരും ഇടത്തരക്കാരും ഉൾപ്പെടെയുള്ള അദ്ധ്വാനിച്ച് ജീവിക്കുന്നവരും തമ്മിലാണ്. മുതലാളിത്തത്തെ വിപ്ലവത്തിലൂടെ നീക്കംചെയ്ത് വർഗവിഭജിതമായ മുതലാളിത്ത സമൂഹത്തെ പരിവർത്തനപ്പെടുത്തുന്നതിലൂടെയേ ജാതിപരമായ അടിച്ചമർത്തലും അവസാനിപ്പിക്കാനാകൂ.

### ജാതിയുടെയും മതത്തിന്റെയും പേരിലുള്ള വിഭജനം നിലനിർത്താൻ വർഗ താല്പര്യാർത്ഥം ഭരണ മുതലാളിവർഗ്ഗം ശ്രമിക്കുന്നു

ജാതി-മത വിഭജനം നിലനിർത്തി ജനങ്ങളെ ഭിന്നിപ്പിക്കാൻ മുതലാളിവർഗ്ഗം എല്ലാ തന്ത്രങ്ങളും പയറ്റുന്നു. ജാതി സങ്കുചിതത്വത്തിന്റെയും വർഗീയ വിദ്വേഷത്തിന്റെയും രൂപത്തിലാണ് ഈ വിഭജനം നിലനിർത്തുക. നിലനിൽക്കുന്ന ബൂർഷ്വാസംവിധാനത്തെ, ശരിയായ ദിശയിലും ശരിയായ നേതൃത്വത്തിൻകീഴിലും വർഗ സമരങ്ങൾ വളർത്തി വികസിപ്പിച്ച് വിപ്ലവകരമായി നീക്കം ചെയ്യാനുള്ള പ്രക്രിയയെ തടയുന്നതിനുവേണ്ടിയാണ് ഈ തന്ത്രങ്ങൾ മെനയുന്നത്. അതുകൊണ്ട്, ഭരണവർഗത്തിന്റെ പിന്തുണയും പ്രചാരവും ലഭിക്കുന്ന, അധികാരമോഹികളായ രാഷ്ട്രീയ പാർട്ടികൾ ജാതി-വർഗീയ രാഷ്ട്രീയം അനുവർത്തിക്കുന്നു, പ്രത്യേകിച്ചും ബീഹാർ അടക്കമുള്ള വിശാലമായ വടക്കേ ഇന്ത്യയിൽ. മതിയായ വർഗബോധത്തിന്റെയും രാഷ്ട്രീയ വീക്ഷണത്തിന്റെയും അഭാവത്തിൽ, പണിയെടുത്തുജീവിക്കുന്ന സാധാരണക്കാർ ഇത്തരം ജാതി-വർഗീയ കാഴ്ചപ്പാടുകളാൽ സ്വാധീനിക്കപ്പെടുകയും അതിനനുസൃതമായ നിലപാട് സ്വീകരിക്കുകയും ചെയ്യും. ഇത്തരം സങ്കുചിതമായ നിലപാടുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി മുതലാളിവർഗം പല ജാതി-വർഗീയ പാർട്ടികൾക്കും രൂപം നൽകുന്നു. തങ്ങളുടെ ജാതിക്കും മതത്തിനും എതിരാണ് ഭരണം നടത്തുന്നവർ എന്ന് ദരിദ്ര ജനവിഭാഗങ്ങൾ കരുതുകയാണെങ്കിൽ, അവരുടെ ജാതിയിൽനിന്നോ മതത്തിൽനിന്നോ തന്നെയുള്ള ചില ആളുകളെ അവരുടെ നേതാക്കൾ എന്നനിലയിൽ വളർത്തിയെടുത്ത്, സ്വന്തം വർഗതാല്പര്യം സംരക്ഷിക്കുന്ന തന്ത്രവും മുതലാളിവർഗം പയറ്റും. ഈ നേതാക്കൾ മുതലാളിവർഗത്തിന്റെ ഒരു അനുബന്ധം എന്നനിലയിൽ എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ചുകൊണ്ട് അവരെ സേവിക്കുകയും അതേസമയം സ്വന്തം ജാതിയുടെ, സമുദായത്തിന്റെ രക്ഷകരായി നടിക്കുകയും ചെയ്യും, പ്രത്യേകിച്ചും പാർലമെന്ററി അധികാരത്തിൽ പങ്കുപറ്റാൻ അവസരമൊരുങ്ങുന്ന തെരഞ്ഞെടുപ്പ് വേളയിലും മറ്റും. ഇത്തരം നേതാക്കളെ നിരീക്ഷിച്ചാൽ അവർക്ക് അധികാരത്തിലും സ്ഥാനമാനങ്ങളിലും മാത്രമാണ് താല്പര്യമുള്ളത് എന്ന് നമുക്ക് മനസ്സിലാക്കാം. അവർക്ക് ഒരു തത്വവും ആദർശവുമില്ല. സ്വന്തം ജാതിയിലെ പാവങ്ങളുടെ ദൈന്യസ്ഥിതിയൊന്നും അവരെ സ്പർശിക്കുന്നതേ യില്ല. ഇവർക്ക് അധികാരത്തിൽ പങ്കുപറ്റാൻ അവസരം ലഭിക്കുമ്പോഴാകട്ടെ, കോൺഗ്രസും ബിജെപിയുമടക്കമുള്ള ഏതൊരു ബൂർഷ്വാ പാർടിയെയും പോലെ എല്ലാ മുതലാളിത്ത ജീർണതകൾക്കും ഇവർ ഇരയാകുന്നു. അഴിമതിയും ധനമോഹവും സ്വജനപക്ഷപാതവും അവസരവാദവുമെല്ലാം അതിവേഗം ഇവരെ കീഴടക്കുന്നു. ഇന്ന് ബീഹാറിൽ തെരഞ്ഞെടുക്കപ്പെട്ട എംഎൽഎമാരിൽ 68 ശതമാനവും ക്രിമിനൽ കേസുകളിൽ പ്രതികളാണ്. 2015ൽ ഇത് 58 ശതമാനമായിരുന്നു. കൊലപാതകം, തട്ടിക്കൊണ്ടുപോകൽ, സ്ത്രീകൾക്കുമേലുള്ള അതിക്രമം തുടങ്ങിയ കൊടും പാതകങ്ങളുടെ ഗണത്തിൽ പെടുന്ന കേസുകളിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണവും 40 ശതമാനത്തിൽനിന്ന് 51 ശതമാനമായി ഉയർന്നു. സത്യപ്രതിജ്ഞ ചെയ്ത് മൂന്നുദിവസത്തിനുള്ളിൽ വിദ്യാഭ്യാസ മന്ത്രി മേവലാൽ ചൗധരിക്ക് രാജി വയ്ക്കേണ്ടിവന്നു. കാർഷിക സർവകലാശാലയിലെ വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട അഴിമതികേസിലാണ് രാജി. അഴിമതി എത്ര ആഴത്തിൽ വേരോടിയിരിക്കുന്നു എന്ന് നോക്കുക. അതുപോലെതന്നെ പ്രാധാന്യത്തോടെ കാണേണ്ട മറ്റൊരു വിഷയം, ബീഹാർപോലെ ഒരു ദരിദ്ര സംസ്ഥാനത്ത് എംഎൽഎമാരിൽ 81 ശതമാനവും ശതകോടീശ്വരന്മാരാണ് എന്നതാണ്.

### അവസരവാദ ബൂർഷ്വാരാഷ്ട്രീയം

അവസരവാദത്തിന് അതിരില്ല. അധികാരത്തിനും സ്ഥാനമാനങ്ങൾക്കുംവേണ്ടി പാർട്ടിയും മുന്നണിയും മാറുന്നതിന് ഈ ജാതി-മത രാഷ്ട്രീയ പാർട്ടികളിലെ നേതാക്കൾക്ക് യാതൊരു മടിയുമില്ല. കുറെ നാൾമുമ്പ് ആർജെഡി-ജെഡിയു സഖ്യമായിരുന്നു. തുടർന്ന് ജെഡിയു ഈ സഖ്യം വിട്ട് അന്നുവരെ വർഗീയപാർട്ടി എന്ന് വിളിച്ചിരുന്ന ബിജെപിയോടൊപ്പം ചേർന്നു. ജിതൻ റാം മഞ്ചി എന്ന വിമത ജെഡിയു നേതാവ് ഹിന്ദുസ്ഥാനി അവാമി മോർച്ച എന്നൊരു പാർട്ടിയുണ്ടാക്കി എൻഡിഎയുമായി ചേർന്ന് കുറച്ചുനാൾ മുഖ്യമന്ത്രിയായി. ഇദ്ദേഹം താഴ്ന്ന ജാതിയുടെ നേതാവാണ് എന്നാണ് അവകാശപ്പെടുന്നത്. ആർജെഡിയും ജെഡിയുവും താഴ്ന്ന ജാതിക്കാരുടെ പാർട്ടികളെന്ന് അവകാശപ്പെടുന്നവരാണ്. ഇവർ മതന്യൂനപക്ഷങ്ങളുടെ പിന്തുണയും അവകാശപ്പെടുന്നു. റാംവിലാസ് പസ്വാൻ കോൺഗ്രസ് നേതൃത്വത്തിലുള്ള കേന്ദ്ര യുപിഎ സർക്കാരിൽ അംഗമായിരുന്നു. തുടർന്ന് എൻഡിഎ അധികാരത്തിലെത്തിയപ്പോഴും മന്ത്രിസഭയിൽ അദ്ദേഹമുണ്ട്. അദ്ദേഹത്തിന്റെ മകൻ ചിരാഗ് ബിജെപിയോടൊപ്പവും ജെഡിയുവിന് എതിരും ആയിരുന്നു. യുപിയിൽ മായാവതി കയ്യാളുന്നത് കടുത്ത സവർണവിരുദ്ധരാഷ്ട്രീയമാണ്. എന്നാൽ സവർണ-ബ്രാഹ്മണ വിഭാഗത്തിന്റെ പിന്തുണയുള്ള ബിജെപിയുടെ സഹായത്തോടെ അധികാരത്തിലെത്താൻ അവർക്ക് ഒരു മടിയുമുണ്ടായില്ല. കസേര കിട്ടുമെന്നായപ്പോൾ അവരുടെ ദലിത് രാഷ്ട്രീയമൊക്കെ അപ്രത്യക്ഷമായി. അതുകൊണ്ട് ആര് ആരുടെകൂടെ, ആർക്കെതിര് എന്നൊന്നും പെട്ടെന്ന് പിടികിട്ടില്ല. ജാതിരാഷ്ട്രീയത്തിൽത്തന്നെ കൂടുതൽ മോശപ്പെട്ട ഒരു കളിയാണ് ജെഡിയു കളിച്ചത്. അവർ ദലിതരെത്തന്നെ രണ്ടായി വിഭജിച്ച് മഹാദലിത് എന്നൊരു വിഭാഗത്തെ സൃഷ്ടിച്ച് 20 പട്ടിക ജാതികളെ കൂട്ടിയോജിപ്പിച്ചു. അതുപയോഗിച്ച് തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കി. ബിജെപിയാകട്ടെ സവർണ വിഭാഗത്തിന്റെ പാർട്ടിയായാണ് അറിയപ്പെടുന്നത്. വളരെ ശ്രദ്ധാപൂർവ്വം അവർ വളർത്തിയെടുത്ത വോട്ടുബാങ്കാണ് അത്. അതിനെ കൂടുതൽ വിപുലപ്പെടുത്താനായി താഴ്ന്ന ജാതികൾക്കിടയിലെ മേൽപ്പറഞ്ഞ കൃത്രിമ വിഭജനത്തെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അവരും ഉപയോഗപ്പെടുത്തി. സമ്പന്ന വിഭാഗത്തിൽനിന്നുള്ള രാഷ്ട്രീയ നേതാവായ അസദുദീൻ ഒവൈസി ബീഹാർ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തീരുമാനിച്ചതായിരുന്നു മറ്റൊരു കാര്യം. ഭരണ വർഗത്തിന്റെ പിന്തുണ ഈ തീരുമാനത്തിന് പിന്നിലുണ്ടെന്ന് വ്യക്തമായിരുന്നു. ബിജെപി ഈ നീക്കത്തെ സ്വാഗതം ചെയ്തു. കാരണം, ആർജെഡിയുടെ മുസ്ലീം പിന്തുണയിൽ ഇത് വിള്ളലുണ്ടാക്കുമെന്ന് അവർ കണക്കുകൂട്ടി. ഇങ്ങനെയാണ് പല വകഭേദങ്ങളിലുള്ള ജാതി-വർഗീയ ഘടകങ്ങൾ ബീഹാർ തെരഞ്ഞെടുപ്പിൽ മേൽകൈ നേടിയത്.

> സിപിഐ(എം)ഉം കൂട്ടരും ബൂർഷ്വാ വോട്ടുരാഷ്ട്രീയത്തിൽമാത്രമാണ് അഭയം കണ്ടെത്തുന്നത്. കോൺഗ്രസ് അടക്കമുള്ള ഏതൊരു ബൂർഷ്വാ പാർടിയുമായും ജാതിയുടെയും പ്രാദേശിക വാദത്തിന്റെയുമൊക്കെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പാർടികളുമായിപ്പോലും കൈകോർത്ത് ഏതാനും സീറ്റുകൾ തരപ്പെടുത്തുക എന്ന അവസരവാദ നിലപാടാണ് അവർക്കിപ്പോഴുള്ളത്. ഇന്നുവരെ മുതലാളിവർഗത്തിന്റെ വിശ്വസ്ത രാഷ്ട്രീയ സംഘടനയായിരുന്ന കോൺഗ്രസിനെ അവർ ജനാധിപത്യ-മതേതര കക്ഷിയായി വാഴ്ത്തുന്നു.

ഇതിനുപുറമെ പണത്തിന്റെ ഒഴുക്കുമുണ്ടായി. വൻകിട കുത്തകകളുടെ നിർലോഭമായ പിന്തുണയുള്ള ബിജെപി ഇക്കാര്യത്തിൽ മറ്റെല്ലാവരെക്കാളുംമുമ്പിലായിരുന്നു. ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ ചർച്ചയായാൽ അത് തിരിച്ചടിയാകും എന്നുള്ളതുകൊണ്ട് അത് ഒരു തരത്തിലും ചർച്ച ചെയ്യപ്പെടാതിരിക്കാൻ ബിജെപി പ്രത്യേകം ശ്രദ്ധ പുലർത്തി. പണവും കയ്യൂക്കും മാദ്ധ്യമ പിന്തുണയുമൊക്കെ തെരഞ്ഞടുപ്പ് വിജയത്തിനായി അവർ വേണ്ടുവോളം ഉപയോഗിക്കാറുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങളെല്ലാം മൂടിവച്ച് കേന്ദ്രസർക്കാരിന്റെ "നേട്ടങ്ങൾ" അവതരിപ്പിച്ചുകൊണ്ടും ഭരണവർഗവും അതിനെ സേവിക്കുന്ന മാദ്ധ്യമങ്ങളും കെട്ടിയെഴുന്നള്ളിക്കുന്ന പ്രധാനമന്ത്രിയുടെ മേന്മകൾ വാഴ്ത്തിക്കൊണ്ടുമാണ് അവർ പ്രചാരണം നടത്തിയത്. 370-ാം വകുപ്പ് റദ്ദാക്കിയത്, പുൽവാമ സർജിക്കൽ സ്ട്രൈക്ക്, നോട്ടുനിരോധനം, ജിഎസ്ടി, രാമക്ഷേത്ര നിർമാണം, ഹൈവേ പദ്ധതി തുടങ്ങിയ നേട്ടങ്ങളൊക്കെ അവതരിപ്പിക്കാനായി പ്രധാനമന്ത്രിതന്നെ നിരവധി റാലികളിൽ പ്രസംഗിച്ചു. ഇവയൊക്കെ കടുത്ത കുത്തകാനുകൂല നടപടികളായിരുന്നു എന്ന് നമുക്കറിയാം. ബീഹാറിലെ ജനങ്ങൾക്ക് കോവിഡ് വാക്സിൻ സൗജന്യമായി നൽകുമെന്ന വാഗ്ദാനവും അദ്ദേഹം നൽകി. ഏതൊരു പരിഷ്കൃത ഗവണ്മെന്റും അങ്ങനെയല്ലേ ചെയ്യേണ്ടത് എന്ന ചോദ്യം ഇവിടെ അവശേഷിക്കുന്നു. രാമക്ഷേത്രനിർമാണം, 370-ാം വകുപ്പ് റദ്ദാക്കൽ, ഇന്ത്യാ-പാക് അതിർത്തിയിലെ സംഘർഷങ്ങൾ തുടങ്ങിയവയൊക്കെ ചർച്ചചെയ്ത് ഹിന്ദു വർഗീയവികാരം ഇളക്കാനും അവർ മറന്നില്ല.

അടുത്തിടെയായി ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളിൽ പ്രകടമായി കാണുന്ന ഒരു കാര്യമുണ്ട്. തെരഞ്ഞെടുപ്പിലൂടെ ഭരിക്കുന്നവർ മാറുന്നതേയുള്ളൂ, തങ്ങളുടെ അവസ്ഥയ്ക്ക് മാറ്റമൊന്നും ഉണ്ടാകുന്നില്ല എന്ന വസ്തുതയുമായി സാധാരണ ജനങ്ങൾ പൊരുത്തപ്പെട്ടിരിക്കുന്നു എന്നതാണത്. അത് ജയിച്ചാലും തോറ്റാലും അവർക്ക് വിഷയമല്ല. ഇലക്ഷൻ വാഗ്ദാനങ്ങളൊക്കെ വെറും തട്ടിപ്പാണെന്ന് ഒരിക്കൽ അമിത് ഷാതന്നെ സ്വകാര്യമായി പറഞ്ഞിട്ടുള്ളതാണ്. എന്നാൽ തെരഞ്ഞെടുപ്പിനുമുമ്പ് പാർലമെന്ററി പാർടികൾ ധാരാളം പണവുമായെത്തും. വിരുന്നുകൾ നൽകും. അത് സ്വീകരിച്ച് അവർക്ക് വോട്ടുചെയ്യുക എന്നതാണ് ചെയ്യുന്നത്. പാറ്റ്ന കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ചന്ദ്രഗുപ്ത പ്രബന്ധൻ സൻസ്ഥാൻ എന്ന സംഘടന ബീഹാറിലെ 11 ജില്ലകളിലായി 25 മണ്ഡലങ്ങളിൽ ഒരു സർവേ നടത്തി. അതിൽ കണ്ടെത്തിയത് 20 ശതമാനംപേരും പണമോ മദ്യമോ ഒക്കെ കൈപ്പറ്റി വോട്ടുചെയ്യുന്നവരാണ് എന്നത്രെ. കോർപ്പറേറ്റുകൾ അകമഴിഞ്ഞ് സഹായിക്കുന്ന ബിജെപിയാണ് ആർഎസ്എസ് പ്രവർത്തകരിലൂടെ വോട്ട് വിലയ്ക്കെടുക്കുന്നതിൽ മുന്നിൽ. ബിജെപിയുടെ തെരഞ്ഞെടുപ്പ് നേട്ടങ്ങളിലെ തുരുപ്പുചീട്ടായ 'മോദി മാജിക്' നുപിന്നിലുള്ള രഹസ്യമിതാണ്. അതോടൊപ്പം സർ

(ശേഷം 8-ാം പേജിൽ)

# വർഗ്ഗ–ബഹുജന സമരങ്ങളുടെ മൂശയിലാണ് ഇടതുപക്ഷ രാഷ്ട്രീയം കരുത്താർജിക്കുന്നത്

**ബീഹാർ തെരഞ്ഞെടുപ്പ്**

> **ബിജെപി ഫാസിസ്റ്റ് ദ്രംഷ്ടകൾ പുറത്തെടുക്കുകയാണ്. കോൺഗ്രസ്സാകട്ടെ കുത്തഴിഞ്ഞ് കിടക്കുന്നു. പ്രാദേശിക പാർട്ടികൾക്ക് ഒരു യോജിച്ച നിലപാടിലെത്താൻ കഴിയുന്നുമില്ല. ഈ സാഹചര്യത്തിൽ, ഇടതുപക്ഷ ശക്തികളെയാകെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു യഥാർത്ഥ ഇടതുപക്ഷ ബദൽ പടുത്തുയർത്തുകയാണ് അടിയന്തരാവശ്യകത. അതൊരു തെരഞ്ഞെടുപ്പ് കൂട്ടുകെട്ടല്ല. യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയത്തെ അടിസ്ഥാനമാക്കി വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാനും ശക്തിപ്പെടുത്താനും ഉദ്ദേശിച്ചുള്ള ഉറച്ച ഐക്യമാണ്.**

(7–ാം പേജിൽ നിന്ന്)

ക്കാർവിരുദ്ധ വികാരം ജെഡിയുവിനെതിരെ മാത്രം തിരിച്ചുവിടുകയെന്ന കൗശലവും അവർ പ്രയോഗിച്ചു. അങ്ങനെ സംസ്ഥാനത്ത് ശക്തമായ സ്വാധീനമുറപ്പിക്കാൻ കഴിഞ്ഞു. ഇതാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. മഹാസഖ്യത്തിന്റെ ആക്രമണങ്ങളെല്ലാം ജെഡിയുവിൽ കേന്ദ്രീകരിച്ചപ്പോൾ ബിജെപി എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചുകൊണ്ട്, എല്ലാ ഹീനതന്ത്രങ്ങളും പയറ്റിക്കൊണ്ട്, പണച്ചാക്കുകളുടെ പിന്തുണയോടെ നേട്ടം കൊയ്തു.

## മഹാസഖ്യത്തിലെ ഇടതുപക്ഷ കക്ഷികൾ

സിപിഐ, സിപിഐ(എം), സിപിഐ(എംഎൽ)ലിബറേഷൻ എന്നീ ഇടതെന്നറിയപ്പെടുന്ന ഘടകകക്ഷികൾക്ക് 16 സീറ്റുകൾ കിട്ടി. ലിബറേഷന് മാത്രം 12 സീറ്റുകൾ. ഇടതുപോരാട്ടത്തിന്റെ തിളങ്ങുന്ന വിജയമെന്ന് പലരും ഇതിനെ വാഴ്ത്തി. എന്നാൽ ചില സുപ്രധാന കാര്യങ്ങൾ കണ്ടില്ലെന്ന് നടിക്കാനാവില്ല. സിപിഐ(എം)ഉം കൂട്ടരും ബൂർഷ്വാ വോട്ടുരാഷ്ട്രീയത്തിൽ മാത്രമാണ് അഭയം കണ്ടെത്തുന്നത് എന്നതാണ് സ്ഥിതി. കോൺഗ്രസ് അടക്കമുള്ള ഏതൊരു ബൂർഷ്വാ പാർടിയുമായും ജാതിയുടെയും പ്രാദേശിക വാദത്തിന്റെയുമൊക്കെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പാർടികളുമായിപ്പോലും കൈകോർത്ത് ഏതാനും സീറ്റുകൾ തരപ്പെടുത്തുക എന്ന അവസരവാദ നിലപാടാണ് അവർക്കിപ്പോഴുള്ളത്. ഇന്നുവരെ മുതലാളിവർഗത്തിന്റെ വിശ്വസ്ത രാഷ്ട്രീയസംഘടനയായിരുന്ന കോൺഗ്രസിനെ അവർ ജനാധിപത്യ-മതേതര കക്ഷിയായി വാഴ്ത്തുന്നു. ബാബറി മസ്ജിദിന്റെ പൂട്ട് തുറന്നതും പല വർഗീയ കലാപങ്ങളും ആസൂത്രണം ചെയ്തതും അടിയന്തരാവസ്ഥ അടിച്ചേൽപിച്ചതും നിരവധി കരിനിയമങ്ങൾ ആവിഷ്കരിച്ചതും ആഗോളീകരണ നയങ്ങൾക്ക് തുടക്കം കുറിച്ചതുമൊക്കെ കോൺഗ്രസ് ആണെന്ന കാര്യം ജനങ്ങൾ മറക്കണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. 2017ൽ ലല്ലുപ്രസാദ് യാദവ് കാലിത്തീറ്റ കുംഭകോണ കേസിൽ ശിക്ഷിക്കപ്പെട്ടപ്പോൾ അതിനെ സ്വാഗതം ചെയ്തുവെങ്കിലും ഇന്ന് അഴിമതിക്കെതിരെ പൊരുതാൻ അതേ ആർജെഡിയോട് ചങ്ങാത്തം കൂടാൻ അവർക്കൊരു മടിയുമില്ല. ഒരു രാജ്യസഭാസീറ്റിനുവേണ്ടി സിപിഐ ജനറൽ സെക്രട്ടറി ഡി.രാജ തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജയലളിതയുടെ വീട്ടുപടിക്കൽ പോയകാര്യം ആർക്കാണറിയാത്തത്! (ഇക്കണോമിക് ടൈംസ്, 17-6-2013) നക്സലൈറ്റുകളിൽനിന്ന് പുറത്തുവന്ന ഒരു ഗ്രൂപ്പായ സിപിഐ(എംഎൽ) ലിബറേഷനും ഇക്കാര്യത്തിൽ വ്യത്യസ്തരല്ല. അവർ ഒരുകാലത്ത് തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചിരുന്നു. പാർലമെന്റിനെ പന്നിക്കൂടെന്നും തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നവരെ ബൂർഷ്വാ- ഭൂപ്രഭുവർഗത്തിന്റെ പിണിയാളുകളെന്നുമാണ് അന്നവർ വിശേഷിപ്പിച്ചത്. മഹാനായ മാവോസെതുങ്ങിന്റെ വാക്കുകൾ അന്നവർ ചെവിക്കൊള്ളാൻ തയ്യാറായില്ല. മാവോ പറഞ്ഞു: "ചില സഖാക്കൾ വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ സാഹചര്യങ്ങൾ അവഗണിച്ചുകൊണ്ട് വിപ്ലവപരമായ വീണ്ടുവിചാരമില്ലായ്മ എന്ന വ്യാധിക്ക് ഇരയാകുന്നു. ജനങ്ങൾക്കിടയിൽ സൂക്ഷ്മവും വിപുലവുമായ പ്രവർത്തനങ്ങൾ നടത്താൻ അവർ മിനക്കെടില്ല. പകരം, ഒരു മിഥ്യാബോധത്തിന്റെ മായിക വലയത്തിലപ്പെട്ട് എപ്പോഴും വലിയ കാര്യങ്ങൾ മാത്രം ചെയ്യുന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കും. ഇത് ഒരുതരം അട്ടിമറി സിദ്ധാന്തത്തിന്റെ അവശേഷിപ്പാണ്. (അതായത് ഒരു സംഘം ആളുകളെ മാത്രം ആശ്രയിച്ച് നിരവധി പ്രാദേശിക വിപ്ലവങ്ങൾ നടത്താൻ ശ്രമിക്കൽ). (തെരഞ്ഞെടുത്ത കൃതികൾ,വോള്യം 2, പേജ് 107) "മുതലാളിത്ത രാജ്യങ്ങളിൽ തൊഴിലാളിവർഗ പാർടിയുടെ ദൗത്യം തൊഴിലാളികളെ ആശയപരമായി സജ്ജരാക്കുകയും ദീർഘകാലത്തെ നിയമവിധേയ സമരങ്ങളിലൂടെ കരുത്താർജിക്കുകയും മുതലാളിത്തത്തെ തുത്തെറിയാനുള്ള അന്തിമ പോരാട്ടത്തിന് തയ്യാറെടുക്കുകയുമാണ്.... ബൂർഷ്വാസി യഥാർത്ഥത്തിൽ നിസ്സഹായാവസ്ഥയിലാകുന്നതുവരെ വിപ്ലവമോ യുദ്ധമോ ആരംഭിക്കരുത്.... അതിന് സമയം പക്വമാകുമ്പോഴാകട്ടെ ആദ്യ ചുവടുവയ്പ്പ് നഗരങ്ങൾ പിടിച്ചെടുക്കാനും തുടർന്ന് ഗ്രാമങ്ങളിലേയ്ക്ക് മുന്നേറാനുമായിരിക്കണം, മറിച്ചാകരുത്." (യുദ്ധത്തിന്റെയും തന്ത്രത്തിന്റെയും പ്രശ്നങ്ങൾ, തെരഞ്ഞെടുത്ത കൃതികൾ, വോള്യം 2, പേജ് 219)

പിന്നീട് സിപിഐ(എംഎൽ) ലിബറേഷൻ കുട്ടിക്കരണം മറിഞ്ഞ് പാർലമെന്ററി വോട്ട് രാഷ്ട്രീയത്തിൽ കടന്നുകയറി. തെരഞ്ഞെടുപ്പ് ലാക്കാക്കി ബൂർഷ്വാ ചേരിയിൽ പുതിയ ചങ്ങാതിമാരെയും കണ്ടെത്തി. ഏതാനും വർഷംമുമ്പ് അവർ പറഞ്ഞു: "ഇന്ത്യൻ രാഷ്ട്രീയം കുംഭകോണങ്ങൾ നിറഞ്ഞതായിരിക്കുന്നു. കാലിത്തീറ്റ കുംഭകോണം ഇവർ മാതൃകയാക്കുകയാണ്. എന്നാൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കുംഭകോണങ്ങൾ 1980കളിലെ ബോഫോഴ്സ് കുംഭകോണത്തെയും 1990കളിലെ കാലിത്തീറ്റ കുംഭകോണത്തെയും അപേക്ഷിച്ച് ഏറെ ഭീമമായതാണ്. ഇവിടെ ജനങ്ങളുടെ ഇടപെടൽ അനിവാര്യമായിരിക്കുന്നു. 2ജി സ്പെക്ട്രം, കൽക്കരി കുംഭകോണം പോലുള്ളവ പൊതുഖജനാവിന് വളരെ വലിയ നഷ്ടമാണ് വരുത്തിവച്ചിട്ടുള്ളത്. കാലിത്തീറ്റ കുംഭകോണത്തിന്റെ പേരിൽ ജഗന്നാഥ് മിശ്രയെയും ലാലുപ്രസാദിനെയും പ്രതിക്കൂട്ടിൽ നിർത്താമെങ്കിൽ, വമ്പൻ അഴിമതികൾ മുഖമുദ്രയാക്കിയ യുപിഎ ഭരണത്തിന് നേതൃത്വം നൽകിയ മൻമോഹൻസിംഗിന് ആ അഴിമതികളുടെ ഉത്തരവാദിത്തം കൈയൊഴിയാനാകില്ല...ആർജെഡി, ജെഡിയു, കോൺഗ്രസ്സ്, ബിജെപി നേതാക്കളൊക്കെ ഒരേ അഴിമതി ക്ലബ്ബിലെ അംഗങ്ങളാണെന്ന് വിളിച്ചോതുന്നു എന്ന വലിയ രാഷ്ട്രീയ പ്രാധാന്യം കൂടെയുണ്ട് കാലിത്തീറ്റ കുംഭകോണകഥയ്ക്ക്."

ഈ തെരഞ്ഞെടുപ്പിന് മുമ്പ് ആർജെഡിയും സിപിഐ(എംഎൽ)ലിബറേഷനും ശത്രുതാപരമായ നിലപാടിലായിരുന്നു. എന്നാൽ ഇപ്പോൾ സിപിഐ (എംഎൽ) ലിബറേഷൻ മറുകണ്ടം ചാടി കോൺഗസ്സ്, ആർജെഡി, സിപിഐ, സിപിഐ(എം) എന്നിവരുടെ ഉറ്റചങ്ങാതി ആയി മാറിയിരിക്കുന്നു. എന്നുമാത്രമല്ല, "ജാതി എന്നാൽ വർഗ്ഗംതന്നെ" എന്നുപറഞ്ഞുകൊണ്ട് ജാതിശ്രേണി നിലനിൽക്കുന്ന ഇന്ത്യൻ സമൂഹത്തിൽ വർഗ്ഗസമരത്തെ സംബന്ധിച്ച് വളരെ തെറ്റായ ധാരണ പ്രചരിപ്പിക്കുകയും ചെയ്യുന്നു. ലളിതവത്കൃതമായ ഈ ആശയം പേറുന്നതിലൂടെ ജാതിപാർട്ടികളുമായി ചങ്ങാത്തം കൂടുന്നതിനും ഇടതുപക്ഷ മുദ്രാവാക്യങ്ങളുടെ മറപറ്റി ജാതിരാഷ്ട്രീയം കളിക്കുന്നതിനും ന്യായീകരണം കണ്ടെത്തുകയാണ് അവർ.

## സാഹചര്യം ആവശ്യപ്പെടുന്നത് എന്ത്

ബിജെപി ഫാസിസ്റ്റ് ദ്രംഷ്ടകൾ പുറത്തെടുക്കുകയാണ്. കോൺഗ്രസ്സാകട്ടെ കുത്തഴിഞ്ഞ് കിടക്കുന്നു. പ്രാദേശിക പാർട്ടികൾക്ക് ഒരു യോജിച്ച നിലപാടിലെത്താൻ കഴിയുന്നുമില്ല. ഈ സാഹചര്യത്തിൽ, ഇടതുപക്ഷ ശക്തികളെയാകെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു യഥാർത്ഥ ഇടതുപക്ഷ ബദൽ പടുത്തുയർത്തുകയാണ് അടിയന്തരാവശ്യകത. അതൊരു തെരഞ്ഞെടുപ്പ് കൂട്ടുകെട്ടല്ല. യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയത്തെ അടിസ്ഥാനമാക്കി വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാനും ശക്തിപ്പെടുത്താനും ഉദ്ദേശിച്ചുള്ള ഉറച്ച ഐക്യമാണ്. മഹാനായ ലെനിൻ പറഞ്ഞത്, വർഗ്ഗ-ബഹുജന സമരങ്ങളുടെ മൂശയിലൂടെയാണ് ഇടതുപക്ഷീയത കരുത്താർജ്ജിക്കുന്നത് എന്നത്രെ! അത്തരമൊരു സമരം വികസിച്ചുവരുമ്പോൾ അതിന്റെ ഭാഗമായി, ഇടതുപക്ഷ തത്വങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിലും മത്സരിക്കാം. മഹാനായ ലെനിന്റെയും മഹാനായ മാവോയുടെയും പാഠങ്ങൾ പിന്തുടർന്നുകൊണ്ട് എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽസെക്രട്ടറിയും സമുന്നത മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷ് ഈ വിഷയം വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: "സമരം നടത്തുന്ന രീതിയും അതിന്റെ അടവുകളും, മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും പിന്തുടരുന്ന സംഘടനാതത്വങ്ങൾ, തെരഞ്ഞെടുപ്പ് സംബന്ധിച്ച കാഴ്ചപ്പാട്, വിജയം കൈവരിക്കാനായി കൈക്കൊള്ളുന്ന നിലപാടുകൾ അല്ലെങ്കിൽ പരാജയത്തോടുള്ള സമീപനം എന്നിവയൊക്കെ നിർണ്ണയിക്കുന്നത് വിപ്ലവപ്രസ്ഥാനം ഏത് ഘട്ടത്തിലാണെന്നതും രാജ്യത്തെ ജനങ്ങളുടെ ബോധനിലവാരവും കണക്കിലെടുത്തുകൊണ്ടാകണം. എവ്വിധവും കൂടുതൽ സീറ്റുകൾ നേടി അധികാരക്കസേര തരപ്പെടുത്തുക എന്നതായിരിക്കും ബൂർഷ്വാ പാർട്ടികളുടെ ലക്ഷ്യം... നേരെമറിച്ച് തൊഴിലാളിവർഗ്ഗപ്പാർട്ടി തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത്, വിപ്ലവലക്ഷ്യബോധത്തോടെയും ജനങ്ങളോടൊപ്പം നിലകൊള്ളുകയെന്ന ആവശ്യകതയുടെ സമ്മർദ്ദത്താലും ബഹുജനവിപ്ലവ രാഷ്ട്രീയ ലൈൻ പിന്തുടർന്നുകൊണ്ടും ആയിരിക്കും. അവരും സീറ്റുകൾ നേടാൻ പരമാവധി ശ്രമിക്കും. എന്നാൽ എവ്വിധവും സീറ്റുകൾ നേടുക എന്നതാവില്ല ലക്ഷ്യം. ഒരു ബഹുജന വിപ്ലവലൈൻ പിന്തുടർന്നുകൊണ്ട് എങ്ങനെ തെരഞ്ഞെടുപ്പ് പോരാട്ടം നടത്താം എന്ന് ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നതിലായിരിക്കും ഒരു വിപ്ലവപാർട്ടി ശ്രദ്ധയൂന്നുക. അതിലൂടെ കൂടുതൽ സീറ്റുകൾ നേടാനായാൽ വളരെ നല്ലത്. ഒരു സീറ്റും കിട്ടിയില്ലെങ്കിലും കുഴപ്പമില്ല." (തൊഴിലാളി പ്രക്ഷോഭത്തിൽ ഐക്യം കാത്തുസൂക്ഷിക്കുന്നതിനെയും വിപ്ലവനേതൃത്വം സ്ഥാപിച്ചെടുക്കുന്നതിനെയും സംബന്ധിച്ച്, തെരഞ്ഞെടുത്ത കൃതികൾ, വാല്യം 4)

ബീഹാറിലെ തെരഞ്ഞെടുപ്പ് ഫലം ഉൾക്കാഴ്ചയോടെ വിശകലനം ചെയ്യുമ്പോൾ തൊഴിലാളിവർഗ്ഗത്തിന്റെ മഹാന്മാരായ ആചാര്യന്മാരുടെ സുപ്രധാനമായ ചില പാഠങ്ങൾ ഞങ്ങൾ ഓർമ്മിപ്പിക്കുകയാണ്. എന്തുകൊണ്ടെന്നാൽ ശരിയായ ഇടതുപക്ഷ രാഷ്ട്രീയവും അതിന്റെ പ്രാധാന്യവും ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കുകയും മതിയായ രാഷ്ട്രീയ അവബോധം പകർന്നുനൽകുകയും വേണം. ദുരിതം അനുഭവിക്കുന്ന ജനലക്ഷങ്ങൾ പാർലമെന്ററി വ്യാമോഹത്തിൽ കുടുങ്ങിപ്പോകാതെ വിമോചനത്തിലേയ്ക്കുള്ള ശരിയായ പാതയിലൂടെ മുന്നേറുന്നു എന്ന് ഉറപ്പാക്കുകയുംവേണം. ഈ കാഴ്ചപ്പാടോടെ ഇടതുപക്ഷ പാർട്ടികളോട്, കോൺഗ്രസ്സ്-ആർജെഡി ചങ്ങാത്തം ഉപേക്ഷിച്ച് മുന്നോട്ടുവരാനും തെരഞ്ഞെടുപ്പിനെ ഒരു ഇടതുപക്ഷ ബദൽ എന്ന നിലയിൽ അഭിമുഖീകരിക്കാനായി ഇടതുപക്ഷ ശക്തികളുടെ സമരൈക്യം കെട്ടിപ്പടുക്കാനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആവർത്തിച്ച് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ ഈ അഭ്യർത്ഥന തള്ളിക്കളഞ്ഞ് സിപിഐ, സിപിഐ(എം), സിപിഐ(എംഎൽ)ലിബറേഷൻ പാർട്ടികൾ ബൂർഷ്വാ പാർലമെന്ററിസത്തിന്റെ അവസരവാദ നിലപാട് സ്വീകരിച്ചുകൊണ്ട് ജീർണ്ണമായ ഈ വ്യവസ്ഥയുടെ ഭാഗമായി മാറിയിരിക്കുകയാണ്. അതിനാൽ യഥാർത്ഥ ഇടതുപക്ഷീയതയുടെ കൊടിക്കൂറ ഉയർത്തിപ്പിടിച്ചുകൊണ്ട് സ്വന്തം നിലയിൽ തെരഞ്ഞെടുപ്പിനെ നേരിടുവാൻ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തീരുമാനിച്ചു. എന്നാൽ ഈ പാർട്ടികളോട് ഇടതുപക്ഷ സമരൈക്യം ഊട്ടിയുറപ്പിക്കാനും ജനതാൽപര്യം ഉയർത്തിപ്പിടിക്കാനും ഉതകുന്ന നിലപാടെടുക്കാൻ ഒരിക്കൽക്കൂടി ഞങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ■

# ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിന്റെ പടയൊരുക്കം വിളംബരം ചെയ്ത പൊതുപണിമുടക്ക്

ജനങ്ങൾ കോവിഡിനേയും വറുതിയേയും നേരിടുന്ന നാളുകളിലും ജനവിരുദ്ധ നയങ്ങളുടെ ആഘോഷം നടത്തുന്ന നരേന്ദ്ര മോദി സർക്കാറിന് ശക്തമായ മുന്നറിയിപ്പ് നൽകുന്നതായിരുന്നു നവംബർ 26 ന്റെ അഖിലേന്ത്യാ പൊതുപണിമുടക്ക്. ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തോടൊപ്പം കർഷകരും കർഷക തൊഴിലാളികളും അണിനിരന്നപ്പോൾ അത് ബി.ജെ.പി സർക്കാറിന്റെ ജനദ്രോഹ നയങ്ങൾക്കെതിരായ വൻ പടയൊരുക്കമായി മാറി.

ആർ.എസ്.എസ് രാഷ്ട്രീയനേതൃത്വം നൽകുന്ന ബി.എം.എസ് ഒഴികെയുള്ള 10 കേന്ദ്ര ട്രേഡ് യൂണിയനുകളും വിവിധ സ്വതന്ത്ര ഫെഡറേഷനുകളും ചേർന്ന് സംയുക്തമായി ആഹ്വാനം ചെയ്ത ഈ പൊതുപണിമുടക്ക് മോദി സർക്കാരിനെതിരെ നടക്കുന്ന ആറാമത്തെ പൊതുപണിമുടക്കാണ്. 25 കോടിയിൽപരം തൊഴിലാളികൾ ഈ പണിമുടക്കിൽ പങ്കുകൊണ്ടതായാണ് റിപ്പോർട്ടുകൾ. കൂടാതെ, രാജ്യത്തെ കർഷകരും പണിമുക്കിന് ഐക്യദാർഢ്യവുമായി രംഗത്തിറങ്ങിയത് അഭൂതപൂർവ്വമായ സംഭവമായി മാറി. നഗരത്തിലേയും ഗ്രാമത്തിലേയും തൊഴിൽരംഗം ഒരുപോലെ നിശ്ചലമായി.



എഐയുറ്റിയുസി സംസ്ഥാനസെക്രട്ടറി വി.കെ.സദാനന്ദൻ കോഴിക്കോട്ട് സംയുക്ത ട്രേഡ് യൂണിയൻ ധർണയിൽ പ്രസംഗിക്കുന്നു

സംയുക്ത ട്രേഡ് യൂണിയൻ സമിതി പണിമുടക്കിന് ആധാരമായി മുമ്പോട്ട് വച്ച ഏഴ് ഡിമാന്റുകളും ജനങ്ങൾ ഒന്നടങ്കം ഏറ്റുവിളിക്കുന്ന അവസ്ഥയുണ്ടായി. കാരണം, അത് അവരുടെ ജീവിതപ്രയാസങ്ങളെ പ്രതിനിധാനം ചെയ്യുന്നവയായിരുന്നു. വിവിധ തൊഴിൽ മേഖലകളികളിൽ പണിയെടുക്കുന്ന തൊഴിലാളികൾ സ്വമേധയാ പണിമുടക്കാൻ തയ്യാറായി.

പശ്ചിമ ബംഗാൾ, ഒഡീഷ, ആന്ധ്ര, തെലങ്കാന, കർണ്ണാടക, കേരളം, തമിഴ്നാട്, പോണ്ടിച്ചേരി, മഹാരാഷ്ട്ര, ഹരിയാന, പഞ്ചാബ്, ഡൽഹി, യു.പി, തൃപുര, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം പണിമുടക്ക് സമ്പൂർണ്ണമായിരുന്നു. കൽക്കരി, എണ്ണ, സ്റ്റീൽ, സിമന്റ്, ടെലികോം, വൈദ്യുതി, മോട്ടോർ ട്രാൻസ്പോർട്ട്, ബാങ്ക്, ഇൻഷ്വറൻസ്, പോസ്റ്റൽ തുടങ്ങിയ മേഖലകളെല്ലാം രാജ്യത്ത് സ്തംഭിക്കുകയുണ്ടായി. സർക്കാർ ഓഫീസ്സുകളും ഡിപ്പാർട്ട്മെന്റുകളും അടഞ്ഞുകിടന്നു.

കേരളത്തിൽ, കെഎസ്ഇബി, കെഎസ്ആർടിസി, ബിപിസിഎൽ, കെഎംഎംഎൽ, എച്ച്എംടി, ഐആർഇ, എഫ്എസിടി തുടങ്ങിയവയും പാലക്കാട്ടെ വ്യവസായ മേഖലയും സമ്പൂർണ്ണ പണിമുടക്കിലായിരുന്നു. കശുവണ്ടി, മത്സ്യം, കയർ, കൈത്തറി, തുടങ്ങിയ പരമ്പരാഗത മേഖലയും പൂർണ്ണമായും സ്തംഭിച്ചു. തോട്ടം തൊഴിലാളികൾ ഒന്നടങ്കം പണിമുടക്കി. നിർമ്മാണം, ഷോപ്പ്സ്, മോട്ടോർ ട്രാൻസ്പോർട്ട്, സ്കീം വർക്കേഴ്സ്, ഗാർഹിക തൊഴിൽ, തൊഴിലുറപ്പ്, തെരുവ് കച്ചവടം തുടങ്ങിയ അസംഘടിത മേഖലകളും ഒറ്റക്കെട്ടായി പണിമുടക്കിൽ അണിനിരക്കുകയുണ്ടായി. സംസ്ഥാനത്തെ കർഷകരും കർഷകതൊഴിലാളികളും ഈ പണിമുടക്കിനെ സ്വന്തം പ്രക്ഷോഭണമായി ഏറ്റെടുത്തു. കേന്ദ്ര-സംസ്ഥാന ജീവനക്കാർ, ബാങ്ക്-ഇൻഷ്വറൻസ് ജീവനക്കാർ, അദ്ധ്യാപകർ എന്നിവരെല്ലാം പണിമുടക്ക് വിജയിപ്പിക്കുവാൻ വളരെ മുമ്പുതന്നെ തയ്യാറെടുപ്പ് നടത്തിയിരുന്നു.

സംയുക്ത ട്രേഡ് യൂണിയൻ സംസ്ഥാന സമിതി യോഗം തീരുമാനിച്ചതുപോലെ സംസ്ഥാന-ജില്ലാ-മണ്ഡലം കൺവൻഷനുകൾ ഓൺ ലൈൻ ആയി നടന്നു. തിരുവനന്തപുരം, ഏറണാകുളം, കോഴിക്കോട്ട് എന്നിവിടങ്ങളിൽ സംസ്ഥാന സംയുക്ത സമിതി പത്രസമ്മേളനങ്ങൾ നടത്തുകയുണ്ടായി. സംയുക്തമായി പണിമുടക്ക് നോട്ടീസ്സ് നൽകുകയും




നവംബർ 26ന് തിരുവനന്തപുരത്ത് സമരകേന്ദ്രത്തിൽ എഐയുറ്റിയുസി സംസ്ഥാന പ്രസിഡന്റ് ആർ.കുമാർ പ്രസംഗിക്കുന്നു

തൊഴിൽ സ്ഥാപനങ്ങളിൽ പ്രകടനങ്ങളും പ്രചാരണങ്ങളും നടത്തുകയും ചെയ്തു. 25ന് സംസ്ഥാനത്തുടനീളം പന്തം കൊളുത്തി പ്രകടനം നടത്തുകയുണ്ടായി.

സംയുക്ത ട്രേഡ് യൂണിയൻ സമിതിയിലെ അഞ്ചാമത്തെ കേന്ദ്ര ട്രേഡ് യൂണിയൻ എന്ന നിലയിൽ എ.ഐ.യു.ടി.യു.സി സംയുക്ത പ്രചാരണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തുടനീളം സജീവമായ പങ്കു വഹിച്ചു. കൂടാതെ, തനതായ പ്രചരണ പ്രവർത്തനങ്ങളും വ്യാപകമായി നടത്തുകയുണ്ടായി. എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയും എ.ഐ.യു.ടി.യു.സിയും സംയുക്തമായി ചിട്ടയോടെയുള്ള പണിമുടക്ക് പ്രചരണമാണ് നടത്തിയത്. വ്യാപകമായ ചുമരെഴുത്ത്, പോസ്റ്റർ പ്രചരണം, സംയുക്ത പ്രഖ്യാപനത്തിന്റെയും ഡിമാന്റുകളുടെയും ലഘുലേഖ പ്രചരണം തുടങ്ങിയവ ഒരു മാസം മുമ്പുതന്നെ ആരംഭിച്ചിരുന്നു. പണിമുടക്കിനു ആഴ്ചകൾക്കു മുമ്പു ആരംഭിച്ച പണിമുടക്ക് പ്രചാരണ പൊതുയോഗങ്ങളും കവലയോഗങ്ങളും സംസ്ഥാനത്തുടനീളം നവംബർ 25 വരെ നടത്തുകയുണ്ടായി. മോദി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ കർഷക വിരുദ്ധ രാജ്യദ്രോഹ നയങ്ങളെ തൊഴിലാളിവർഗ്ഗ വീക്ഷണത്തിൽ വിശകലനം ചെയ്ത് നൂറുക്കണക്കിനു യോഗങ്ങളിൽ അവതരിപ്പിക്കുകയുണ്ടായി.




പണിമുടക്കിനോടനുബന്ധിച്ച് കൊച്ചിൻറിഫൈനറിക്കുമുന്നിൽ നടന്ന തൊഴിലാളി സംഗമത്തിൽ എൻ.ആർ.മോഹൻകുമാർ പ്രസംഗിക്കുന്നു.

ബി.ജെ.പി യുടെ കോർപ്പറേറ്റ് അനുകൂല ഭരണത്തിനെതിരെ ഒരു ജനകീയ മുന്നേറ്റം വളർന്നുവരുന്നതിൽ ജനങ്ങൾക്കുള്ള അദമ്യമായ താല്പര്യത്തെ എവിടെയും കാണാൻ കഴിഞ്ഞു. ട്രേഡ് യൂണിയൻ അഫിലിയേഷനുകൾക്കും കക്ഷി ബന്ധങ്ങൾക്കും അതീതമായി തൊഴിലാളികൾ പണിമുടക്കിനോട് ആഭിമുഖ്യം കാണിക്കുന്നതും ദൃശ്യമായിരുന്നു. ആർ.എസ്.എസ് രാഷ്ട്രീയ നേതൃത്വം നൽകുന്ന ട്രേഡ് യൂണിയനായ ബി.എം.എസ് സംയുക്ത ട്രേഡ് യൂണിയൻ സമിതിയിൽനിന്നും പണിമുടക്കിൽനിന്നും വിട്ടു നിന്നിട്ടും അതിലെ തൊഴിലാളികൾ പണിമുടക്കിന് ഒപ്പം നിന്നത് അതുകൊണ്ടാണ്.




ആലപ്പുഴ പുന്നപ്രയിൽ നടന്ന പ്രചാരണയോഗം എഐയുറ്റിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു



കശുവണ്ടി തൊഴിലാളി സെന്റർ സംസ്ഥാന സെക്രട്ടറി എസ്.രാധാകൃഷ്ണൻ കൊല്ലത്ത് കശുവണ്ടി തൊഴിലാളികളെ അഭിസംബോധന ചെയ്യുന്നു

പണിമുടക്ക് പ്രവർത്തനത്തിലേർപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കളെയും പ്രവർത്തകരെയും പല സംസ്ഥാനങ്ങളിലും എൻഎസ് എ, എസ്മപോലുള്ള കരിനിയമങ്ങൾ ഉപയോഗിച്ച് തടങ്കലിലാക്കി. കൽക്കട്ടയിൽ മാത്രം എ.ഐ.യു.ടി.യു.സി യുടെ 124 പ്രവർത്തകരെ അറസ്റ്റ് ചെയ്ത് തടങ്കലിൽ വെക്കുകയുണ്ടായി.

പൊതുവിൽ തൊഴിലാളി സമരങ്ങളെ ഇകഴ്ത്തിക്കാണിക്കുന്ന കുത്തക വാർത്താമാധ്യമങ്ങൾ ഇത്തവണ പണിമുടക്കിനെ മൗനത്തിൽ മുക്കിക്കൊല്ലുകയാണുണ്ടായത്. വർക്കിംഗ് ജേർണലിസ്റ്റുകളുടെയും ന്യൂസ് പേപ്പർ ജീവനക്കാരുടെയും അവകാശങ്ങൾ ഉൾപ്പെടെ കവർന്നെടുക്കുന്ന ലേബർ കോഡുകൾക്കെതിരെ നടന്ന പണിമുടക്കിനോട് വാർത്താ മാധ്യമങ്ങളിൽനിന്നുണ്ടായ നിസ്സംഗത കാണിക്കുന്നത്, മാധ്യമ കുത്തകകളുടെ വർഗ്ഗ താല്പര്യങ്ങൾക്കപ്പുറം സ്വതന്ത്രമായി ചലിക്കാൻ കഴിയാത്തത്ര സുഘടിത സംവിധാനമാണ് ഈ മേഖലയിൽ ഇന്ന് നിലനില്ക്കുന്നത് എന്നതാണ്.

2014 ൽ നരേന്ദ്രമോദി അധികാരത്തിൽ വന്ന ശേഷം നടന്ന നാല് പൊതു പണിമുടക്കുകളിൽ നിന്നും കുറെയേറെ വ്യത്യസ്ഥ സാഹചര്യത്തിലായിരുന്നു ഈ പണിമുടക്ക്. ഈ വർഷം ജനുവരി അവസാനം രാജ്യത്ത് പൊട്ടിപ്പുറപ്പെട്ട കോവിഡ് 19 മഹാമാരിയെ നേരിടാൻ ജനങ്ങൾക്ക് എല്ലാ സഹായവും എത്തിക്കുന്നതിനാണ് സർക്കാർ എറ്റവും മുൻഗണന നൽകേണ്ടിയിരുന്നത്.

എന്നാൽ മോദി സർക്കാരാകട്ടെ, അതുവരെ തുടർന്നുവന്ന ജനവിരുദ്ധ-കോർപ്പറേറ്റ് അനുകൂല നയങ്ങൾ കൂടുതൽ കാർക്കശ്യത്തിലും കൂടുതൽ വേഗതയിലും നടപ്പാക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയായിരുന്നു.

രോഗവ്യാപനത്തിനെതിരെ കരുതൽ നടപടികൾ കൈക്കൊള്ളേണ്ട സമയത്താണ് "നമസ്തേ ട്രംപ്" ആഘോഷം അരങ്ങേറിയത്. രാജ്യത്തെ തൊഴിൽ സേ

(ശേഷം 10-ാം പേജിൽ)

# തായ്‌ലൻഡിൽ ജനരോഷം അണപൊട്ടിയൊഴുകുന്നു

**2020 ഒക്ടോബർ പകുതി മുതൽ സർക്കാർ വിരുദ്ധ പ്രകടനങ്ങളുടെ ഒരു പുതിയ തരംഗം തായ്‌ലൻഡിൽ അലയടിക്കുകയാണ്. നിരോധനം ലംഘിച്ച് പതിനായിരക്കണക്കിന് യുവാക്കൾ, കൂടുതലും വിദ്യാർത്ഥികൾ, സർക്കാർ വിരുദ്ധ പ്രതിഷേധത്തിന്റെ ഭാഗമായി തെരുവിലാണ്. പ്രധാനമന്ത്രി ജനറൽ പ്രയൂത്ത് ചാൻ-ഒ-ച ഉടൻ രാജിവയ്ക്കണമെന്നും, രാജവാഴ്ചയിലധിഷ്ഠിതമായ ഭരണസംവിധാനത്തിൽ പരിഷ്കാരങ്ങൾ നടപ്പാക്കണമെന്നും അവർ ആവശ്യപ്പെടുന്നു. പ്രധാനമന്ത്രി പ്രയൂത്തിന്റെ നേതൃത്വത്തിലുള്ള സർക്കാരിനെ വിമർശിച്ചതിന് പ്രതിപക്ഷത്തെ കോടതി വിലക്കിയതോടെയാണ് കഴിഞ്ഞ വർഷം പ്രതിഷേധം ആരംഭിച്ചത്. തായ് യുവാക്കൾ അന്നുമുതൽ സർക്കാരിന്റെ അടിച്ചമർത്തലിനെതിരെ നിരന്തരം പ്രതിഷേധിച്ചു വരികയാണ്.**

രാഷ്ട്രീയ അശാന്തിയുടെയും പ്രതിഷേധത്തിന്റെയും നീണ്ട ചരിത്രമുണ്ട് തായ്‌ലൻഡിന്. അടുത്ത കാലത്തായി തായ്‌ലൻഡിൽ സർക്കാരിനോടുള്ള അസംതൃപ്തി വർദ്ധിച്ചിട്ടുണ്ടെങ്കിലും, നിലവിലുള്ള പ്രതിഷേധത്തിന്റെ കാരണം, 2020 ഫെബ്രുവരിയിൽ കോടതി ഉത്തരവ് പ്രകാരം ജനാധിപത്യാനുകൂലിയായ ഫ്യൂച്ചർ ഫോർവേഡ് പാർട്ടി പിരിച്ചുവിട്ടതാണ്. കോവിഡ്19 നിയന്ത്രണങ്ങളിൽ, ഈ വർഷം ആദ്യം കുറച്ച് കാലത്തേക്ക് നിർത്തിവച്ചിരുന്നു എങ്കിലും ജൂലൈ പകുതിയോടെ ഒരു പ്രമുഖ ജനാധിപത്യ പ്രവർത്തകനെ കാണാതായപ്പോൾ സമരം പുനരാരംഭിച്ചു. ജനാധിപത്യ പ്രവർത്തകന്റെ തിരോധാനം തായ് അധികൃതർ ആസൂത്രണം ചെയ്തതായി കരുതപ്പെടുന്നു. അതിനുശേഷം, കാര്യങ്ങൾ വീണ്ടും ശക്തിയാർജ്ജിച്ചു. ഇത്തവണ ഹൈസ്കൂൾ വിദ്യാർത്ഥികളും പ്രതിഷേധത്തിൽ പങ്കുചേർന്നു. തായ്‌ലൻഡിലെ പ്രതിഷേധം ജനാധിപത്യ പരിഷ്കാരങ്ങളെക്കുറിച്ച് മാത്രമല്ല. വിദ്യാഭ്യാസ, സാമ്പത്തിക മേഖലകളുടെ പരിഷ്ക്കരണം, പ്രവർത്തകരെ സ്വേച്ഛാപരമായി അറസ്റ്റ് ചെയ്യാനുള്ള കരിനിയമങ്ങളുടെ അഴിച്ചുപണി തുടങ്ങിയ ആവശ്യങ്ങളും അവർ ഉയർത്തുന്നു. രാജകുടുംബത്തിന്റെ ആഡംഭരസമൃദ്ധമായ ജീവിതശൈലിക്ക് നികുതിദായകർ നൽകുന്ന പണം നിയന്ത്രിക്കാൻ അവർ ആവശ്യപ്പെടുന്നു. ഇപ്പോഴത്തെ രാജാവ് വാജിരലോങ്കോൺ 40 ബില്യൺ ഡോളർ ആസ്തിയുള്ള ലോകത്തിലെ ഏറ്റവും ധനികരായ രാജാക്കന്മാരിൽ ഒരാളാണ്. മറുവശത്ത് സാധാരണക്കാരുടെ അവസ്ഥ അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. തായ്‌ലൻഡിലെ തൊഴിലില്ലായ്മാനിരക്ക് 2020 ഓഗസ്റ്റിൽ കഴിഞ്ഞ വർഷം ഇതേ മാസത്തിലെ ഒരു ശതമാനത്തിൽ നിന്ന് 1.9 ശതമാനമായി ഉയർന്നു.

### തായ്‌ലൻഡിലെ ഭരണരീതി

ഭരണഘടനാപരമായ രാജവാഴ്ചയോടൊപ്പം പാർലമെന്ററി ജനാധിപത്യവും കൂടിച്ചേർന്നതാണ് തായ്‌ലൻഡിലെ രാഷ്ട്രീയ വ്യവസ്ഥ. അനേകം സൈനിക അട്ടിമറികളും സ്വേച്ഛാധിപത്യ കാലഘട്ടങ്ങളും തായ്‌ലൻഡിലുണ്ടായിട്ടുണ്ട്. കഴിഞ്ഞ 100 വർഷത്തിലുണ്ടായ 22 അട്ടിമറിയിലൂടെ, ഇക്കാര്യത്തിൽ, ഒന്നാമതാണ് തായ്‌ലൻഡിന്റെ സ്ഥാനം. 1932ൽ, സയാമീസ് വിപ്ലവത്തിനുശേഷം, കേവല രാജവാഴ്ചയ്ക്ക് പകരം ഒരു ഭരണഘടനാപരമായ രാജവാഴ്ച ഭരണം സ്ഥാപിച്ചു. രാജാവിനുണ്ടായിരുന്ന അധികാരത്തെ പരിമിതിപ്പെടുത്തി. പാർലമെന്റ് പാസാക്കുന്ന ബില്ലുകൾ നിയമങ്ങളാകുന്നതിന് മുമ്പ് രാജാവിന്റെ അനുമതി നേടണം എന്നുണ്ടെങ്കിലും, രാജാവിന് നിയമ നിർമ്മാണത്തിനുള്ള അധികാരം റദ്ദാക്കി. രാജാവിന്റെ പങ്ക് പ്രതീകാത്മകവും ആചാരപരവുമായിരിക്കണം. എന്നാൽ രാജാവ് ഇന്നും രാഷ്ട്രത്തലവൻ മാത്രമല്ല, ബുദ്ധമതത്തിന്റെ വിശ്വാസിയും സംരക്ഷകനും കൂടിയാണ്. കർശനമായ ലിസ്-മജസ്റ്റെ (രാജാവിനോട് തെറ്റ് ചെയ്യുക) നിയമ പ്രകാരം, തായ് പൗരന്മാർക്ക് അദ്ദേഹത്തെയോ രാജകുടുംബത്തെയോ വിമർശിക്കാൻ അനുവാദമില്ല. ഈ നിയമം ലംഘിച്ചാൽ 15 വർഷംവരെ തടവുശിക്ഷ അനുഭവിക്കേണ്ടിവരും. ഏതെങ്കിലും കാരണങ്ങളാൽ, ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ സൈനിക നീക്കത്തിലൂടെ അട്ടിമറിക്കുന്ന തായ്‌ലൻഡിന്റെ രാഷ്ട്രീയ പാരമ്പര്യത്തിന് എല്ലായ്പ്പോഴും രാജവാഴ്ചയുടെ പിന്തുണ ലഭിക്കുന്നു. "ഞാൻ നിങ്ങളുടെ പുറം ചൊറിയാം, നിങ്ങൾ എന്റെ പുറം ചൊറിയുക" ഇതാണ് രാജവാഴ്ചയും സൈന്യവും തമ്മിലുള്ള പരസ്പര ബന്ധം.

ഏറ്റവും അവസാനമായി, 2006ലെ അട്ടിമറിയോടെയാണ് സ്വേച്ഛാധിപത്യഭരണം ആരംഭിച്ചത്. പതിവുപോലെ സൈന്യത്തിന് അതിന്റെ ഭരണം മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചില്ല. അങ്ങനെ 2007ൽ പൊതുതെരഞ്ഞെടുപ്പ് നടത്തുകയും പുതിയ സർക്കാർ രൂപീകരിക്കുകയും ചെയ്തു. 2010 ൽ വീണ്ടും ജനകീയ പ്രക്ഷോഭം ആളിക്കത്തി. ജനാധിപത്യ ഭരണം പുനഃസ്ഥാപിക്കണമെന്നും, അസമത്വം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട്, സ്ത്രീകളും, കുട്ടികളും, വയോധികരും ഉൾപ്പെടെ ആയിരക്കണക്കിന് പ്രതിഷേധക്കാർ തലസ്ഥാനമായ ബാങ്കോക്കിന്റെ തെരുവുകളിൽ അണിനിരന്നു. ജനാധിപത്യവിരുദ്ധവും അടിച്ചമർത്തുന്നതുമായ ഭരണത്തിന് പേരുകേട്ട, ദരിദ്രരുടെയോ സാധാരണക്കാരുടെയോ പ്രശ്നങ്ങളിൽ യാതൊരു ഉത്കണ്ഠയുമില്ലാത്ത, അന്നത്തെ പ്രധാനമന്ത്രി അഭിസിത് വെജ്ജജീവയെ നീക്കം ചെയ്യണമെന്നും അവർ ആവശ്യപ്പെട്ടു.

(ശേഷം 11–ാം പേജിൽ)

(9–ാം പേജിൽ നിന്ന്)

നയുടെ 92 ശതമാനവും അസംഘടിത തൊഴിലാളികളാണെന്നോ,



തളിപ്പറമ്പിൽ എഐയുറ്റിയുസി ജില്ലാസെക്രട്ടറി അനൂപ് ജോൺ പ്രസംഗിക്കുന്നു.

14 കോടി മനുഷ്യർ ഉപജീവനത്തിനായി ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിൽ ചേക്കേറി പണിയെടുക്കുന്ന കുടിയേറ്റ തൊഴിലാളികളാണെന്നോ ഉള്ള പരിഗണനപോലും ഇല്ലാതെ പൊടുന്നനെ പ്രഖ്യാപിച്ച ലോക് ഡൗണുകൾ ഈ തൊഴിലാളികളെ അന്തമറ്റ ദുരിതങ്ങളിലേക്ക് തള്ളിവിടുകയുണ്ടായി. അസംഘടിത തൊഴിലാളികൾക്ക് കോവിഡ് കാലത്ത് തൊഴിലും കൂലിയും ഉറപ്പാക്കാൻ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചില്ല. ആദ്യം സർക്കാർ ഇറക്കിയ ഒരു ഉത്തരവ് മുതലാളിമാർ കോടതിയിൽ ചോദ്യം ചെയ്തപ്പോൾ, ഉത്തരവ് തന്നെ പിൻവലിച്ച് സർക്കാർ കോർപ്പറേറ്റുകൾക്ക് ഒപ്പം നിന്നു. കരാർ-കാഷ്വൽ തൊഴിലാളികൾക്ക് കോവിഡിനു മുമ്പ് ചെയ്ത ജോലിയുടെ വേതനം പോലും ലഭിച്ചില്ല.

ആദായ നികുതി ദായകരല്ലാത്ത എല്ലാ കുടുംബങ്ങൾക്കും കോവിഡ് കാലം മുഴുവൻ പ്രതിമാസം 7500 രൂപ അവരുടെ അക്കൗണ്ടുകളിലൂടെ നൽകണമെന്ന് സംയുക്ത ട്രേഡ് യൂണിയൻ സമിതി സർക്കാറിനോട് നേരത്തെത്തന്നെ ആവശ്യപ്പെട്ടതാണ്. സർക്കാർ ഇത് പരിഗണിച്ചില്ലെന്ന് മാത്രമല്ല, കോർപ്പറേറ്റുകൾക്ക് സഹായ പാക്കേജുകളും ഇളവുകളും നൽകുന്നതിനാണ് താൽപ്പര്യം കാണിച്ചത്.

മൂന്ന് കർഷക വിരുദ്ധ കാർഷിക നിയമങ്ങളും മൂന്ന് തൊഴിലാളിവിരുദ്ധ തൊഴിൽ കോഡുകളും മണിക്കൂറുകൾക്കുള്ളിൽ പാർലമെന്റിൽ പാസ്സാക്കിയെടുക്കാൻ രാജ്യത്ത് കോവിഡ് വ്യാപനം മൂർധന്യത്തിലെത്തിയ സമയംതന്നെ സർക്കാർ തെരഞ്ഞെടുത്തു. കോർപ്പറേറ്റുകളുടെ ആവശ്യങ്ങളെ തടർന്ന് ഇത്തരം നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറെടുക്കുകയായിരുന്നു. കോവിഡിനെ പ്രതിയുള്ള സർക്കാറിന്റെ നിയന്ത്രണ-നിരോധനങ്ങൾ കാരണം ജനങ്ങൾക്ക് തെരുവിലിറങ്ങാനും കൂടിച്ചേരാനും അസാദ്ധ്യമായ സമയം തന്നെയാണ് ഈ ജനവിരുദ്ധ നയങ്ങൾ പാസ്സാക്കുവാൻ അനുയോജ്യമെന്ന സർക്കാറിന്റെ കണ്ടെത്തൽ തികച്ചും അധാർമ്മികമാണ്. എന്നാൽ, ഭരണാധികാരികളുടെ ഇത്തരം കുബുദ്ധിക്ക് പലപ്പോഴും സംഭവിക്കാറുള്ള തിരിച്ചടിയാണ് ഇന്ത്യയിലും ഇപ്പോൾ സംഭവിച്ചിരിക്കുന്നത്.



പൊതുപണിമുടക്കിന്റെ ഭാഗമായി മൂലമറ്റം സെക്ഷനിൽ കെഎസ്ഇ വർക്കേഴ്സ് യൂണിയൻ നടത്തിയ പ്രകടനം

രാജ്യത്തെ 10 കേന്ദ്ര ട്രേഡ് യൂണിയനുകളും വിവിധ സ്വതന്ത്ര ഫെഡറേഷനുകളും ചേർന്ന് നവംബർ 26 ന്റെ പൊതു പണിമുടക്ക് പ്രഖ്യാപിച്ചതിനെ തുടർന്ന്, 250 ഓളം കർഷക സംഘടനകൾ ചേർന്ന് രൂപം കൊടുത്ത ആൾ ഇന്ത്യ കിസ്സാൻ സംഘർഷ് കോ-ഓർഡിനേഷൻ കമ്മിറ്റി നവംബർ 26, 27 തിയ്യതികളിലായി ഗ്രാമീണ ബന്ദും ചലോ ദില്ലി മാർച്ചും ആഹ്വാനം ചെയ്തു. രാജ്യത്തെ തൊഴിലാളികളും കർഷകരും തോളോട് തോൾ ചേർന്ന് ഒരു സമരനിര രൂപപ്പെടുകയാണ്. 25 കോടിയിലേറെ തൊഴിലാളികൾ പങ്കെടുത്ത ഈ പൊതു പണിമുടക്ക് ലോക ശ്രദ്ധ നേടിയിരിക്കുകയാണ്. തൊഴിലാളിവർഗ്ഗ പക്ഷമുള്ള അന്തർദേശീയ ട്രേഡ് യൂണിയൻ പ്രസ്ഥാനമായ വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് ഈ പണിമുടക്കിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയുണ്ടായി. പണിമുടക്കിനൊപ്പം നടന്ന കർഷകരുടെ ഗ്രാമീണ ഹർത്താലും “ചലോ ദില്ലി” മാർച്ചും രാജ്യത്തിനകത്തും പുറത്തും വൻ ചലനമാണ് സൃഷ്ടിച്ചിരിക്കുന്നത്.

രാജ്യത്തെ തൊഴിലാളികളും കർഷകരും യുവാക്കളും പോരാട്ടത്തിനിറങ്ങേണ്ട ആവശ്യകത നാൾക്കുനാൾ തിരിച്ചറിയുകയാണ്. കോർപ്പറേറ്റുകളുടെ താല്പര്യങ്ങൾ മാത്രം പരിഗണിക്കുന്ന, ഫാസിസ്റ്റ് നയങ്ങൾ നടപ്പാക്കുന്ന, ഒരു സർക്കാറിൽനിന്നും ജനാനുകൂല നയം പ്രതീക്ഷിക്കുവാൻ വയ്യ. ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ ഇടതടവില്ലാത്ത പോരാട്ടമാണ് കാലം ആവശ്യപ്പെടുന്നത്. നവംബർ 26 ന്റെ പൊതു പണിമുടക്ക് ഇത്തരം പ്രക്ഷോഭണത്തിന്റെ തുടക്കമാകുകയാണ്. ആഴ്ചകളും മാസങ്ങളും നീണ്ടു നില്ക്കുന്ന തൊഴിലാളി-കർഷക സമരങ്ങളിലേക്കാണ് ഇത് നീളുന്നത്. അത്തരം ഉശിരൻ പോരാട്ടങ്ങൾക്ക് ഇന്ത്യൻ തെരുവുകൾ താമസിയാതെ സാക്ഷിയാകും. ■



പണിമുടക്ക് വിജയിപ്പിക്കുക; തിരുവല്ലയിൽ നടന്ന പ്രകടനം

(10–ാം പേജിൽ നിന്ന്)

## 2014ന് ശേഷം

മാസങ്ങൾ നീണ്ട രാഷ്ട്രീയ കോലാഹലങ്ങൾക്ക് ശേഷം 2014ൽ അട്ടിമറിയിലൂടെ തായ്‌ലൻഡിന്റെ സൈന്യം അധികാരം പിടിച്ചെടുത്തു. ഗവൺമെന്റിന്റെ നിയന്ത്രണം ഏറ്റെടുത്തതായി പ്രഖ്യാപിച്ചുകൊണ്ട്, ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിനും, രാഷ്ട്രീയ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനുമായി ഭരണഘടന സസ്പെൻഡ് ചെയ്തു. അതിനുശേഷം ഗവൺമെന്റിനെ നയിച്ചിരുന്നത് സൈനിക മേധാവിയായ പ്രയൂത്ത് ചാൻ-ഒ-ച ആയിരുന്നു. 2014ലെ അട്ടിമറിക്കുശേഷം, സൈന്യത്തിന് അനുകൂലമായി നിയമങ്ങൾ മാറ്റുകയും, ഗവൺമെന്റിന്റെ എതിരാളികൾക്ക് പല വിധേനയുള്ള പീഡനം, അടിച്ചമർത്തൽ, പ്രോസിക്യൂഷൻ എന്നിവ നേരിടേണ്ടിവന്നു. തായ്‌ലൻഡിലെ നിരീക്ഷണ സമിതിയായ ഐലോയുടെ നിയമസംബന്ധിയായ ഡാറ്റാബേസ് പ്രകാരം, 2014ലെ അട്ടിമറിക്കും 2018ന്റെ തുടക്കത്തിനും ഇടയിൽ, കുറഞ്ഞത് 98 ലിസ്-മജസ്റ്റെ ചാർജ്ജുകൾ ഫയൽ ചെയ്തിട്ടുണ്ട്. രാജ്യദ്രോഹം, കമ്പ്യൂട്ടർ കുറ്റകൃത്യങ്ങൾ തുടങ്ങിയ മറ്റ് നിയമങ്ങൾ ഉപയോഗിച്ച് മറ്റനവധി ആൾക്കാർക്കെതിരെ നിരവധി കേസുകൾ ചുമത്തി.

2014 മാർച്ചിൽ സൈന്യം അധികാരം പിടിച്ചെടുത്തതിനുശേഷം 2019 മാർച്ചിൽ ആദ്യ തിരഞ്ഞെടുപ്പ് നടന്നു. നിരവധി യുവാക്കളും, കന്നി വോട്ടർമാരും, വർഷങ്ങളായുള്ള സൈനിക ഭരണത്തിന് ശേഷം മാറ്റത്തിനുള്ള ഒരു അവസരമായി ഇതിനെ കണ്ടു. എന്നാൽ സൈന്യം അതിന്റെ രാഷ്ട്രീയ പങ്ക് ഉറപ്പിക്കുവാൻ നടപടികളെടുത്തിരുന്നു. തിരഞ്ഞെടുപ്പിൽ പ്രയൂത്ത് ചാൻ-ഒ-ച വീണ്ടും പ്രധാനമന്ത്രിയായി അധികാരമേറ്റു. ഇതാകട്ടെ, ജനങ്ങളുടെ ഉള്ളിൽ പുകഞ്ഞുകൊണ്ടിരുന്ന അമർഷത്തെ പുറത്തുചാടിച്ചു. ഇതുവരെ, തായ് പത്രങ്ങൾ രാജവാഴ്ചയെ നിസ്സാരമായി വിമർശിക്കുന്ന എന്തും സെൻസർ ചെയ്തിരുന്നു. എന്നാൽ അടുത്ത കാലത്തായി സോഷ്യൽ മീഡിയയുടെ വളർച്ചയും സ്മാർട്ട്ഫോൺ ഉപയോഗവും ഈ സെൻസർഷിപ്പിന്റെ ഫലപ്രാപ്തി ഇല്ലാതാക്കി. തായ്‌ലൻഡിന്റെ മുഖ്യധാരാ മാധ്യമങ്ങളെ അവഗണിച്ചുകൊണ്ട് നിരവധി ട്വിറ്റർ ഉപയോക്താക്കൾക്കും ഫേസ്ബുക്ക് ഗ്രൂപ്പുകൾക്കും രാജവാഴ്ചയെ വിമർശിക്കുന്ന വിവരങ്ങൾ പതിവായി പ്രചരിപ്പിക്കാൻ കഴിയുന്നു. പ്രതിഷേധിച്ച തായ് ജനത 'ദൈവമില്ല, രാജാക്കന്മാരില്ല, മനുഷ്യൻ മാത്രം' എന്നെഴുതിയ ബാനറുകൾ ഉയർത്തി. തായ്‌ലൻഡിലെ ട്വിറ്ററിൽ, 'എന്തുകൊണ്ട് ഞങ്ങൾക്ക് ഒരു രാജാവിനെ ആവശ്യമുണ്ട്' പോലുള്ള ഹാഷ്ടാഗുകളും വളരെയധികം പ്രചരിക്കുന്നു. ഇത് സ്വേച്ഛാധിപത്യ ആജ്ഞകളുടെ ധിക്കാരമാണെന്ന് വ്യക്തം.

## യുഎസിൽനിന്ന് ചൈനയിലേക്ക് വിശ്വസ്തത മാറ്റുന്ന തായ് ഭരണാധികാരികൾ

മറ്റൊരു സംഭവവികാസം ഇവിടെ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. മുമ്പ് തായ് ഭരണാധികാരികൾ യുഎസ് സാമ്രാജ്യത്വത്തിന്റെ അടുത്ത സഖ്യകക്ഷികളായിരുന്നു. പതിറ്റാണ്ടുകളായി, യുഎസ്എയുമായുള്ള ബന്ധം തായ് താൽപ്പര്യങ്ങൾക്കനുസൃതമായിരുന്നു. തെക്കുകിഴക്കൻ ഏഷ്യയിലെ ചൈനീസ്, വിയറ്റ്നാമീസ് സ്വാധീനത്തിനെതിരായ ഒരു കോട്ടയായി തങ്ങളുടെ ബന്ധത്തെ അവർ കണ്ടു. തായ്‌ലൻഡിൽ യുഎസ് സാമ്രാജ്യത്വ ഭരണാധികാരികളുടെ താൽപര്യത്തിന്റെ ഒരു പ്രധാന കാരണം, ഇതുവരെ ഇന്തോ-പസഫിക്കിലെ യുഎസ് സൈന്യത്തിന്റെ ഒരു പ്രധാന ലോജിസ്റ്റിക് കേന്ദ്രമായിരുന്ന ഉട്ടാപാവോ എയർബേസ് ആയിരുന്നു. എന്നാൽ 2014ലെ അട്ടിമറിക്കുശേഷം യുഎസ് ആയുധത്തിനുള്ള ധനസഹായം 4.7 മില്യൺ ഡോളർ വെട്ടിക്കുറച്ചു. പ്രതിവിപ്ലവത്തിനുശേഷം സാമ്രാജ്യത്വശക്തിയായ ചൈന, ഈ സന്ദർഭം മുതലെടുത്ത് മുന്നോട്ടുവന്നു. വ്യവസ്ഥകളില്ലാതെയും, കുറഞ്ഞ നിരക്കിലും പ്രധാന ആയുധ സംവിധാനങ്ങളുടെ ഒരു നിര ചൈന വാഗ്ദാനം ചെയ്തു. 2018ൽ തായ് ഭരണാധികാരികൾ 10 വർഷത്തെ സൈനിക നവീകരണ പരിപാടി ആരംഭിച്ചു. അതിലേക്ക് ആധുനിക ആയുധങ്ങളും പീരങ്കികളും നൽകുന്നതിൽ ചൈന പ്രധാന പങ്കു വഹിച്ചു. അതോടൊപ്പം ചൈനീസ് സൈനികാവശ്യങ്ങൾക്കുവേണ്ടി വടക്കുകിഴക്കൻ തായ്ലൻഡിൽ ആയുധ നിർമ്മാണത്തിനും റിപ്പയറിനുമുള്ള സൗകര്യങ്ങൾ സ്ഥാപിക്കാനും ഇരുരാജ്യങ്ങളും തമ്മിൽ ധാരണയായി.

2019ൽ, മെക്കോംഗ് നദി തായ് ഭക്ഷ്യസുരക്ഷയെ ഭീഷണിപ്പെടുത്തുന്ന വിധത്തിൽ ഏറ്റവും താഴ്ന്ന നിലയിലായിരുന്നപ്പോൾ, ചൈന ഇടയ്ക്കിടെ വെള്ളം പുറത്തുവിടുക മാത്രമല്ല 13 ഡാമുകളുടെ നിർമ്മാണം തുടരുകയും ചെയ്തു. പകരമായി, തായ് ഭരണാധികാരികൾ ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്, ബെൽറ്റ് ആൻഡ് റോഡ് തുടങ്ങിയ പുതിയ ചൈനീസ് സാമ്പത്തിക സംരംഭങ്ങളിൽ പങ്കുചേരുന്നതിനൊപ്പം, ഈ പ്രദേശത്തിൽ കൂടുതൽ ചൈനീസ് സൈനിക സാന്നിധ്യം നേടുന്നതിനും തിടുക്കം കാട്ടി. സൈനിക പിന്തുണയുള്ള തായ് ഭരണാധികാരികൾ ഇപ്പോൾ ചൈനയുമായി കൂടുതൽ അടുത്ത ബന്ധം പുലർത്തുന്നു. ചൈനയെ തങ്ങളുടെ ഏറ്റവും വലിയ സാമ്പത്തിക പങ്കാളിയായും, തായ്ലൻഡിൽ ജനാധിപത്യം ആവശ്യപ്പെടുന്ന ശക്തികൾക്കെതിരായ പോരാട്ടത്തിൽ സഖ്യകക്ഷിയായും കാണുന്നു. അതിനാൽ, അവർ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അതൃപ്തിക്ക് പാത്രമായി. ഇക്കാരണത്താലാണ് സ്ഥാനമൊഴിയുന്ന യുഎസ് പ്രസിഡന്റ് ട്രംപ് തായ് സർക്കാരിനെ വിമർശിച്ചത്. ഭരണഘടനാപരമായ രാജവാഴ്ചയുടെ കീഴിൽ രാജ്യം ഭരിക്കുന്ന ബൂർഷ്വാ ഭരണാധികാരികൾ, തങ്ങളുടെ കൂറ്, ഒരു സാമ്രാജ്യത്വശക്തിയിൽ നിന്ന് മറ്റൊന്നിലേക്ക് ഇടയ്ക്കിടെ മാറ്റിക്കൊണ്ട് അവരുടെ സമ്പത്ത് വർദ്ധിപ്പിക്കുന്നു.

എന്നാൽ, അധ്വാനിക്കുന്ന തായ് ജനതയുടെ സാമ്പത്തിക രാഷ്ട്രീയ-സാമൂഹിക ദുരിതങ്ങൾ ഓരോ ദിവസം കഴിയുന്തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ അവർ ന്യായമായും ഇതിനൊരു പരിഹാരം ആവശ്യപ്പെടുന്നു. അവർ ജൂൺ 24ന്, തായ്‌ലൻഡിന്റെ സമ്പൂർണ്ണ രാജവാഴ്ചയെ അട്ടിമറിച്ച 1932ലെ സയാമീസ് വിപ്ലവത്തിന്റെ വാർഷികം ആചരിച്ചുകൊണ്ട് പ്രകടനങ്ങൾ നടത്തി. കേവല രാജവാഴ്ചയെ അട്ടിമറിക്കുകയും ഭരണഘടനാപരമായ രാജവാഴ്ച സ്ഥാപിക്കുന്ന തിൽ വിജയിക്കുകയും അതുവഴി ഭരണവ്യവസ്ഥയെ ജനാധിപത്യത്തിന്റെ ചില രീതികളിലേക്ക് മാറ്റുകയും ചെയ്ത രക്തരഹിതമായ ഒരു വിപ്ലവം ആയിരുന്നു സയാമീസ് വിപ്ലവം. ഈ ആചരണം അടിച്ചമർത്തപ്പെട്ട തായ് പൗരന്മാരുടെ മാനസികാവസ്ഥയെയും അഭിലാഷത്തെയും സൂചിപ്പിക്കുന്നു.

## തായ്‌ലൻഡിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിരിച്ചുവിടൽ

വർദ്ധിച്ചുവരുന്ന ജനങ്ങളുടെ പ്രതിഷേധം സംഘടിപ്പിക്കാനും ഏകീകരിക്കാനും ശരിയായ പാതയിലൂടെ നയിക്കാനും ശരിയായ വിപ്ലവ നേതൃത്വം ഉണ്ടോ എന്ന് ഞങ്ങൾക്ക് അറിയില്ല. ഇപ്പോൾ നമുക്കുള്ള അറിവനുസരിച്ച് തായ്‌ലൻഡിൽ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി ഇല്ല.

1927ൽ റഷ്യൻ വിപ്ലവത്തിൽ നിന്നും ചൈനയിലെ വിപ്ലവ പോരാട്ടങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ചില പുരോഗമന പ്രവർത്തകർ 1942 ഡിസംബർ 1ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് തായ്‌ലൻഡ് (സിപിടി) (തുടക്കത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് സയാം എന്നറിയപ്പെട്ടു) ഔദ്യോഗികമായി സ്ഥാപിച്ചു. 1960 കളിൽ, സിപിടി അംഗത്വം വർദ്ധിച്ചു തുടങ്ങി, 1970 കളുടെ തുടക്കത്തിൽ വിയറ്റ്നാമിന് ശേഷം തെക്കുകിഴക്കൻ ഏഷ്യയിലെ രണ്ടാമത്തെ വലിയ കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു ഇത്. 1965 ൽ അന്നത്തെ തായ് സർക്കാരിനെതിരെ പാർട്ടി ഒരു ഗറില്ലാ യുദ്ധം ആരംഭിച്ചു. ചൈനീസ് വിപ്ലവത്തിന്റെ തന്ത്രം പാർട്ടി അന്ധമായി പകർത്തി, ഗ്രാമപ്രദേശങ്ങളിൽ നിന്ന് മുന്നോട്ട് നീങ്ങുകയും അധികാരം പിടിച്ചെടുക്കാൻ നഗരങ്ങളെ വളയുകയും ചെയ്യുക എന്ന നയം പ്രഖ്യാപിച്ചു. സൃഷ്ടിപരമായ ശാസ്ത്രമായ മാർക്സിസം-ലെനിനിസത്തെ, ഒരു രാജ്യത്തെ നിലവിലുള്ള ഭൗതിക സാഹചര്യത്തിന് അനുയോജ്യമായ രീതിയിൽ മൂർത്തവൽക്കരിച്ചുകൊണ്ട് മാത്രമേ വിപ്ലവത്തിന്റെ തന്ത്രം മെനയുവാൻ സാധിക്കുകയുള്ളൂ എന്ന സത്യത്തിൽ നിന്ന് വ്യതിചലിച്ച് യാന്ത്രിക ധാരണയുടെ അടിസ്ഥാനത്തിൽ വിപ്ലവത്തിന്റെ തന്ത്രം രൂപപ്പെടുത്തുമ്പോൾ സംഭവിക്കാവുന്ന അനിവാര്യമായ അനന്തരഫലങ്ങൾ സംഭവിച്ചു. നിരവധി ആഭ്യന്തര പാർട്ടി തർക്കങ്ങൾ, സോവിയറ്റ് യൂണിയനിൽ ക്രൂഷ്ചേവൈറ്റ് നേതൃത്വം റിവിഷനിസ്റ്റ് നിലപാട് പിന്തുടർന്നതിനെത്തുടർന്ന് അന്താരാഷ്ട്ര കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലുണ്ടായ ഭിന്നിപ്പ് എന്നിവ മൂലം ധാരാളം പാർട്ടി പ്രവർത്തകർ തായ് സർക്കാരിന്റെ കലാപവിരുദ്ധ നയങ്ങൾക്ക് കീഴടങ്ങി പൊതുമാപ്പ് തേടി. 1990കളിൽ സോവിയറ്റ് യൂണിയനിലും മറ്റ് രാജ്യങ്ങളിലും സോഷ്യലിസം തകർന്നതിനെത്തുടർന്ന്, രാഷ്ട്രീയ രംഗത്ത് നിന്ന് സി.പി.ടി അപ്രത്യക്ഷമായി.

## ശരിയായ വിപ്ലവ നേതൃത്വത്തിന് മാത്രമേ ശരിയായ ദിശ കാണിച്ചുതരാൻ കഴിയൂ

2010ൽ ജനാധിപത്യ പുനഃസ്ഥാപനത്തിനും, അസമത്വം നിർമ്മാർജ്ജനം ചെയ്യാനും, പ്രധാനമന്ത്രി അഭിഷിത് വെജ്ജാജിവയെ പുറത്താക്കാനും ആവശ്യപ്പെട്ട് ലക്ഷക്കണക്കിന് പ്രക്ഷോഭകർ, കൂടുതലും സ്ത്രീകളും, കുട്ടികളും, വയോധികരും ഉൾപ്പെടെയുള്ള നഗരവാസികളും ഗ്രാമീണരുമായ സാധാരണ ജനങ്ങൾ തലസ്ഥാനമായ ബാങ്കോക്കിന്റെ തെരുവുകളിൽ അണിനിരന്ന ജനകീയ പ്രതിഷേധങ്ങളാൽ രാജ്യം ആടിയുലഞ്ഞപ്പോൾ, 2010 ജൂലൈ 1ലെ 'പ്രോലിട്ടേറിയൻ ഇറ' യിൽ ഞങ്ങൾ നടത്തിയ വിശകലനത്തിൽ ഇങ്ങനെ പറയുന്നു: "തായ്‌ലൻഡിലെ ഇപ്പോഴത്തെ ജനകീയ പ്രസ്ഥാനം കരുത്തുറ്റതും വീറുറ്റതും, സമരോത്സുകതയുള്ളതും, അവരുടെ നീതിപൂർവകവും അടിയന്തിരവുമായ ആവശ്യങ്ങൾ നേടിയെടുക്കാൻ സഹായകമായതും, അതോടൊപ്പം മുതലാളിത്തത്തെ അധികാരത്തിൽ നിന്ന് മാറ്റേണ്ട ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ പ്രാപ്തമായതും ആകുന്നു. എന്നാൽ,

വ്യവസ്ഥിതിക്കുള്ളിൽ അധികാരവും, സമ്പത്തും മാത്രം മോഹിച്ചു നടന്ന വ്യക്തികൾ നേതൃത്വം നൽകിയതിനാൽ അവരുടെ നേതൃത്വത്തിലുള്ള പ്രസ്ഥാനം ദാരുണമായ നിരർത്ഥകതയിൽ അവസാനിച്ചു. അതിനാൽ, ആ രാജ്യത്തെ സ്വാതന്ത്ര്യദാഹികളായ സാധാരണ ജനങ്ങളുടെ എണ്ണമറ്റ മൃതദേഹങ്ങൾ നേതാക്കളാൽ ഉപേക്ഷിക്കപ്പെട്ട്, വിജനമായ തെരുവുകളിൽ അവശേഷിച്ചു. അതോടൊപ്പം തന്നെ, തായ്‌ലൻഡ് ജനകീയ പ്രസ്ഥാനം അവിസ്മരണീയമാംവിധം ഉപേക്ഷിച്ച പാഠം, എല്ലാ സാധ്യതകളും നിലനിൽക്കെതന്നെ ആവശ്യമുള്ള ലക്ഷ്യത്തിലെത്താൻ കഴിഞ്ഞില്ല എന്നതിന്റെ കാരണം നയിക്കാനുള്ള ശരിയായ വിപ്ലവ നേതൃത്വം ഉണ്ടായിരുന്നില്ല എന്നതാണ്. അതേ വിശകലനം ഇപ്പോഴത്തെ സാഹചര്യത്തിലും വളരെ ശരിയാണ്. തായ് ജനത ഈ സത്യം ഉൾക്കൊള്ളുകയും ആവശ്യമായ എല്ലാ കടമകളും നിറവേറ്റിക്കൊണ്ട് മണ്ണിൽ ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാൻ മുൻകൈയെടുത്തുകൊണ്ട് അവരുടെ മുന്നേറ്റത്തെ അതിന്റെ യുക്തിസഹമായ പര്യവസാനത്തിലേക്ക് കൊണ്ടുപോകാൻ ഉതകുന്ന ഒരു അമരക്കാരനെ കണ്ടുപിടിക്കേണ്ട ആവശ്യകതയുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ, മാർക്സിസം-ലെനിനിസത്തെക്കുറിച്ച് ഏറ്റവും വികസിതവും സമൃദ്ധവുമായ ധാരണ എസ്‌യുസിഐ(സി) സ്ഥാപക ജനറൽ സെക്രട്ടറി സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകളിലാണ് കുടികൊള്ളുന്നത്. അദ്ദേഹം, മഹാന്മാരായ മാർക്സ്-ഏംഗൽസ്-ലെനിൻ-സ്റ്റാലിൻ-മാവോ സെതുങ്ങിന്റെ യോഗ്യനായ പിൻഗാമിയും, മികച്ച മാർക്സിസ്റ്റ് ചിന്തകനും ആണ്. അതിനാൽ, ആവശ്യമായ എല്ലാ കടമകളും നിറവേറ്റുന്ന ഒരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുക എന്നത് മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകളെ അടിസ്ഥാനമാക്കിയായിരിക്കണം. ■

**ഇന്നത്തെ സാഹചര്യത്തിൽ, മാർക്സിസം-ലെനിനിസത്തെക്കുറിച്ച് ഏറ്റവും വികസിതമായ ധാരണ പ്രദാനം ചെയ്യുന്നത് എസ്‌യുസിഐ(സി) സ്ഥാപക ജനറൽ സെക്രട്ടറിയായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകളാണ്. അതിനാൽ, തായ് ജനത മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകളെ അടിസ്ഥാനമാക്കി ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുത്തുകൊണ്ട് അതിന്റെ നേതൃത്വത്തിൽ സമര മുന്നേറ്റത്തെ യുക്തിസഹമായ പര്യവസാനത്തിലെത്തിക്കേണ്ടതുണ്ട്.**

ഉറവിടം:
ഡിപ്ലോമാറ്റ് 04.07.11,
ഫ്രണ്ട്‌ലൈൻ 07.03.14,
warontherocks.com 02.01.20,
dw.com 24.06.20,
ബിബിസി 22.05.14, 24.05.14, 01.08.20,
സ്റ്റേറ്റ്സ്മാൻ 06.03.14, 01.06.14, 09.11.14, 10.08.20,
യാഹൂ വാർത്ത 16.10.20,
ന്യൂ ഇന്ത്യൻ എക്സ്പ്രസ് 31.10.20

# മതപരിവർത്തനത്തിനെതിരെയുള്ള അലഹബാദ് ഹൈക്കോടതി വിധി ഉയർത്തുന്ന ചോദ്യങ്ങൾ

**പൊലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ദമ്പതികൾ സമർപ്പിച്ച റിട്ട് ഹർജി തള്ളിക്കൊണ്ട് പുറപ്പെടുവിച്ച വിധിയിൽ, വിവാഹത്തിനുവേണ്ടി മാത്രമായി നടത്തുന്ന മതപരിവർത്തനം അംഗീകരിക്കാനാകില്ല എന്നാണ് അലഹബാദ് ഹൈക്കോടതി വിധിച്ചിരിക്കുന്നത്. 'മതവികാരത്താൽ പ്രചോദിതമല്ലാത്തതും', 'മറ്റെന്തെങ്കിലും അവകാശവാദങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനുമായി' നടത്തുന്ന മതപരിവർത്തനങ്ങൾ സത്യസന്ധമായ ഉദ്ദേശ്യത്തോടു കൂടിയവയാകില്ല എന്നും കോടതി തുടർന്നു നിരീക്ഷിക്കുന്നു (scroll.in, 30.10.2020).**



വിവാഹത്തിനു വേണ്ടി ഹിന്ദുമതത്തിലേക്ക് പരിവർത്തനം നടത്തിയ മുസ്ലിം വനിത, നിയമപരമായ സംരക്ഷണത്തിനായി നീതിന്യായ സംവിധാനത്തിന്റെ വാതിലിൽ മുട്ടിയപ്പോൾ ലഭിച്ച വിധിന്യായമാണിത്. നിർബന്ധിതമായോ മറ്റെന്തെങ്കിലും ഭൗതികനേട്ടങ്ങൾക്കായോ അല്ലാതെ, സ്വമേധയാ നടത്തുന്ന മതപരിവർത്തനങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി പുറപ്പെടുവിച്ചതാണ് ഈ വിധി എന്നു വിശ്വസിക്കപ്പെടുന്നു. പക്ഷേ, മിശ്രവിവാഹങ്ങളുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ഈ സാഹചര്യത്തിൽ ഉയർന്നുവരികയാണ്. അവ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

## സ്വന്തം ഇഷ്ടപ്രകാരം വിവാഹം കഴിക്കുന്നതിനുള്ള അവകാശത്തെ ഹനിക്കുന്ന കുറ്റകൃത്യങ്ങൾ

വിവാഹത്തിനു വേണ്ടിയോ മറ്റെന്തെങ്കിലും കാരണം കൊണ്ടോ ആകട്ടെ, ഒരു വ്യക്തിയെ നിർബന്ധിച്ചു മതപരിവർത്തനം നടത്തിക്കുന്നത് ഒരു കുറ്റം തന്നെയാണെന്നത് ശരിയായി ചിന്തിക്കുന്ന ആരും അംഗീകരിക്കുന്ന വസ്തുതയാണ്. അതേ പോലെ തന്നെ, സ്വന്തം ഇഷ്ടപ്രകാരം വിവാഹം കഴിക്കുവാനുള്ള ഒരാളുടെ അവകാശത്തെ തടയുന്നത്, അത് എന്തു കാരണം പറഞ്ഞുമായിക്കൊള്ളട്ടെ, വ്യക്തിസ്വാതന്ത്ര്യത്തിനു മേലേയുള്ള കടന്നുകയറ്റം തന്നെയാണ്. പക്ഷേ ജനാധിപത്യ ഇന്ത്യയിൽ, ശിക്ഷാഭീതി ഒട്ടുമില്ലാതെ, അത്തരം കുറ്റകൃത്യങ്ങൾ നടക്കുന്നു. അധികാരം കൈയാളുന്നവരും, പിന്തിരിപ്പൻ വിഭാഗീയചിന്തകളിൽ മുങ്ങിക്കിടക്കുന്നവരും തന്നിഷ്ടത്തോടെ ഇത്തരം അവകാശങ്ങൾ നിഷേധിക്കുന്നു. വിവിധ മതവിഭാഗങ്ങളിൽ പെട്ടവർ തമ്മിലുള്ള വിവാഹങ്ങൾ മാത്രമല്ല, വിവിധ ജാതികളിൽ നിന്നുള്ളവർക്കിടയിലും, ഒരേ ഗോത്രത്തിൽ പെടുന്നവർക്കിടയിലും നടക്കുന്ന വിവാഹങ്ങൾ പോലും, മാപ്പർഹിക്കാത്ത കടുത്ത കുറ്റമായി കണക്കാക്കുന്നത് നാം പലപ്പോഴും കാണുന്നു. ഇത്തരം വിവാഹബന്ധത്തിലേർപ്പെടുന്നവരെ ബലമായി വേർപിരിക്കുന്നതും, ആ പെൺകുട്ടിയേയും പുരുഷനേയും വിവരണാതീതമായ മനുഷ്യത്വരഹിത പീഡനങ്ങൾക്കു വിധേയരാക്കുന്നതും, ചിലപ്പോൾ കൊന്നുകളയുന്നതും നമ്മൾ കേട്ടറിയുന്നു. സ്വയംപ്രഖ്യാപിത ഗ്രാമമുഖ്യന്മാരും ഖാപ് പഞ്ചായത്തുകളും പരസ്യമായി തന്നെ ഇത്തരം പീഡനങ്ങൾക്കുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നു. 'ദുരഭിമാനക്കൊല' എന്ന വാക്കു തന്നെ ഈ സാമൂഹിക അനീതിയുടെ പശ്ചാത്തലത്തിൽ രൂപം കൊണ്ടിരിക്കുകയാണ്.

ഇതിനൊക്കെ പുറമേ, തങ്ങളുടെ കണ്ണിൽ വിവാഹം എന്നല്ല മതത്തിനു പുറത്ത് എന്തെങ്കിലും ബന്ധത്തിലേർപ്പെടുന്ന ഒരു വ്യക്തിയെ, ഏതുവിധേനയും ശിക്ഷിക്കുവാനുള്ള ലൈസൻസ് തങ്ങൾക്കുണ്ടെന്ന തരത്തിൽ, അങ്ങേയറ്റം പിന്തിരിപ്പന്മാരായ മതമൗലികവാദികളും മതഭ്രാന്തന്മാരും വർഗ്ഗീയവാദികളും ധിക്കാരത്തോടെ പ്രവർത്തിക്കുന്നു. വിവിധ മതങ്ങളിൽ പെട്ടവർ തമ്മിലുള്ള വിവാഹങ്ങളിൽ മാത്രമല്ല, വിവിധ ജാതികളിൽ പെട്ടവർ തമ്മിലും, ഒരേ ജാതിയിലും പല ജാതിയിലും പെട്ട ഗോത്രങ്ങളിൽ പെടുന്നവർ തമ്മിലും ഒക്കെയുള്ള വിവാഹങ്ങളിലും, പ്രണയബന്ധങ്ങളിലും, ദുരഭിമാനക്കൊലകൾ നടക്കുന്നു. മറ്റു രാജ്യങ്ങളിൽ ഇസ്ലാം മതമൗലികവാദികൾ ചെയ്യുന്നതു പോലെ, നമ്മുടെ രാജ്യത്ത് ഹിന്ദുത്വശക്തികളുടെ പരിലാളനത്തിൽ ഇതെല്ലാം നിത്യസംഭവമായി മാറിക്കഴിഞ്ഞിരിക്കുന്നു. 'ലൗ ജിഹാദ്' എന്ന പദം തന്നെ ഹിന്ദുത്വവാദികൾ രൂപപ്പെടുത്തിയിരിക്കുകയാണ്. ഹിന്ദുമതത്തിൽ പെട്ട ഒരാളിൽ പ്രണയം കണ്ടെത്തുന്ന ഒരു മുസ്ലിം പുരുഷനോ പെൺകുട്ടിക്കോ അവർ ശിക്ഷ വിധിക്കുന്നു, മതപരിവർത്തനം എന്ന ആരോപണം ഉയർത്തുന്നു. പക്ഷേ അതേ ആളുകൾ തന്നെ, 'ഘർ വാപസി' (വീട്ടിലേക്കു മടങ്ങുക) എന്ന പേരിൽ ഇസ്ലാം മതത്തിൽ നിന്നും ഹിന്ദുമതത്തിലേക്ക് ബലം പ്രയോഗിച്ച് മതപരിവർത്തനം നടത്തുന്നതിനു സ്തുതി പാടുന്നു. ഏറ്റവും നിർഭാഗ്യകരമായ കാര്യം എന്തെന്നാൽ, ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്ന ഈ പിന്തിരിപ്പൻ ശക്തികൾക്ക് അധികാരകേന്ദ്രങ്ങളുടെ പിന്തുണ ഉണ്ടാകുന്നു എന്നതാണ്. സ്വയംപ്രഖ്യാപിത 'ഖാപ് പഞ്ചായത്തുകളെ' നിശിതമായി വിമർശിച്ചു കൊണ്ട്, അവർക്ക് എങ്ങനെയാണ് നിയമപാലകരാകാൻ കഴിയുക എന്ന് സുപ്രീം കോടതി തന്നെ ചോദിച്ചത് നേരത്തേ നമ്മൾ കണ്ടതാണ്. പ്രായപൂർത്തിയായ രണ്ട് വ്യക്തികൾ തമ്മിലുള്ള വിവാഹത്തിൽ, മാതാപിതാക്കളുടേതാകട്ടെ, രാഷ്ട്രത്തിന്റേതാകട്ടെ, മൂന്നാമതൊരു കക്ഷിയുടെ ഇടപെടൽ ഉണ്ടാകരുത് എന്നും കോടതി വിധിച്ചിരുന്നു. (ഇന്ത്യ ടുഡേ, 05.02.18). എന്നാൽ പരമോന്നത കോടതിയുടെ ഈ വിധിപോലും തെറ്റു ചെയ്യുന്നവരെ പിന്തിരിപ്പിക്കുന്നില്ല. കഴിഞ്ഞ ഫെബ്രുവരിയിൽ, തങ്ങളുടെ ജാതിക്കു വെളിയിൽ കല്ല്യാണം കഴിച്ചതിന്റെ ശിക്ഷയായി യുവദമ്പതികളെ ചാണകവും മൂത്രവും തീറ്റിക്കാനാണ് ഒരു ഖാപ് പഞ്ചായത്ത് വിധിച്ചത്. (മിറർനൗ ന്യൂസ് 09.02.20)

## ദുരഭിമാനക്കൊലയും ലൗ ജിഹാദ് തടയുവാനെന്ന പേരിലുള്ള വേട്ടയാടലും

ദുരഭിമാനക്കൊലയും, 'ലൗ ജിഹാദിന്റെ' പേരിലുള്ള കൊലപാതകവും നിർബാധം തുടരുകയാണ്. ഇപ്പോൾ തന്നെ, അലഹബാദ് ഹൈക്കോടതിയുടെ വിധിയുടെ അന്തസത്തയെ വളച്ചൊടിച്ചു കൊണ്ട്, എല്ലാ ഹിന്ദു-മുസ്ലിം വിവാഹങ്ങളേയും ലൗ ജിഹാദായി കണ്ട് കേസെടുക്കണമെന്ന രീതിയിൽ, ആർഎസ്എസ്-ബിജെപി-സംഘപരിവാർ ഹിന്ദുത്വ ശക്തികൾ തങ്ങളുടെ മുസ്ലിം വിരുദ്ധ വർഗ്ഗീയവെറിയുടെ അജണ്ട കൂടുതൽ തീക്ഷ്ണമായി മുന്നോട്ടു വെക്കുന്നു. ഓഗസ്റ്റ് 28ന്, ഉത്തർപ്രദേശിന്റെ ബിജെപി മുഖ്യമന്ത്രി, ലൗ ജിഹാദിന് അന്ത്യം വരുത്തുവാനുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കുവാൻ ആഭ്യന്തരവകുപ്പിനു നിർദ്ദേശം നൽകുകയുണ്ടായി. (ദ വയർ 14.09.20). അടുത്തിടെ പ്രശസ്ത ജ്വവലറി ശൃംഖലയായ തനിഷ്കിന്റെ ഗുജറാത്തിലെ ഷോറൂമുകൾ ആൾക്കൂട്ട ആക്രമണത്തിനു വിധേയമാവുകയുണ്ടായി. സാമുദായിക ഐക്യം വളർത്തുന്ന രീതിയിൽ ഒരു ഹിന്ദു-മുസ്ലിം വിവാഹം തങ്ങളുടെ പരസ്യത്തിൽ ചിത്രീകരിച്ചു എന്നതായിരുന്നു അവർ ചെയ്ത ഗുരുതരമായ കുറ്റം! അതിശക്തമായ വർഗ്ഗീയ ആക്രമണങ്ങളുടെ മൂർദ്ധന്യത്തിൽ അവർക്ക് ആ പരസ്യം തന്നെ പിൻവലിക്കേണ്ടി വന്നു. ചില ചലച്ചിത്രങ്ങളെ ചുറ്റിപ്പറ്റിയും സമാനമായ വർഗ്ഗീയരോഷം ദൃശ്യമായിട്ടുണ്ട്. ഹിന്ദുത്വയുടെ സിദ്ധാന്തങ്ങൾക്കെതിരേ നിലകൊള്ളുന്ന എന്തിനേയും നിയമവിരുദ്ധവും ദേശവിരുദ്ധവും ദേശദ്രോഹപരവുമൊക്കെയായി ചിത്രീകരിക്കുന്നു.

സാഹചര്യം ഇതായിരിക്കെ, സർക്കാർ അധികാരം കൈയാളുന്ന ബിജെപിയുടെ നേതാക്കൾ, ലൗ ജിഹാദ്, ദുരഭിമാനക്കൊല, ഘർവാപസി, തുടങ്ങിയവയിലൊക്കെ തങ്ങളുടെ വർഗ്ഗീയ-മൗലികവാദ ഉദ്ദേശ്യത്തോടു കൂടിയ സ്വയംപ്രഖ്യാപിത ധർമ്മബോധം പ്രദർശിപ്പിക്കുന്നതിൽ യാതൊരു മടിയും കാണിക്കാറില്ല. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും, ഹരിയാനയിലേയും അസ്സാമിലേയും അദ്ദേഹത്തിന്റെ കൂട്ടാളികളായ മുഖ്യമന്ത്രിമാരും, പ്രഖ്യാപിച്ചിരിക്കുന്നത്, ലൗ ജിഹാദ് തടയുന്നതിനുള്ള നിയമങ്ങൾ നിർമ്മിക്കുമെന്നാണ്. തങ്ങളുടെ സംസ്ഥാനങ്ങളിൽ വഞ്ചനയിലൂടെയുള്ള വിവാഹങ്ങൾ അവസാനിപ്പിക്കുമെന്ന് ഈ നേതാക്കൾ അവകാശപ്പെടുന്നു. ഹിന്ദു പെൺകുട്ടികളെ വിവാഹം കഴിക്കുന്നതിനായി മുസ്ലിം പയ്യന്മാർ മനഃപൂർവ്വം തങ്ങളുടെ മതം മറച്ചുവെക്കുന്നതായി ഇവർ ആരോപിക്കുന്നു.

'ലൗ ജിഹാദിന് മരണശിക്ഷ നൽകുകയെന്നതാണ്' ഒരു കാവി സംഘടനയായ 'അഖാര പരിഷദ്' പുറപ്പെടുവിച്ച ഭീഷണമായ മുറവിളി. ഇപ്പോൾ, കോടതിവിധിയെ വളച്ചൊടിച്ച് വ്യാഖ്യാനിച്ചു കൊണ്ട് യുപി മുഖ്യമന്ത്രി പ്രഖ്യാപിച്ചത്, - 'ലൗ ജിഹാദ് നിർത്തുന്നതിനായുള്ള കടുത്ത നിയമനിർമ്മാണം തങ്ങൾ നടത്തുമെന്നാണ്. സ്വന്തം സ്വത്വത്തെ മറച്ചുവെച്ചു കൊണ്ട് ഞങ്ങളുടെ സഹോദരിമാരുടെ അഭിമാനം കൊണ്ടു കളിക്കുന്നവർക്ക് ഞാൻ മുന്നറിയിപ്പു നൽകുകയാണ്. നിങ്ങൾ നിങ്ങളുടെ വഴികൾ തിരുത്തിയില്ലെങ്കിൽ നിങ്ങളുടെ രാമനാമ സത്യയാത്ര ആരംഭിക്കുന്നതാണ്.' (scroll.in 31.10.20) ഇദ്ദേഹം പറഞ്ഞ ഈ യാത്ര ഹൈന്ദവ ശവസംസ്കാരവുമായി ബന്ധപ്പെട്ടതാണ്. അതായത്, അഹിന്ദുക്കളായ യുവാക്കൾക്ക്, വിശേഷിച്ചും മുസ്ലിം യുവാക്കൾക്കെതിരെ മുഖ്യമന്ത്രി സ്വയം വധഭീഷണി മുഴക്കിയിരിക്കുകയാണ്.

അധികാരകേന്ദ്രീകൃത ലോബികൾ പാരമ്പര്യം എന്നു പറഞ്ഞു സ്തുതിക്കുന്ന ദുരാചാരങ്ങൾ പലപ്പോഴും ഹിന്ദു യുവാക്കളേയും വെറുതേ വിടാറില്ല. ദക്ഷിണ ബീഹാറിലെ ഗയ ജില്ലയിൽ, തന്നേക്കാൾ 10 വയസ്സിനു മുതിർന്ന, വിധവയായ തന്റെ സഹോദരഭാര്യയെ നിർബന്ധിച്ചു വിവാഹം ചെയ്യിച്ച 15 വയസ്സുകാരനായ കുട്ടി, രണ്ടുമണിക്കൂറുകൾക്കുള്ളിൽ ആത്മഹത്യ ചെയ്തിരുന്നു. (ഹിന്ദുസ്ഥാൻ ടൈംസ് 13.12.17) ഈ പറയുന്ന പാരമ്പര്യത്തിനു വേണ്ടി ജീവിക്കുന്നതിന്റെ ശാപം ഇതാണ്. ഈ ഭീഷണിപ്പെടുത്തിയതു പോലെയുള്ള ലൗ ജിഹാദ് വിരുദ്ധ നിയമനിർമ്മാണം നടപ്പിൽ വരുമ്പോൾ, അത് വിവിധ സമുദായങ്ങൾക്കിടയിലുള്ള എന്തുതരത്തിലുമുള്ള സാമൂഹികമായ കൊടുക്കൽവാങ്ങലുകളേയും കൂട്ടായ്മയേയും കുറ്റകരമാക്കുകയല്ലേ? ഏതാനും ദിവസങ്ങൾക്കു മുമ്പാണ് യുപിയിലെ ഗോവധനിരോധനനിയമം ദുരുപയോഗം ചെയ്യുകയാണെന്ന് അലഹബാദ് ഹൈക്കോടതി നിരീക്ഷിച്ചത്. (ഇന്ത്യൻ എക്സ്പ്രസ് 27.10.20) വിവാഹത്തിനു വേണ്ടിയുള്ള മതപരിവർത്തനത്തെ സംബന്ധിച്ച അലഹബാദ് ഹൈക്കോടതിയുടെ അടുത്തിടെയുള്ള വിധിയും സമാനമായി ദുരുപയോഗം ചെയ്യില്ല എന്ന് എന്താണ് ഉറപ്പ്? അധികാരക്കസേരകളിൽ ഇരിക്കുന്നവർ ചില സാമൂഹികവ്യവഹാരങ്ങളെ അടിച്ചമർത്താനോ കുറ്റകരമാക്കാനോ ശ്രമിക്കുന്നു. അപ്പോൾ ഇത്തരം നിയമനിർമ്മാണങ്ങൾ സാമൂഹികജീവിതത്തിനു തന്നെ കടുത്ത ആപത്ത് സൃഷ്ടിക്കുകയല്ലേ? ഒരു ജനാധിപത്യത്തിൽ, സാമൂഹികജീവിതത്തിലെ സ്വതന്ത്രമായ ഇടപെടലുകൾക്കും, സാമൂഹികബന്ധങ്ങൾക്കും, വിവിധസമുദായങ്ങൾക്കിടയിലെ സൗഹാർദ്ദത്തിനും, രാഷ്ട്രത്തിന്റെ അധികാരമുപയോഗിച്ച് എന്തെങ്കിലും അപായം വരുത്താൻ പാടുള്ളതാണോ? 1935-ലെ ജർമ്മനിയിൽ, ഹിറ്റ്ലർ ചെയ്തതിനോട് ഭയാനകമായ സാമ്യം ഇവിടെ നമുക്കു കാണാം. "സെപ്റ്റംബറിൽ, ന്യൂ

(ശേഷം 13-ാം പേജിൽ)

# പ്രായപൂർത്തിയായ രണ്ട് വ്യക്തികൾ തമ്മിലുള്ള വിവാഹത്തിൽ മൂന്നാമതൊരു കക്ഷിയുടെ ഇടപെടൽ നിയമവിരുദ്ധം

(12–ാം പേജിൽ നിന്ന്)

റംബർഗിൽ നടന്ന പാർട്ടി റാലിയിൽ ഫ്യൂറർ സംബന്ധിച്ചു... ഒരു പ്രത്യേക സമ്മേളനത്തിനായി ന്യൂറംബർഗിൽ റെയ്ച്ച്സ്റ്റാഗ് വിളിച്ചുകൂട്ടി, ജൂതർക്കെതിരേയുള്ള ന്യൂറംബർഗ് നിയമങ്ങൾ അതിന്റെ ഏകകണ്ഠമായ അംഗീകാരത്തിനായി അവതരിപ്പിച്ചു. ഇതിലൂടെ ഒന്നാമതായി, ജൂതരായ ജർമ്മൻകാർക്ക് അവരുടെ പൗരത്വം നിഷേധിച്ചു. രണ്ടാമതായി, ജർമ്മൻ രക്തവും ജർമ്മൻ അഭിമാനവും സംരക്ഷിക്കാനുള്ള നിയമത്തിലൂടെ ജർമ്മൻകാരും ജൂതരും തമ്മിലുള്ള വിവാഹബന്ധവും, ജൂതർ ജർമ്മൻകാരെ വേലക്കാരായി നിർത്തുന്നതും നിരോധിച്ചു. ഈ നിയമങ്ങളിലൂടെ, ജർമ്മനിക്ക് തന്റെ സ്വാതന്ത്ര്യം നേടിയെടുക്കാൻ സഹായിച്ച പ്രസ്ഥാനത്തോടുള്ള (അതിന്റെ ചിഹ്നമായ സ്വസ്തിക അപ്പോൾ ജർമ്മൻ ദേശീയ ചിഹ്നമാക്കിയിരുന്നു) കടപ്പാട് വീട്ടുകയാണെന്ന് ഹിറ്റ്ലർ പ്രഖ്യാപിച്ചു." (അലൻ ബുള്ളോക്ക് എഴുതിയ, ഹിറ്റ്ലർ, നിഷ്ഠുര വാഴ്ച്ചയുടെ പഠനം എന്ന പുസ്തകം, പുറം 339)

### സ്ത്രീകളാണ് ഏറ്റവും വലിയ ഇരകൾ

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യമെന്തെന്നാൽ, ദുരഭിമാനക്കൊല, ലൗ ജിഹാദ് തുടങ്ങിയ പിന്തിരിപ്പൻ പ്രയോഗങ്ങളുടെ പേരിൽ ഏറ്റവും ക്രൂരമായി ഇരയാക്കുന്നതും, കൂടുതൽ സാമൂഹിക ഒറ്റപ്പെടലും അടിച്ചമർത്തലും അനുഭവിക്കുന്നതും സ്ത്രീകളാണ്. 'ഞങ്ങളുടെ സഹോദരിമാരുടെ അഭിമാനം വെച്ചു കളിക്കരുത്' എന്നാണ് യുപി മുഖ്യമന്ത്രി മുന്നറിയിപ്പു നൽകിയത്. ഇത് സ്ത്രീകളുടെ അഭിമാനവും അന്തസ്സും ഉയർത്തിപ്പിടിക്കുവാനുള്ള ആത്മാർത്ഥത കൊണ്ടു അദ്ദേഹം പറഞ്ഞതല്ല എന്നത് വളരെ വ്യക്തമാണ്. ഹിന്ദു സ്ത്രീകളുടെ മാനം കെടുത്തുവാനും, മതം വിട്ട് വിവാഹം കഴിക്കുന്നതിനായി പരിവർത്തനം നടത്തുവാൻ നിർബന്ധിക്കുന്നതും മുസ്ലിം യുവാക്കൾ മാത്രമാണെന്ന തരത്തിൽ, മുസ്ലിംവിരുദ്ധ വിഷം തുപ്പുന്നതു മാത്രമാണ്. അതുകൊണ്ട്, ഇദ്ദേഹത്തിനോ, മറ്റേതൊരു ആർഎസ്എസ്-ബിജെപി നേതാവിനോ യഥാർത്ഥത്തിൽ സഹോദരിമാരുടെ അഭിമാനം ഉയർത്തിപ്പിടിക്കുന്നതിൽ എന്തെങ്കിലും താത്പര്യം ഉണ്ടോ?

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, രാജ്യത്ത് സ്ത്രീകൾക്കെതിരേ ഏറ്റവുമധികം കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് യുപിയിൽ ആണെന്നത് ഈ മുഖ്യമന്ത്രിക്കു നിഷേധിക്കാൻ പറ്റുമോ? (ഇന്ത്യൻ എക്സ്പ്രസ് 30.09.20) ഇന്ത്യയിൽ പ്രതിലക്ഷം ജനസംഖ്യക്ക് രജിസ്റ്റർ ചെയ്യുന്ന കുറ്റകൃത്യങ്ങളുടെ നിരക്ക് ബിജെപി ഭരണത്തിനു കീഴിൽ ഉയർന്നുകൊണ്ടേയിരിക്കുന്നു എന്നത് നിഷേധിക്കാൻ പറ്റുമോ? (എക്കണോമിക് ടൈംസ് 30.09.20) ദളിതരുൾപ്പടെയുള്ള പാർശ്വവൽകൃത വിഭാഗങ്ങൾക്കെതിരേ നടക്കുന്ന, ദുരഭിമാനക്കൊലയടക്കമുള്ള വിദ്വേഷകുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ, തുടർച്ചയായ മൂന്നാം വർഷവും യുപി മുന്നിട്ടു നിൽക്കുന്നില്ലേ? (ഫസ്റ്റ് പോസ്റ്റ് 06.03.19) ബിജെപി എംഎൽഎ ആയിരുന്ന കൽദീപ് സിങ്ങ് സെംഗാറിനെ ബലാൽസംഗക്കേസിൽ ജയിലിലടച്ചില്ലേ? അടുത്തിടെ തന്നെ ഹത്രാസിലും ബൽറാംപൂരിലും നടന്ന കൂട്ടബലാൽസംഗക്കേസുകൾക്കു ശേഷം, വീണ്ടും സമാനമായ രീതിയിൽ അത്തരം കേസ് ഉത്തർപ്രദേശിൽ റിപ്പോർട്ട് ചെയ്യപ്പെട്ടില്ലേ? പ്രയാഗ്‌രാജിൽ ഒരു വനിതയെ ബലാൽസംഗം ചെയ്തു എന്ന ആരോപണത്തിൽ ഒരു ബിജെപി നേതാവിനെ അറസ്റ്റ് ചെയ്തില്ലേ? (ഇന്ത്യ ടുഡേ 04.10.20) അപ്പോൾ യുപി മുഖ്യമന്ത്രി പറയുന്നതു പോലെ സഹോദരിമാരുടെ മാനം കൊണ്ടു കളിക്കുകയെന്നത് ബിജെപി ഭരണം നിലനിൽക്കുന്ന മുതലാളിത്ത ഇന്ത്യയിൽ ഇന്ന് നിത്യസംഭവമായി മാറിയിരിക്കുന്നു.

ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും, ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലും, രാജ്യത്തിന്റെ വടക്കു പടിഞ്ഞാറുമുള്ള വിവിധ പ്രദേശങ്ങളിലും വധുവാക്കാൻ സ്ത്രീകളെ കടത്തുന്നത് ഒരു വളരുന്ന വ്യാപാരം തന്നെയാണ്. ചിലയിടങ്ങളിൽ പ്രായം ചെന്ന പുരുഷന്മാർക്ക് വിവാഹം ചെയ്യുന്നതിനായി പെൺകുട്ടികളെ പണം കൊടുത്തു വാങ്ങുന്ന രീതിയുണ്ട്. 2016ലെ ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച്, 33,855 സ്ത്രീകളേയാണ് വിവാഹത്തിനായി തട്ടിക്കൊണ്ടുപോയിട്ടുള്ളത്. ഇതിൽ പകുതിയും 18 വയസ്സിൽ താഴെയുള്ളവരായിരുന്നു. 'എംപവർ പീപ്പിൾ' എന്ന സംഘടന, 2014-ൽ വീടുവീടാന്തരം കയറിനടത്തിയ ഒരു സർവ്വേ പ്രകാരം, ഉത്തരേന്ത്യയിലെ 85 ഗ്രാമങ്ങളിലായി 1,352 സ്ത്രീകളാണ് തങ്ങളെ ഇങ്ങനെ വാങ്ങിയവരുമൊത്ത് കഴിയുന്നത്. 2013ൽ യുഎൻ ഓഫീസ് ഓൺ ഡ്രഗ് ആൻഡ് ക്രൈം പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം, നിർബന്ധിത വിവാഹത്തിനായി കടത്തുന്ന സ്ത്രീകളെ ചൂഷണം ചെയ്യുകയും, അടിസ്ഥാന അവകാശങ്ങൾ കൂടി നിഷേധിക്കുകയും വീട്ടുജോലിക്കാരാക്കി മാറ്റുകയും കാലക്രമേണ ഉപേക്ഷിക്കുകയുമാണ് ഉണ്ടാകുന്നത്. ഇതിൽ പല സ്ത്രീകളേയും അവരുടെ ഉടമസ്ഥരുടെ താത്പര്യപ്രകാരം വീണ്ടും വിൽക്കുന്നു. ആയിരക്കണക്കിന് സ്ത്രീകളേയും പെൺകുട്ടികളേയും ഇങ്ങനെ അവരുടെ കുടുംബങ്ങളിൽ നിന്നകറ്റി, വാങ്ങുകയും വിൽക്കുകയും ചെയ്ത്, വീട്ടുവേലക്കാരായും ലൈംഗിക അടിമകളായും കരുക്കിയിടുന്നു. (ഗ്ലോബൽ പോസ്റ്റ് 19.11.12, ദ ഗാർഡിയൻ 07.03.18) ഞങ്ങൾ ഈ കാര്യം പരാമർശിച്ചത്, ലൗ ജിഹാദ്, ദുരഭിമാനക്കൊല തുടങ്ങിയവ സ്ത്രീകളുടെ ആത്മാഭിമാനത്തിന്റേയും സമത്വത്തിന്റേയും സമാനമായ ലംഘനം തന്നെയാണെന്നതു കൊണ്ടാണ്. ഇത്തരം ക്രൂരപ്രയോഗങ്ങളൊക്കെയും, പുരുഷമേധാവിത്വമുള്ള സമൂഹത്തിലെ ബന്ധങ്ങളിൽ, സ്ത്രീകളെ നിസ്സഹായരും അബലകളുമായി കണക്കാക്കുന്നു. ഇത്തരം നീചമായ കുറ്റകൃത്യങ്ങൾ തടയാൻ സർക്കാരോ ഭരണകൂടമോ, നിലവിലുള്ള ശിക്ഷാനിയമങ്ങൾ പോലും മതിയാംവണ്ണം ഉപയോഗിക്കുന്നില്ല. സ്ത്രീകളുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കുന്നതിനു പകരം, യുപിയിലേയും ഹരിയാനയിലേയും ബിജെപി നേതൃത്വത്തിലുള്ള സർക്കാരുകൾ അവരുടെ മനോരഥത്തിലുള്ള കുറ്റകൃത്യമായ ലൗ ജിഹാദ് പോലെയുള്ളവ തടയുന്നതിനുള്ള നിയമം കൊണ്ടുവരുന്നു. ലിംഗനീതിയുടെ വശം അവഗണിച്ചുകൊണ്ട്, വിഭാഗീയമായ മത വ്യത്യാസത്തിന്റെ വശത്തിൽ മാത്രം ശ്രദ്ധയൂന്നുന്നു. ഇത് ലൗ ജിഹാദ് എന്ന പേരിൽ പുരുഷന്മാർക്കെതിരേ വൈരനിര്യാതനം നടത്തുക മാത്രമല്ല, സ്ത്രീകളേയും ദണ്ഡിപ്പിക്കുന്നതാണ്.

### സാമൂഹികവിഭജനം വഷളാക്കുവാനുള്ള ശ്രമങ്ങൾ ചെറുത്തു തോൽപ്പിക്കണം

എന്തു കാരണത്തിന്റെ പേരിലാണെങ്കിലും ആരു നടത്തുന്ന നിർബന്ധിത മതപരിവർത്തനവും അപലപിക്കേണ്ടതാണെന്നത് ന്യായമായ വസ്തുതയാണ്. നേരത്തേ പറഞ്ഞതു പോലെ പ്രായപൂർത്തിയായ ഏതൊരു പൗരനും തനിക്ക് ഇഷ്ടപ്പെട്ട ഒരാളെ വിവാഹം ചെയ്യുവാനുള്ള ഭരണഘടനാപരമായ അവകാശമുണ്ട്. ഇതിൽ ആർക്കും ഇടപെടാനാകില്ല. നമ്മുടെ നവോത്ഥാന പ്രസ്ഥാനത്തിലെ അതികായന്മാരും ഇത് ഉയർത്തിപ്പിടിച്ചിരുന്നു. സമൂഹത്തിന്റെ പുരോഗതിയുടെ പാതയിൽ തടസ്സമായി നിൽക്കുന്ന അറുപഴഞ്ചൻ ജന്മിത്തകാല രീതികളും ആചാരങ്ങളും അനുശാസനങ്ങളും ഇല്ലാതാക്കണമെന്ന് അവർ ആഗ്രഹിച്ചിരുന്നു. ആർഎസ്എസ്- ബിജെപി - സംഘപരിവാർ ശക്തികൾ ലൗ ജിഹാദിനെതിരേ നടത്തുന്ന യുദ്ധവും, ദുരഭിമാനക്കൊല കൾക്ക് അനുകൂലമായി എടുക്കുന്ന നിലപാടുകളും വർഗ്ഗീയ-ജാതീയ ചേരിതിരിവുകളെ ആളിക്കത്തിക്കാൻ സഹായിക്കുന്നവയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. മതിയായ രാഷ്ട്രീയ ബോധത്തിന്റെ അഭാവത്തിൽ, ഇത്തരം കുത്തിക്കുട്ടിയുണ്ടാക്കുന്ന വിഭജനങ്ങൾ തീക്ഷ്ണമാക്കുമ്പോൾ ജാതിയുടേയും മതത്തിന്റെയും പേരിൽ ജനങ്ങൾക്കിടയിലുള്ള ധ്രുവീകരണവും വർധിക്കും. സാമൂഹികാന്തരീക്ഷത്തിൽ ഇങ്ങനെ എല്ലാതരത്തിലുമുള്ള, മതഭ്രാന്തു നിറഞ്ഞതും പിന്തിരിപ്പനുമായ രീതികൾ വർധിക്കുമ്പോൾ, സാധാരണക്കാരായ അധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽമതിയായസാമൂഹിക-രാഷ്ട്രീയ അവബോധം ഉണരുന്നതിനുള്ള സാധ്യത അത്രയും കുറയും. രണ്ടാമതായി, ഏതൊരു രാജ്യത്തും, ഭൂരിപക്ഷ മൗലികവാദത്തിന്റെയും വർഗ്ഗീയതയുടേയും പ്രചാരകർ, ഇങ്ങനെ കൃത്രിമമായി സൃഷ്ടിക്കുന്ന ധ്രുവീകരണത്തിൽ നിന്നാണ് നേട്ടമുണ്ടാക്കുന്നത്. മതവും മൗലികവാദവും ഒന്നല്ല. സങ്കുചിതമായ വിഭാഗീയ രാഷ്ട്രീയ നേട്ടങ്ങൾക്കായി മതത്തെ ഉപയോഗിക്കുയോ ദുരുപയോഗിക്കുകയോ ചെയ്യുമ്പോഴാണ് അതിനെ മൗലികവാദം എന്നു വിളിക്കുന്നത്. അപ്പോൾ ഇന്ത്യയിൽ, അന്തരീക്ഷത്തിൽ വർഗ്ഗീയ പിരിമുറുക്കവും മതപരമായ വിഭജനവും രൂക്ഷമാകുമ്പോൾ, കൊടിയ വർഗ്ഗീയത പുലർത്തുന്ന ആർഎസ്എസിന്റെയും ബിജെപിയുടേയും നിലപാടിനാണ് നേട്ടമുണ്ടാവുക. പിന്തിരിപ്പനും പഴഞ്ചനുമായ എല്ലാത്തരം ചിന്തകളും ആചാരങ്ങളും നിലനിർത്തുവാനും പ്രോത്സാഹിപ്പിക്കുവാനുമാണ് ആർഎസ്എസ്-ബിജെപി-സംഘപരിവാർ ശക്തികൾ ലക്ഷ്യം വെക്കുന്നത്. ഒപ്പം, വർഗ്ഗീയത – മൗലികവാദം – ജാതീയത എന്നിവയുൾപ്പടെ എല്ലാത്തരം വിഭാഗീയ ചിന്തകളും ആളിക്കത്തിക്കുന്നു. കാരണം, അവരുടെ യജമാനരും, രക്ഷകർത്താക്കളുമായ, ഭരിക്കുന്ന ചൂഷകരായ കുത്തകകൾക്ക്, മരണാസന്നമായി ദുഷിച്ച പിന്തിരിപ്പൻ മുതലാളിത്ത സംവിധാനത്തിന് അധികജീവൻ നീട്ടിനൽകുവാനായി ഈ വിഭാഗീയചിന്ത ആവശ്യമുണ്ട്. അതുകൊണ്ട്, ജനാധിപത്യവിശ്വാസികളായ എല്ലാ ജനങ്ങളും മുന്നോട്ടു വന്ന്, ഇത്തരം അപകടകരമായ വിഭാഗീയ ഫാസിസ്റ്റ് അജണ്ടയ്ക്കെതിരേ കാര്യക്ഷമമായ, ഒറ്റക്കെട്ടായ, പ്രതിരോധം തീർക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. ■

> **'ലൗ ജിഹാദ്' എന്ന പദം തന്നെ ഹിന്ദുത്വവാദികൾ രൂപപ്പെടുത്തിയിരിക്കുന്നു. ഹിന്ദുമതത്തിൽ പെട്ട ഒരാളിൽ പ്രണയം കണ്ടെത്തുന്ന ഒരു മുസ്ലിം പുരുഷനോ പെൺകുട്ടിക്കോ അവർ ശിക്ഷ വിധിക്കുന്നു, മതപരിവർത്തനം എന്ന ആരോപണം ഉയർത്തുന്നു. പക്ഷേ അതേ ആളുകൾ തന്നെ, 'ഘർ വാപസി (വീട്ടിലേക്കു മടങ്ങുക) എന്ന പേരിൽ ഇസ്ലാം മതത്തിൽനിന്നും ഹിന്ദുമതത്തിലേയ്ക്ക് ബലം പ്രയോഗിച്ച് മതപരിവർത്തനം നടത്തുന്നതിന് സ്തുതി പാടുന്നു. ഇതിന് അധികാരകേന്ദ്രങ്ങൾ പിന്തുണയും നൽകുന്നു.**



കർഷകസമരത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് തൃശൂർ നഗരത്തിൽ എസ്‌യുസിഐ(സി) ജില്ലാസെക്രട്ടറി ഡോ.പി.എസ്.ബാബു പ്രസംഗിക്കുന്നു



കോഴിക്കോട് ഐക്യദാർഢ്യറാലിയിൽ എസ്‌യുസിഐ(സി) ജില്ലാകമ്മിറ്റിയംഗം എം.രാജൻ പ്രസംഗിക്കുന്നു



ഫ്രെഡറിക് എംഗൽസ്

# ഫ്രെഡറിക് എംഗൽസ്

**മഹാനായ മാർക്സിന്റെ നിര്യാണത്തിനുശേഷം ലോക തൊഴിലാളി വർഗത്തിന്റെ നേതാവും ഗുരുനാഥനും ഏംഗൽസായിരുന്നു. ഇരുവരും ചേർന്നാണ് മാർക്സിസം എന്ന മഹത്തായ തത്വചിന്തയ്ക്ക് രൂപം നൽകിയത്. മുതലാളിത്ത സമൂഹത്തിന്റെ എല്ലാ വ്യാധികളിൽനിന്നും സമൂഹത്തെ മോചിപ്പിക്കാൻ തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിൽ ചൂഷിതരും അടിച്ചമർത്തപ്പെടുന്നവരുമായ മുഴുവൻ ജനവിഭാഗങ്ങളും അണിനിരക്കേണ്ടതുണ്ടെന്ന് മാർക്സിസം പഠിപ്പിച്ചു. ചരിത്രപ്രയാണത്തിൽ സബോധമായ ഇടപെടലിന് അത് അദ്ധ്വാനിച്ചു ജീവിക്കുന്നവരെ പ്രാപ്തരാക്കി. ആദർശാത്മകമായ ലോകത്തെക്കുറിച്ചുള്ള സ്വപ്നങ്ങളുടെ സ്ഥാനത്ത് മാർക്സിസം ചൂഷണമുക്തമായ യഥാർത്ഥ ലോകത്തിന്റെ സൃഷ്ടിക്കായുള്ള ശാസ്ത്രം പ്രദാനംചെയ്തു. മഹാനായ ഏംഗൽസിന്റെ 200–ാം ജന്മവാർഷിക വേളയിൽ അദ്ദേഹത്തിന്റെ അർഹനായ ശിഷ്യൻ മഹാനായ ലെനിൻ എഴുതിയ ലേഖനം ഞങ്ങൾ പുനഃപ്രസിദ്ധീകരിക്കുകയാണ്.**

*'യുക്തിയുടെ എത്രയോ മഹത്തായ പന്തമാണ് അണഞ്ഞുപോയത് നിലച്ചത് എത്രയോ മഹത്തായ ഹൃദയ സ്പന്ദനം'*

**1895** ആഗസ്റ്റ് 5ന് ഫ്രെഡറിക് എംഗൽസ് ലണ്ടനിൽ അന്തരിച്ചു. 1883-ൽ, ഉറ്റ സുഹൃത്തായ കാൾമാർക്സിന്റെ നിര്യാണശേഷം ലോകത്താകെ ആധുനിക തൊഴിലാളിവർഗ്ഗത്തിന്റെ ഏറ്റവും ഉജ്വലനായ പണ്ഡിതനും ഗുരുനാഥനും എംഗൽസ് ആയിരുന്നു. വിധി ഒരുമിപ്പിച്ചതിനുശേഷം ഈ രണ്ടു സുഹൃത്തുക്കളും, തങ്ങളുടെ ജീവിതവും പ്രവർത്തനവും ഒരു പൊതുലക്ഷ്യത്തിനായി സമർപ്പിച്ചു. തൊഴിലാളി വർഗ്ഗത്തിനുവേണ്ടി എംഗൽസ് എന്താണ് ചെയ്തത് എന്നറിയണമെങ്കിൽ, സമകാലിക തൊഴിലാളിവർഗ്ഗ പ്രക്ഷോഭങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ മാർക്സിന്റെ പാഠങ്ങളും പ്രവൃത്തികളും എത്രമേൽ പ്രധാനമായിരുന്നു എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

തൊഴിലാളി വർഗ്ഗവും അവർ മുന്നോട്ടു വയ്ക്കുന്ന ആവശ്യങ്ങളും നിലനിൽക്കുന്ന സാമ്പത്തിക ക്രമത്തിന്റെയും മുതലാളിത്ത വ്യവസ്ഥിതിയുടെയും അനിവാര്യഫലമാണ് എന്ന് ഇദംപ്രഥമമായി ചൂണ്ടിക്കാണിച്ചത് മാർക്സും എംഗൽസുമായിരുന്നു. മുതലാളിത്തമാണ് തൊഴിലാളി വർഗ്ഗത്തെ സൃഷ്ടിച്ചതും അവർ സംഘടിക്കാൻ ഇടയാക്കിയതും.

ഉൽകൃഷ്ട ചിത്തരായ മനുഷ്യർ നടത്തുന്ന സദുദ്ദേശപരമായ ഇടപെടലുകളിലൂടെയല്ല, മറിച്ച് സംഘടിത തൊഴിലാളി വർഗ്ഗം നടത്തുന്നവർഗസമരത്തിലൂടെ മാത്രമേ മാനവരാശിയെ, ഇപ്പോൾ അടിച്ചമർത്തിക്കൊണ്ടിരിക്കുന്ന തിന്മകളിൽ നിന്ന് മുക്തമാക്കാൻ സാധിക്കൂ എന്നവർ ചൂണ്ടിക്കാട്ടി. ആധുനിക സമൂഹത്തിൽ ഉൽപാദനശക്തികളുടെ വികാസത്തിന്റെ അനിവാര്യ ഫലവും തൊഴിലാളി വർഗത്തിന്റെ ആത്യന്തിക ലക്ഷ്യവുമാണ് സോഷ്യലിസം, അല്ലാതെ സ്വപ്നദർശികളുടെ കണ്ടെത്തലല്ല എന്ന് തങ്ങളുടെ ശാസ്ത്രീയ കൃതികളിലൂടെ ആദ്യം വിശദീകരിച്ചത് മാർക്സും എംഗൽസുമാണ്.

ഇതഃപര്യന്തമുള്ള ലിഖിത ചരിത്രം വർഗ്ഗസമരത്തിന്റെ ചരിത്രമാണ്. ഒരു വർഗത്തെ നിഷ്കാസനം ചെയ്ത് മറ്റൊരു വർഗ്ഗം അധികാരം പിടിച്ചെടുത്ത് ഭരണത്തുടർച്ചനിലനിർത്തുകയാണ് ചെയ്യുന്നത്. വർഗ്ഗാധിപത്യത്തിന്റെയും വർഗ്ഗസമരത്തിന്റെയും അടിത്തറയായ സ്വകാര്യസ്വത്തും ഉൽപാദന രംഗത്തെ അരാജകത്വവും അവസാനിക്കുവോളം ഇത് തുടരും. മുതലാളിത്ത അടിത്തറ തകർക്കുക എന്നതാണ് തൊഴിലാളി വർഗ്ഗ താൽപര്യം. അതുകൊണ്ടുതന്നെ തൊഴിലാളി വർഗ്ഗത്തിന്റെ സമരങ്ങൾ ഈ ദിശയിലേയ്ക്കാണ് നയിക്കപ്പെടേണ്ടത്. എല്ലാ വർഗസമരങ്ങളും ഒരു രാഷ്ട്രീയ സമരമാണ്.

വിമോചനത്തിനു വേണ്ടി പൊരുതുന്ന ലോകമെമ്പാടുമുള്ള തൊഴിലാളി വർഗ്ഗം മാർക്സിന്റെയും എംഗൽസിന്റെയും കാഴ്ചപ്പാടുകൾ ഇന്ന് ഏറ്റെടുത്തുകഴിഞ്ഞു. എന്നാൽ 1840 കളിൽ ഈ രണ്ടു സുഹൃത്തുക്കളും സോഷ്യലിസ്റ്റ് സാഹിത്യ രചനയിലും സാമൂഹ്യ പ്രസ്ഥാനങ്ങളിലും സജീവമായി ഏർപ്പെട്ടുകൊണ്ടിരുന്ന കാലത്ത് ഈ കാഴ്ചപ്പാടുകൾ തികച്ചും നൂതനമായിരുന്നു.

ഏകാധിപത്യ രാജവാഴ്ചയ്ക്കെതിരെയും രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടിയും പോലീസിനും പാതിരിമാർക്കുമെതിരെയുമൊക്കെ സമരം ചെയ്തുകൊണ്ടിരുന്ന പ്രതിഭാധനൻമാരും, അങ്ങനെയല്ലാത്ത സാധാരണക്കാരായ ആളുകളും, സത്യസന്ധരും അങ്ങനെയല്ലാത്ത കാപട്യക്കാരായ ആളുകളും മനസ്സിലാക്കാതെ പോയ കാര്യമാണ് മുതലാളി വർഗ്ഗവും തൊഴിലാളി വർഗ്ഗവും തമ്മിലുള്ള പ്രതിയോഗിത വൈരുദ്ധ്യം. ഒരു സ്വതന്ത്ര സാമൂഹ്യശക്തിയായി തൊഴിലാളികളെ ഉൾക്കൊള്ളാൻ അവർക്കായില്ല.

മറുവശത്ത്, പ്രതിഭാശാലികളുൾപ്പെടെയുള്ള പലരും കരുതിയിരുന്നത് നിലനിൽക്കുന്ന സാമൂഹ്യക്രമത്തിന്റെ അനീതി ഭരണാധികാരികളെ ബോധ്യപ്പെടുത്തേണ്ടതാണെന്നും അവർക്കത് ബോധ്യപ്പെടുന്ന പക്ഷം സമാധാനവും ബഹുജനക്ഷേമവും ഭൂമിയിൽ സ്ഥാപിക്കാനാകുമെന്നുമാണ്. യാതനയേതുമില്ലാതെ സോഷ്യലിസം വരുന്നതിനെക്കുറിച്ചാണ് അവർ സ്വപ്നം കണ്ടിരുന്നത്. എന്നു മാത്രവുമല്ല അക്കാലത്തെ സോഷ്യലിസ്റ്റുകളും തൊഴിലാളി വർഗ്ഗത്തിന്റെ ചങ്ങാതിമാരും തൊഴിലാളി വർഗ്ഗത്തെ ഒരു അൾസർ എന്ന നിലയിലാണ് കണ്ടിരുന്നത്. വ്യവസായ വികാസത്തോടൊപ്പം അൾസറും വളരുന്നു എന്നത് ഭയപ്പാടോടെ അവർ നിരീക്ഷിക്കുകയും ചെയ്തിരുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ വളർച്ചയ്ക്ക് തടയിടാൻ വ്യവസായവത്ക്കരണത്തെത്തന്നെ തടയുവാനാണ് അവർ ഉദ്യമിച്ചത്. അതായത് ചരിത്രത്തിന്റെ ചക്രങ്ങൾക്ക് തടയിടുവാൻ!

മാർക്സും എംഗൽസും തൊഴിലാളി വർഗ്ഗത്തിന്റെ വളർച്ചയിൽ പരിഭ്രമിച്ചില്ല എന്നു മാത്രമല്ല തൊഴിലാളി വർഗ്ഗത്തിന്റെ വളർച്ചയിലായിരുന്നു അവരുടെ പ്രതീക്ഷയത്രയും. തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് വിപ്ലവവർഗ്ഗത്തിന്റെ ശക്തി വർദ്ധിക്കും. സോഷ്യലിസം സ്ഥാപിതമാകുവാനുള്ള സാധ്യത വർദ്ധിക്കും. മാർക്സും എംഗൽസും തൊഴിലാളി വർഗ്ഗത്തിനു നൽകിയ സേവനം ചുരുക്കി പറഞ്ഞാൽ, സ്വയം മനസ്സിലാക്കുവാനും അവനവനെക്കുറിച്ച് ബോധവാൻമാരായിരിക്കുവാനും അവർ തൊഴിലാളി വർഗ്ഗത്തെ പഠിപ്പിച്ചു. സ്വപ്നങ്ങളുടെ സ്ഥാനത്ത് ശാസ്ത്രത്തെ പ്രതിഷ്ഠിക്കുകയും ചെയ്തു.

അതുകൊണ്ടാണ് എംഗൽസിന്റെ പേരും ജീവിതവും തൊഴിലാളികൾ അറിയേണ്ടിയിരിക്കുന്നത്. റഷ്യൻ തൊഴിലാളികളിൽ വർഗ്ഗ ബോധം വളർത്തിയെടുക്കുവാൻ ലക്ഷ്യം വയ്ക്കുന്ന ഈ ലേഖന സമാഹാരത്തിൽ, ആധുനിക തൊഴിലാളി വർഗ്ഗത്തിന്റെ മഹാൻമാരായ രണ്ടു ഗുരുനാഥൻമാരിൽ ഒരാളായ എംഗൽസിന്റെ ജീവിതത്തിന്റെയുംപ്രവർത്തനങ്ങളുടെയും ഒരു രേഖാചിത്രം ഉൾപ്പെടുത്തുന്നത് അതുകൊണ്ടാണ്.

> **ഉൽകൃഷ്ട ചിത്തരായ മനുഷ്യർ നടത്തുന്ന സദുദ്ദേശപരമായ ഇടപെടലുകളിലൂടെയല്ല, മറിച്ച് സംഘടിത തൊഴിലാളി വർഗ്ഗം നടത്തുന്ന വർഗസമരത്തിലൂടെ മാത്രമേ മാനവരാശിയെ, ഇപ്പോൾ അടിച്ചമർത്തിക്കൊണ്ടിരിക്കുന്ന തിന്മകളിൽ നിന്ന് മുക്തമാക്കാൻ സാധിക്കൂ എന്ന് മാർക്സും ഏംഗൽസും ചൂണ്ടിക്കാട്ടി.**

പ്രഷ്യൻ രാജവാഴ്ചയ്ക്ക് കീഴിലായിരുന്ന റൈൻ പ്രവിശ്യയിലെ ബർമൻ എന്ന പ്രദേശത്ത് 1820 ലാണ് എംഗൽസ് ജനിച്ചത്. എംഗൽസിന്റെ പിതാവ് ഒരു വ്യവസായി ആയിരുന്നു. 1838-ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനു മുമ്പുതന്നെ കുടുംബ സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം ബ്രീമൗനിലെ ഒരു വാണിജ്യസ്ഥാപനത്തിൽ ക്ലർക് ആയി ജോലിക്ക് ചേരേണ്ടി വന്നു. തത്വശാസ്ത്ര പഠനമാണ് പിന്നീട് അദ്ദേഹത്തിന് വഴികാട്ടി ആയത്. തത്വശാസ്ത്രത്തിൽ ഹെഗലിന്റെ ചിന്താഗതികൾക്കായിരുന്നു അന്ന് മേൽക്കൈ. എംഗൽസ് ഹെഗലിന്റെ ശിഷ്യനായി. പ്രഷ്യൻ ഭരണ കൂടത്തെ ശക്തമായി പിന്തുണച്ചിരുന്നുവെങ്കിലും ബർലിൻ യൂണിവേഴ്സിറ്റിയിലെപ്രൊഫസറായിരുന്ന ഹെഗലിന്റെ ആശയങ്ങൾ വിപ്ലവകരമായിരുന്നു.

മനുഷ്യന്റെയുക്തിബോധത്തിലും അതിന്റെ അവകാശങ്ങളിലും ഹെഗൽ അർപ്പിച്ചിരുന്ന വിശ്വാസവും പ്രപഞ്ചം നിരന്തരമായ മാറ്റത്തിനും വികാസത്തിനും വിധേയമാണ് എന്ന ഹെഗലിയൻ തത്വചിന്തയുടെ അടിസ്ഥാന പ്രമേയവും, നിലവിലുള്ള സ്ഥിതി അംഗീകരിക്കാൻ കൂട്ടാക്കാതിരുന്ന ഹെഗലിന്റെ ശിഷ്യരിൽ ചിലരെ നിലവിലെ സാഹചര്യത്തിനെതിരായ സമരവും നിലനിൽക്കുന്ന അനീതികൾക്കും തിൻമകൾക്കുമെതിരായ സമരവും കൂടെ നിരന്തരമായ വികാസത്തിന് വിധേയമാക്കപ്പെടേണ്ടതാണ് എന്ന ആശയത്തിൽ എത്തിച്ചു.

എല്ലാം വികാസത്തിന് വിധേയമെങ്കിൽ ഒന്ന് മറ്റൊന്നിന് വഴി മാറുക എന്നത് നിരന്തരം സംഭവിക്കുന്നുവെങ്കിൽ റഷ്യൻ സാറിന്റെയും പ്രഷ്യൻ രാജാവിന്റെയും ഭരണം തുടർന്നുകൊണ്ടേയിരിക്കുന്നത് എങ്ങനെ? ഒരു ന്യൂനപക്ഷം ബഹുഭൂരിപക്ഷത്തിന്റെയും ചെലവിൽ സമ്പന്നരാകുന്നത് എങ്ങനെ? മുതലാളിത്ത മേധാവിത്വം ജനങ്ങൾക്കുമേൽ അനസ്യൂതം തുടരുന്നത് എങ്ങനെ?

ഹെഗലിന്റെ തത്വശാസ്ത്രം ചർച്ച ചെയ്തത് മനസ്സിന്റെയും ആശയങ്ങളുടെയും വികാസത്തെക്കുറിച്ചാണ്. അത് ആശയവാദപരമാ

(ശേഷം 15–ാം പേജിൽ)

(14-ാം പേജിൽ നിന്ന്)

യിരുന്നു.മനസ്സിന്റെവികാസത്തിൽ നിന്ന് പ്രകൃതിയുടെയും മനുഷ്യന്റെയും മാനുഷിക ബന്ധങ്ങളുടെയും വികാസം അനുമാനിച്ചെടുക്കുകയായിരുന്നു അത്. ഹെഗലിന്റെ നിരന്തര വികാസമെന്ന ആശയത്തെ പിന്തുണയ്ക്കുമ്പോൾത്തന്നെ ആശയവാദ സമീപനത്തോട് മാർക്സും എംഗൽസും വിയോജിച്ചു. മനസിന്റെ വികാസത്തിലൂടെ പ്രകൃതിയുടെ വികാസം വിശദീകരിക്കപ്പെടുന്നു എന്നല്ല, മനസ്സിന്റെ വിശദീകരണം പ്രകൃതിയിൽ നിന്ന് അഥവാ പദാർത്ഥത്തിൽ നിന്നാണ് എന്ന് ജീവിതത്തെ നിരീക്ഷിച്ചതിൽ നിന്ന് അവർ കണ്ടെത്തി.

മാർക്സും എംഗൽസും ഭൗതികവാദികൾ ആയിരുന്നു. ഹെഗലിനെയും ശിഷ്യന്മാരെയുംപോലെ ആശയവാദികൾ ആയിരുന്നില്ല. എല്ലാ പ്രാപഞ്ചിക പ്രതിഭാസങ്ങൾക്കും പിന്നിൽ ഭൗതികമായ കാരണങ്ങൾ ഉണ്ട് എന്നതുപോലെ മനുഷ്യസമൂഹത്തിന്റെ വികാസത്തിനുപിന്നിലും ഭൗതിക ശക്തികളുടെ, ഉൽപ്പാദനശക്തികളുടെ വികാസമാണ് എന്നവർ കണ്ടെത്തി. സമൂഹത്തിന്റെ ആവശ്യകതകളെ മുൻനിർത്തി മനുഷ്യൻ പരസ്പരം സൃഷ്ടിക്കുന്ന ഉൽപ്പാദന ബന്ധം ഉൽപ്പാദനശക്തികളുടെ വികാസത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. സാമൂഹ്യ ജീവിതത്തിലെ എല്ലാ പ്രതിഭാസങ്ങളെയും മനുഷ്യന്റെ ആശയ അഭിലാഷങ്ങളെയും നിയമങ്ങളെയും ഒക്കെക്കുറിച്ചുള്ള വിശദീകരണങ്ങൾ ഈ ബന്ധത്തിലാണ് നിഹിതമായിരിക്കുന്നത്. ഉൽപ്പാദനശക്തികളുടെ വളർച്ച സ്വകാര്യസ്വത്തിൽ അധിഷ്ഠിതമായ സാമൂഹ്യബന്ധങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ സ്വകാര്യ സ്വത്തിന്റെ വളർച്ച, ബഹുഭൂരിപക്ഷത്തിനും സ്വത്ത് നിഷേധിക്കുകയും ഒരു ചെറു ന്യൂനപക്ഷത്തിന്റെ കരങ്ങളിൽ സ്വത്ത് കേന്ദ്രീകരിക്കപ്പെടാൻ ഇടയാക്കുകയും ചെയ്യുന്നുവെന്ന് ഇന്ന് നാം കാണുന്നു. ഉൽപ്പാദനശക്തികളുടെ വളർച്ച, ആധുനിക സാമൂഹ്യക്രമത്തിന്റെ അടിത്തറയായ സ്വകാര്യ സ്വത്തിന് വിരാമമിടുന്നു. സോഷ്യലിസ്റ്റുകൾ മുന്നോട്ട് വച്ച അതേ ലക്ഷ്യത്തിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ആധുനിക സമൂഹത്തിൽ, പദവിയുടെ പ്രത്യേകതകൊണ്ട് ഏതു സാമൂഹ്യശക്തിയാണോ സോഷ്യലിസം കൊണ്ടുവരുന്നതിൽ തൽപരരായിട്ടുള്ളത് എന്ന് മനസ്സിലാക്കി, ആ ശക്തികളെ തങ്ങളുടെ ചരിത്രപരമായ കടമകളെ സംബന്ധിച്ചും താൽപര്യത്തെ സംബന്ധിച്ചും ബോധവാന്മാരാക്കുക എന്നതാണ് സോഷ്യലിസ്റ്റുകളുടെ കർത്തവ്യം. ഈ സാമൂഹ്യ ശക്തി തൊഴിലാളി വർഗ്ഗമാണ്.

പിതാവ് ഓഹരി പങ്കാളിയായിരുന്ന വാണിജ്യകേന്ദ്രത്തിൽ ജോലി നോക്കവേ, 1842 മുതൽ മാഞ്ചസ്റ്ററിൽ ജീവിച്ചിരുന്നപ്പോൾ, ഇംഗ്ലീഷ് വ്യവസായത്തിന്റെ കേന്ദ്രമായ ഇംഗ്ലണ്ടിലെ തൊഴിലാളികളെക്കുറിച്ച് മനസ്സിലാക്കുവാൻ എംഗൽസിന് അവസരം കൈവന്നു. ഓഫീസിൽ ചടഞ്ഞിരിക്കുന്നതിന് പകരം, എംഗൽസ് തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ചേരികൾ സന്ദർശിക്കുകയും അവരുടെ ദാരിദ്ര്യവും ക്ലേശങ്ങളും നേരിൽ കണ്ട് മനസ്സിലാക്കുകയും ചെയ്തു. എന്നിരിക്കിലും സ്വന്തം നിരീക്ഷണങ്ങളിൽ അദ്ദേഹം ഒതുങ്ങി നിന്നില്ല. ഇംഗ്ലണ്ടിലെ തൊഴിലാളി വർഗ്ഗത്തിന്റെ അവസ്ഥയെ സംബന്ധിച്ച് ലഭ്യമായതെല്ലാം അദ്ദേഹം വായിച്ചു. ലഭ്യമായ ഒദ്യോഗിക രേഖകളെല്ലാം ശ്രദ്ധാപൂർവ്വം അദ്ദേഹം പഠിച്ചു.

ഈ പഠനങ്ങളുടെയും നിരീക്ഷണങ്ങളുടെയും ഫലമായിരുന്നു 1845-ൽ പ്രസിദ്ധീകൃതമായ 'ഇംഗ്ലണ്ടിലെ തൊഴിലാളി വർഗ്ഗത്തിന്റെ അവസ്ഥ' എന്ന കൃതി.

ഇംഗ്ലണ്ടിലെ തൊഴിലാളി വർഗ്ഗത്തിന്റെ അവസ്ഥ എന്ന കൃതിയിലൂടെ എംഗൽസ് നൽകിയ മികച്ച സംഭാവന എന്താണ് എന്ന നാം കണ്ടു കഴിഞ്ഞു. എംഗൽസിന് മുമ്പുതന്നെ നിരവധി ആളുകൾ തൊഴിലാളികളുടെ ദുരവസ്ഥയെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. അവരെ സഹായിക്കേണ്ടതിന്റെ ആവശ്യകതചൂണ്ടിക്കാട്ടിയിട്ടുമുണ്ട്.എന്നാൽ തൊഴിലാളി വർഗ്ഗം, കഷ്ടതയനുഭവിക്കാൻ വിധിക്കപ്പെട്ട വർഗ്ഗം മാത്രമല്ലെന്നും തൊഴിലാളികളുടെ അപമാനകരമായ സാമ്പത്തിക നിലയാണ്, അപ്രതിരോധിതമായി മുന്നേറാനും അന്തിമവിമോചനത്തിനായി പൊരുതാനും തൊഴിലാളിവർഗ്ഗത്തെപ്രേരിപ്പിക്കുന്നത് എന്ന് ആദ്യമായി ചൂണ്ടിക്കാട്ടിയത് എംഗൽസാണ്. പൊരുതുന്ന തൊഴിലാളി വർഗ്ഗം സ്വയം സഹായിച്ചുകൊള്ളും. തങ്ങളുടെ യഥാർത്ഥ മുക്തി സോഷ്യലിസമാണ് എന്ന അനിവാര്യമായ പാഠം തൊഴിലാളി വർഗ്ഗത്തിന്റെ രാഷ്ട്രീയ പോരാട്ടങ്ങളിലൂടെ തൊഴിലാളികൾ പഠിച്ചെടുക്കും. തൊഴിലാളി വർഗത്തിന്റെ രാഷ്ട്രീയ സമരങ്ങളുടെ ലക്ഷ്യം സോഷ്യലിസമാകുമ്പോൾ മാത്രമേ സോഷ്യലിസം ഒരു ശക്തിയായി തീരൂ. ഇംഗ്ലണ്ടിലെ തൊഴിലാളി വർഗ്ഗത്തിന്റെ സ്ഥിതി എന്ന എംഗൽസിന്റെ കൃതിയിലെ പ്രധാന ആശയഗതികൾ ഇതൊക്കെയാണ്. ഇന്ന് ഏവരും ഏറ്റെടുക്കുന്ന ആശയങ്ങളാണ് എന്നിരിക്കിലും അക്കാലത്ത് ഇവ തികച്ചും നൂതനമായിരുന്നു.

ഇംഗ്ലണ്ടിലെ തൊഴിലാളി വർഗ്ഗത്തിന്റെ ശോച്യാവസ്ഥയുടെ നേർസാക്ഷ്യപ്പെടുത്തലും ഞെട്ടിപ്പിക്കുന്നതുമായ ചിത്രങ്ങളോടൊപ്പം ഹൃദയാവർജ്ജകമായ ഭാഷയിലെഴുതിയ ഒരു കൃതിയിലാണ് ഈ ആശയങ്ങൾ ഉന്നയിക്കപ്പെട്ടത്. മുതലാളിത്തത്തിനും മുതലാളി വർഗത്തിനും എതിരെയുള്ള കടുത്ത കുറ്റാരോപണമായി വ്യാഖ്യാനിക്കപ്പെട്ടെങ്കിലും പ്രസ്തുത കൃതി വമ്പിച്ച മതിപ്പുളവാക്കി. ആധുനിക തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതിയെക്കുറിച്ചുള്ള വാങ്മയ ചിത്രം എന്ന നിലയിൽ എംഗൽസിന്റെ കൃതി പരക്കെ ഉദ്ധരിക്കപ്പെട്ടു തുടങ്ങി. യഥാർത്ഥത്തിൽ, തൊഴിലാളി വർഗ്ഗത്തിന്റെ ദുരവസ്ഥ ഇത്രമേൽ ഹൃദയസ്പൃക്കായി 1845 ന് മുമ്പോ പിമ്പോ ചിത്രീകരിക്കപ്പെട്ടിട്ടില്ല

**ഇതഃപര്യന്തമുള്ള ലിഖിത ചരിത്രം വർഗ്ഗസമരത്തിന്റെ ചരിത്രമാണ്. ഒരു വർഗത്തെ നിഷ്കാസനം ചെയ്ത് മറ്റൊരു വർഗ്ഗം അധികാരം പിടിച്ചെടുത്ത് ഭരണത്തുടർച്ചനിലനിർത്തുകയാണ് ചെയ്യുന്നത്. വർഗ്ഗാധിപത്യത്തിന്റെയും വർഗ്ഗസമരത്തിന്റെയും അടിത്തറയായ സ്വകാര്യസ്വത്തും ഉൽപാദന രംഗത്തെ അരാജകത്വവും അവസാനിക്കുവോളം ഇത് തുടരും.**


ലെനിൻ

ഇംഗ്ലണ്ടിൽ എത്തുന്നതുവരെ എംഗൽസ് സോഷ്യലിസ്റ്റ് ആയിരുന്നില്ല. 'ഇംഗ്ലീഷ് ലേബർ മൂവ്മെന്റിൽ' സജീവമായിരുന്ന ആൾക്കാരുമായി മാഞ്ചസ്റ്ററിൽ വച്ച് എംഗൽസ്ബന്ധംസ്ഥാപിക്കുകയും സോഷ്യലിസ്റ്റ്പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതുകയും ചെയ്തുവന്നു. 1844-ൽ ജർമ്മനിയിലേയ്ക്ക് മടങ്ങും വഴി പാരീസിൽ വച്ച് അദ്ദേഹം മാർക്സുമായി കണ്ടുമുട്ടി. അതിനു മുമ്പു തന്നെ മാർക്സും എംഗൽസും തമ്മിൽ കത്തിടപാടുകൾ ആരംഭിച്ചിരുന്നു. പാരീസിലെ ജീവിതംമൂലവും ഫ്രെഞ്ച് സോഷ്യലിസ്റ്റുകളുമായുള്ള സമ്പർക്കം കൊണ്ടും മാർക്സും ഒരു സോഷ്യലിസ്റ്റായി പരിണമിച്ചിരുന്നു. ഇവിടെവച്ച് ഇരു സുഹൃത്തുക്കളും ചേർന്ന് 'വിശുദ്ധ കുടുംബം' അഥവാ വിമർശനാത്മക വിമർശനത്തെക്കുറിച്ച് ഒരു വിമർശനം എന്ന ഗ്രന്ഥം രചിച്ചു. ഇംഗ്ലണ്ടിലെ തൊഴിലാളി വർഗ്ഗത്തിന്റെ അവസ്ഥ പ്രസിദ്ധീകരിക്കപ്പെടുന്നതിനും ഒരു വർഷം മുമ്പ് രചിക്കപ്പെട്ട ഈ കൃതിയുടെ സിംഹഭാഗവും മാർക്സിന്റെ സംഭാവനയാണ്. വിപ്ലവാത്മക, ഭൗതികവാദസോഷ്യലിസമാണ് ഇതിലെ പ്രധാന പ്രമേയം. മുകളിൽ അത് വിശദീകരിക്കപ്പെട്ടു കഴിഞ്ഞു.

തത്വചിന്തകരായിരുന്ന ബോവർ സഹോദരന്മാരും അവരുടെ അനുയായികളും അറിയപ്പെട്ടിരുന്ന പരിഹാസപ്പേരാണ് വിശുദ്ധ കുടുംബം. എല്ലാ യാഥാർത്ഥ്യങ്ങൾക്കും അതീതമായി, പാർട്ടികൾക്കും രാഷ്ട്രീയത്തിനും അതീതമായി നിൽക്കുന്നതും എല്ലാ പ്രായോഗിക പ്രവർത്തനങ്ങളെയും നിരസിക്കുന്നതും ചുറ്റുമുള്ള ലോകത്തെയും അതിലെ സംഭവ വികാസങ്ങളെയും കുറിച്ച് വിമർശനാത്മകമായി പര്യാലോചിക്കുക മാത്രം ചെയ്യുന്ന സ്വഭാവത്തിലുള്ള വിമർശനമാണ് ഇവർമുന്നോട്ടുവച്ചിരുന്നത്. ബോവർ സഹോദരന്മാർ തൊഴിലാളി വർഗ്ഗത്തെ നിരൂപമണാത്മകമല്ലാത്ത ജനക്കൂട്ടം എന്ന നിലയിൽ വില കുറച്ചാണ് കണ്ടിരുന്നത്.

അസംബന്ധ ജടിലവും ഹാനികരവുമായിരുന്ന ഈ പ്രവണതയെ മാർക്സും എംഗൽസും അതിനിശിതമായി എതിർത്തു. തൊഴിലാളിയുടെ ദുരവസ്ഥയെക്കുറിച്ചുള്ള പരിചിന്തനങ്ങളല്ല, മറിച്ച് മെച്ചപ്പെട്ട സാമൂഹ്യക്രമത്തിനായുള്ള പോരാട്ടമാണ് ആവശ്യമെന്ന്, ഭരണകൂടത്താലും ഭരണവർഗ്ഗത്താലും ചവിട്ടി അരയ്ക്കപ്പെടുന്ന, ഒരു യഥാർത്ഥ മനുഷ്യ വ്യക്തിയുടെ,തൊഴിലാളിയുടെപേരിൽ അവർ ആവശ്യപ്പെട്ടു. ഈ പോരാട്ടം ഏറ്റെടുക്കുന്നതിൽ തത്പരരും പ്രാപ്തരുമായി അവർ കണ്ടെത്തിയത് തൊഴിലാളി വർഗ്ഗത്തെയാണ്.

വിശുദ്ധ കുടുംബം പുറത്തിറങ്ങുന്നതിന് മുമ്പുതന്നെ മാർക്സിന്റെയും റൂഗയുടെയും പ്രസിദ്ധീകരണമായിരുന്ന 'ദൊയ്ച്ച്-ഫ്രൻത് സ്യോസിഷെയാർ ബ്യൂക്കറി'ൽ എംഗൽസ് തന്റെ അർത്ഥശാസ്ത്രത്തെക്കുറിച്ചുള്ള നിരൂപണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ അദ്ദേഹം, കാലിക സാമ്പത്തിക ക്രമത്തിലെ പ്രധാന പ്രതിഭാസങ്ങളെ സോഷ്യലിസ്റ്റ് നിലപാടിനെ മുൻനിർത്തി വിശകലനം ചെയ്യുകയും സ്വകാര്യ സ്വത്തിന്റെ ആധിപത്യത്തിന്റെ അനിവാര്യ ഫലങ്ങളായി വിലയിരുത്തുകയും ചെയ്തിരുന്നു. പൊളിറ്റിക്കൽ എക്കണോമിയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ മാർക്സ് തീരുമാനിച്ചതിൽ എംഗൽസുമായുള്ള സമ്പർക്കം നിസ്സംശയമായും ഒരു ഘടകമാണ്. മാർക്സിന്റെ കൃതികൾ സുനിശ്ചിതമായും ഒരു വിപ്ലവത്തിന് ഇടവരുത്തിയത് അർത്ഥശാസ്ത്രത്തിലാണല്ലോ.

1845 മുതൽ 47വരെ എംഗൽസ് ബ്രസ്സൽസിലും പാരീസിലുമായി താമസിച്ചുകൊണ്ട് ശാസ്ത്രീയ പ്രവർത്തനങ്ങളോടൊപ്പം ബ്രസൽസിലെയും പാരീസിലെയും ജർമ്മൻ തൊഴിലാളികളുടെയും ഇടയിൽ പ്രായോഗിക പ്രവർത്തനങ്ങളും നടത്തിയിരുന്നു. ഇവിടെ വച്ച് മാർക്സും എംഗൽസും രഹസ്യ സംഘടനയായ 'ജർമ്മൻ കമ്യൂണിസ്റ്റ് ലീഗ്'മായി ബന്ധം സ്ഥാപിച്ചു. തങ്ങൾ ആവിഷ്കരിച്ച സോഷ്യലിസത്തിന്റെ പ്രധാന തത്വങ്ങൾ വിശദമാക്കാൻ അവർ നിയോഗിക്കപ്പെട്ടു. തത്ഫലമായാണ് 1848-ൽ പ്രസിദ്ധീകൃതമായ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ പിറവിയെടുത്തത്. എത്രയോ ബൃഹദ് ഗ്രന്ഥങ്ങളോളം വിലപ്പെട്ടതാണ് ഈ കൊച്ചു പുസ്തകം. പരിഷ്കൃത ലോകത്തെ സമരനിരതരും സുസംഘടിതരുമായ തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം മാനിഫെസ്റ്റോയുടെ സത്ത ഇന്നും പ്രചോദനാത്മകവും മാർഗ്ഗദർശകവുമാണ്.

ഫ്രാൻസിൽ പൊട്ടിപ്പുറപ്പെടുകയും പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളിലാകെ വ്യാപിക്കുകയും ചെയ്ത 1848-ലെ വിപ്ലവത്തെത്തുടർന്ന് മാർക്സും എംഗൽസും ജന്മനാട്ടിൽ തിരികെയെത്തി. ഇവിടെ, റൈനിഷ്പ്രഷ്യയിൽ കൊളോണിൽ നിന്ന് പ്രസിദ്ധീകൃതമായിരുന്നതും ജനാധിപത്യ സ്വഭാവമുണ്ടായിരുന്നതുമായ ന്യൂ റൈനിഷെ സെതുങ്ങിന്റെ ചുമതല അവർ ഏറ്റെടുത്തു. റൈനിഷ്പ്രഷ്യയിലെ എല്ലാ വിപ്ലവ, ജനാധിപത്യ പ്രക്ഷോഭങ്ങ'ളുടെയും ആത്മാവും ഹൃദയവുമായിരുന്നുഈരണ്ടുസുഹൃത്തുക്കളും. ജനങ്ങളുടെ താൽപര്യവും സ്വാതന്ത്ര്യവും സംരക്ഷിക്കുവാൻ പിന്തിരിപ്പൻ ശക്തികൾക്കെതിരെ അങ്ങേയറ്റംവരെ അവർ പൊരുതി. പക്ഷേ മേൽക്കൈ പിന്തിരിപ്പൻ ശക്തികൾക്കായിരുന്നു. ന്യൂറൈനിഷെ സേതുങ്ങ് അടിച്ചമർത്തപ്പെട്ടു. പ്രവാസ കാലത്ത് പ്രഷ്യൻ പൗരത്വം നഷ്ടഷെട്ട മാർക്സ് നാടുകടത്തപ്പെട്ടു. എംഗൽസ് ജനങ്ങളുടെ സായുധ കലാപത്തിൽ പങ്കെടുത്തു. സ്വാതന്ത്ര്യത്തിനായുള്ള മൂന്ന് യുദ്ധങ്ങളിൽ പങ്കെടുത്തു. കലാപകാരികൾ പരാജയപ്പെട്ടതിനെത്തുടർന്ന് സ്വിറ്റ്സർലണ്ട് വഴി ലണ്ടനിലേയ്ക്ക് പലായനം ചെയ്തു.

മാർക്സും ലണ്ടനിൽ സ്ഥിരതാമസമാക്കി. 1840 കളിൽ പണിയെടുത്തിരുന്ന അതേ വാണിജ്യ സ്ഥാപനത്തിൽഎംഗൽസ്വീണ്ടും ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു, പിന്നീടതിന്റെ ഓഹരി പങ്കാളിയായി. 1870വരെ എംഗൽസ് മാഞ്ചസ്റ്ററിലും മാർക്സ് ലണ്ടനിലും താമസിച്ചു. എന്നാൽ അവർ തമ്മിലുള്ള ഏറ്റവും സജീവമായ ആശയ കൈമാറ്റത്തിന് ഇതൊരു തടസ്സമായില്ല. നിത്യേനയെന്നവണ്ണം അവർ തമ്മിൽ കത്തിടപാടുകൾ നടന്നിരുന്നു. ഈ കത്തിടപാടുകളിലൂടെ രണ്ടു സുഹൃത്തുക്കളും ആശയങ്ങളും കണ്ടെത്തലുകളും കൈമാറുകയും ശാസ്ത്രീയ സോഷ്യലിസം പ്രവൃത്തി പഥത്തിലെത്തിക്കാനുള്ള കൂട്ടായ പരിശ്രമങ്ങൾ തുടരുകയും ചെയ്തു. 1870ൽ എംഗൽസ് ലണ്ടനിലേയ്ക്ക് താമസം

(ശേഷം 16-ാം പേജിൽ)

REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20
UNITY Malayalam Monthly
2020 December
Vol.47 No.9 Price: Rs. 5.00

ഫ്രെഡറിക് ഏംഗൽസ് 200-ാം ജന്മവാർഷികം

# മാർക്സും എംഗൽസും സ്വപ്നങ്ങളുടെ സ്ഥാനത്ത് ശാസ്ത്രത്തെ പ്രതിഷ്ഠിച്ചു

*(15-ാം പേജിൽ നിന്ന്)*

മാറി. അന്നു മുതൽ അവർ ഇരുവരും ഒത്തുചേർന്നു നടത്തിയ അക്ഷീണവും കഠിനവുമായ ബൗദ്ധിക പ്രവർത്തനം 1883-ൽ മാർക്സിന്റെ മരണംവരെ തുടർന്നു. ഈ പ്രയത്നത്തിന്റെ ഫലമായിരുന്നു കാൾമാർക്സിന്റെ ഭാഗത്തുനിന്നും അർത്ഥശാസ്ത്രത്തെക്കുറിച്ചുള്ള എക്കാലത്തെയും മികച്ച ഗ്രന്ഥമായ മൂലധനം. എംഗൽസിന്റെ ഭാഗത്തുനിന്നാകട്ടെ ചെറുതും വലുതുമായ ഒട്ടനവധി കൃതികളും. മുതലാളിത്ത സമ്പദ് ക്രമത്തിലെ സങ്കീർണ്ണ പ്രതിഭാസങ്ങളെ അപഗ്രഥിക്കുന്നതിൽ മാർക്സ് ശ്രദ്ധ ചെലുത്തി. എംഗൽസാകട്ടെ, ലളിതമെങ്കിലും ചിലപ്പോഴെങ്കിലും വിവാദത്തിന് ഇടയാക്കുംവിധത്തിലും എഴുതിയ കൃതികളിൽ സാമാന്യ സ്വഭാവത്തിലുള്ള ശാസ്ത്രീയ പ്രശ്നങ്ങളെക്കുറിച്ചും, പിന്നിട്ടതും നിലവിലുള്ളതുമായ കാലത്തെ വ്യത്യസ്ത പ്രതിഭാസങ്ങളെ മാർക്സിന്റെ അർത്ഥശാസ്ത്ര സിദ്ധാന്തങ്ങളുടെയും ഭൗതികവാദ ചരിത്ര ധാരണയുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയും ചെയ്തു.

എംഗൽസിന്റെ രചനകളിൽ പ്രത്യേകം എടുത്തുപറയേണ്ട കൃതികളാണ്, ഡ്യൂറിങ്ങിനെതിരെ എഴുതിയ സംവാദാത്മക കൃതി, (തത്വചിന്തയുടെയും ശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും മേഖലകളിലെ സുപ്രധാനമായ വിഷയങ്ങൾ പ്രസ്തുത കൃതി ചർച്ച ചെയ്യുന്നു) 'കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉദ്ഭവത്തെപ്പറ്റി', 'ലുദ്വിഗ് ഫൊയർബാഹ്", 'റഷ്യൻ ഗവൺമെന്റിന്റെ വിദേശനയം', പാർപ്പിട പ്രശ്നം സംബന്ധിച്ച നിരവധി ലേഖനങ്ങൾ, അവസാനമായി റഷ്യയുടെ സാമ്പത്തിക വികാസത്തെ സംബന്ധിച്ച് ചെറുതെങ്കിലും വിലപ്പെട്ട രണ്ടു ലേഖനങ്ങൾ എന്നിവ.

മൂലധനത്തിൻമേലുള്ള തന്റെ ബൃഹത്തായ പ്രവർത്തനങ്ങൾക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പ് മാർക്സ് അന്തരിച്ചു. കൈയെഴുത്തു പ്രതി അതിനകം തന്നെ പൂർത്തിയായിരുന്നു. സുഹൃത്തിന്റെ മരണശേഷം മൂലധനത്തിന്റെ രണ്ടും മൂന്നും വാല്യങ്ങൾ പ്രസിദ്ധീകരിക്കുന്ന ഭാരിച്ച ചുമതല എംഗൽസ് ഏറ്റെടുത്തു. 1885ൽ രണ്ടാം വാല്യവും 1894-ൽ മൂന്നാം വാല്യവും പ്രസിദ്ധീകരിക്കപ്പെട്ടു. എംഗൽസിന്റെ മരണത്തെത്തുടർന്ന് നാലാം വാല്യത്തിന്റെ പ്രകാശനം തടസ്സപ്പെട്ടു. രണ്ടും മൂന്നും വാല്യങ്ങൾക്കായി നീക്കിവയ്ക്കേണ്ടി വന്ന അധ്വാനം വളരെ വലുതാണ്. മൂലധനത്തിന്റെ രണ്ടും മൂന്നും വാല്യങ്ങൾ തയ്യാറാക്കുക വഴി എംഗൽസ് തന്റെ സുഹൃത്തായ മഹാപ്രതിഭയ്ക്ക് രാജോചിതമായ സ്മാരകമാണ് ഉയർത്തിയതെന്നും ബോധപൂർവ്വമല്ലെങ്കിലും അതിലൂടെ സ്വന്തം നാമവും മായാത്തവണ്ണം അതിൽ കൊത്തിവച്ചുവെന്നും ആസ്ത്രിയൻ സോഷ്യൽ ഡെമോക്രാറ്റ് ആഡ്‌ലർ അഭിപ്രായപ്പെട്ടത് വളരെ ശരിയാണ്. വാസ്തവത്തിൽ മൂലധനത്തിന്റെ രണ്ടും മൂന്നും വാല്യങ്ങൾ മാർക്സിന്റെയും എംഗൽസിന്റെയും കൃതിയാണ്.

സൗഹൃദത്തിന്റെ ഹൃദയസ്പർശിയായ ദൃഷ്ടാന്തങ്ങൾ പല ഐതിഹ്യങ്ങളിലുമുണ്ട്. മനുഷ്യ സൗഹാർദ്ദങ്ങളുടെ ഏറ്റവും പഴയ കഥകളെപ്പോലും നിഷ്പ്രഭമാക്കുംവിധം അന്യോന്യം ബന്ധം പുലർത്തിപ്പോന്നിരുന്ന മഹാപ്രതിഭകളും പോരാളികളുമായിരുന്ന രണ്ടു പേരാണ് തങ്ങളുടെ ശാസ്ത്രം നിർമ്മിച്ചത് എന്ന് യൂറോപ്പിലെ തൊഴിലാളി വർഗ്ഗം പറയും. എംഗൽസ് എപ്പോഴും വിനയാന്വിതനായി, മാർക്സിന് പിന്നിലാണ് സ്വയം സ്ഥാനം കൽപ്പിച്ചിരുന്നത്. മാർക്സ് ജീവിച്ചിരുന്നപ്പോൾ ഞാൻ പിന്നണിയിൽ മാത്രമേ ഫിഡിൽ വായിച്ചിരുന്നുള്ളൂ എന്നാണ് എംഗൽസ് തന്റെ ഒരു സുഹൃത്തിന് എഴുതിയത്. മാർക്സിന്റെ സ്മരണകളോടുള്ള എംഗൽസിന്റെ ആദരവ് നിസ്സീമമായിരുന്നു. ഈ കടുത്ത പോരാളിക്ക്, ഉഗ്ര നിഷ്ഠനായ ചിന്തകന് എത്രയും സ്നേഹമസൃണമായ ഒരു ഹൃദയമുണ്ടായിരുന്നു.

1848-49 കാലത്തെ വിപ്ലവത്തിന് ശേഷം പ്രവാസത്തിലായിരുന്ന മാർക്സും എംഗൽസും ശാസ്ത്രീയഗവേഷണപ്രവർത്തനങ്ങളിൽ മാത്രമായി ഒതുങ്ങിനിന്നില്ല. 1864ൽ മാർക്സ്, 'ഇന്റർനാഷണൽ വർക്കിംഗ് മെൻസ് അസോസിയേഷന് രൂപം നൽകി. ഒരു പതിറ്റാണ്ടോളം അതിനെ നയിച്ചു. എംഗൽസും വളരെ സജീവമായി അസ്സോസിയേഷന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയായി. മാർക്സിന്റെ ആശയപ്രകാരം, എല്ലാ രാജ്യങ്ങളിലെയും തൊഴിലാളി വർഗ്ഗത്തെ ഏകോപിപ്പിച്ചുകൊണ്ട്, ഇന്റർനാഷണൽ അസ്സോസിയേഷൻ നടത്തിയ പ്രവർത്തനങ്ങൾ, തൊഴിലാളി വർഗ്ഗ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുന്നതിൽ ഗണ്യമായ പങ്കുവഹിച്ചു. 70കളിൽ ഇന്റർനാഷണൽ അസോസിയേഷൻ പിരിച്ചുവിടപ്പെട്ടതിനുശേഷവും തൊഴിലാളികളെ ഏകോപിപ്പിക്കുക എന്ന ഉത്തരവാദിത്തം മാർക്സും എംഗൽസും അവസാനിപ്പിച്ചില്ല. നേരെ മറിച്ച് തൊഴിലാളി വർഗ്ഗത്തിന്റെ ആത്മീയ നേതാക്കളെന്നനിലയിൽ അവരുടെ പ്രാധാന്യം വർദ്ധിക്കുകയാണ് ഉണ്ടായത്. കാരണം തൊഴിലാളികളുടെ പ്രക്ഷോഭങ്ങൾ ഇടതടവില്ലാതെ ഉയർന്നുകൊണ്ടിരുന്നു.

മാർക്സിന്റെ നിര്യാണശേഷം എംഗൽസ് യൂറോപ്യൻ സോഷ്യലിസ്റ്റുകളുടെ ഉപദേഷ്ടാവും നേതാവുമായി തുടർന്നു. ഗവൺമെന്റിന്റെ അടിച്ചമർത്തലിനെ അതിജീവിച്ച് അതിവേഗതയിലും ക്രമാനുഗതമായും ശക്തിപ്രാപിച്ചുകൊണ്ടിരുന്ന ജർമ്മൻ സോഷ്യലിസ്റ്റുകളും, ആദ്യ ചുവടുവയ്പ്പിനെക്കുറിച്ച് പര്യാലോചിക്കുകയും അതിനായി ഒരുക്കം തുടങ്ങുകയും ചെയ്തിരുന്ന റഷ്യ, സ്പെയിൻ, റുമേനിയ തുടങ്ങിയ പിന്നാക്ക രാജ്യങ്ങളുടെ പ്രതിനിധികളും ഒരേ സമയം എംഗൽസിന്റെ ഉപദേശം സ്വീകരിച്ചു വന്നിരുന്നു. വാർദ്ധക്യത്തിലെത്തിയിരുന്ന എംഗൽസിന്റെ സമ്പുഷ്ടമായ വിജ്ഞാനശേഖരവും അനുഭവസമ്പത്തും അവർ ആവോളം പ്രയോജനപ്പെടുത്തി. മാർക്സിനും എംഗൽസിനും റഷ്യൻ ഭാഷ വശമുണ്ടായിരുന്നു. അവർ റഷ്യൻ പുസ്തകങ്ങൾ വായിക്കുകയും റഷ്യയിലെ കാര്യങ്ങളിൽ താൽപര്യം പുലർത്തുകയും റഷ്യൻ വിപ്ലവകാരികളുമായി നിരന്തരം സമ്പർക്കം പുലർത്തുകയും റഷ്യയിലെ വിപ്ലവ മുന്നേറ്റങ്ങളെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയും ചെയ്തുവന്നിരുന്നു.


മാർക്സും എംഗൽസും

ജനാധിപത്യവാദികളായതിനു ശേഷമാണ് മാർക്സും എംഗൽസും സോഷ്യലിസ്റ്റുകളായത്. രാഷ്ട്രീയ സ്വേഛാധിപത്യത്തോടുള്ള വെറുപ്പ് എന്ന ജനാധിപത്യ വികാരം ഇവരിൽ വളരെ ശക്തമായിരുന്നു. രാഷ്ട്രീയ സ്വേഛാധിപത്യവും സാമ്പത്തികമായ അടിച്ചമർത്തലും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള തെളിവാർന്ന സൈദ്ധാന്തിക ധാരണയുമായി ഒത്തുചേർന്ന ഈ പ്രത്യക്ഷ രാഷ്ട്രീയ വികാരവും സമ്പുഷ്ടമായ ജീവിത അനുഭവങ്ങളും മാർക്സിനെയും എംഗൽസിനെയും രാഷ്ട്രീയമായി അസാധാരണമായ പ്രതികരണശേഷി ഉള്ളവരാക്കി. അതുകൊണ്ടാണ് സർവസജ്ജരായ സാറിസ്റ്റ് ഗവൺമെന്റിനെതിരെ ഒരുപിടിവരുന്ന റഷ്യൻ വിപ്ലവകാരികൾ നടത്തിയ ഐതിഹാസികമായ പോരാട്ടം അനുഭവസമ്പന്നരായ ഈ വിപ്ലവകാരികളുടെ ഹൃദയത്തിൽ അനുഭാവപൂർവമായ പ്രതിധ്വനി ഉളവാക്കിയത്.

മറുവശത്ത്, നാമമാത്രമായ സാമ്പത്തിക നേട്ടങ്ങളുടെ പേരിൽ, രാഷ്ട്രീയ സ്വാതന്ത്ര്യം നേടുക എന്ന റഷ്യൻ സോഷ്യലിസ്റ്റുകളുടെ പരമപ്രധാനവും അടിയന്തരവുമായ കർത്തവ്യത്തിൽ നിന്ന് പിൻമാറുവാനുള്ള പ്രവണതയെ അവർ സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചത്. മാത്രമല്ല അവരുടെ അഭിപ്രായത്തിൽ സാമൂഹ്യ വിപ്ലവം എന്ന മഹത്തായ ലക്ഷ്യത്തെ പ്രത്യക്ഷത്തിൽത്തന്നെ വഞ്ചിക്കുന്നതിന് തുല്യവുമായിരുന്നു അത്.

തൊഴിലാളികളുടെ വിമോചനം തൊഴിലാളി വർഗ്ഗത്തിന്റെ തന്നെ പ്രവൃത്തിയിലൂടെയായിരിക്കണം എന്ന് മാർക്സും എംഗൽസും നിരന്തരം പഠിപ്പിച്ചു. എന്നാൽ സാമ്പത്തിക സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിന് തൊഴിലാളി വർഗ്ഗം ചില രാഷ്ട്രീയ അവകാശങ്ങൾ നേടേണ്ടതുണ്ട്. മാത്രവുമല്ല റഷ്യയി'ലെ രാഷ്ട്രീയ വിപ്ലവത്തിന് പടിഞ്ഞാറൻ യൂറോപ്പിലെ തൊഴിലാളി വർഗത്തെ സംബന്ധിച്ച് വമ്പിച്ച പ്രാധാന്യമുണ്ട് എന്ന് മാർക്സും എംഗൽസും വ്യക്തമായി കണ്ടു. ഏകാധിപത്യ റഷ്യ എന്നും യൂറോപ്യൻ പിന്തിരിപ്പത്തത്തിന്റെ നെടുങ്കോട്ട ആയിരുന്നു. ദീർഘകാലത്തേയ്ക്ക് ജർമ്മനിയും ഫ്രാൻസും തമ്മിലുള്ള ഭിന്നിപ്പിന് വഴിതെളിച്ച 1870-ലെ യുദ്ധത്തിന്റെ ഫലമായി സാർവ്വദേശീയ തലത്തിൽ റഷ്യ അനുഭവിച്ചുപോന്ന അസാധാരണമാംവിധം അനുകൂലമായ സാഹചര്യം ഒരു പിന്തിരിപ്പൻ ശക്തി എന്ന നിലയിൽ ഏകാധിപത്യ റഷ്യയുടെപ്രാധാന്യംവർദ്ധിപ്പിച്ചതേയുള്ളൂ.

ഒരു സ്വതന്ത്ര റഷ്യയ്ക്കു മാത്രമേ, പോളണ്ട്, ജർമ്മനി, ഫിൻലണ്ട്, അർമേനിയ അല്ലെങ്കിൽ മറ്റേതെങ്കിലുമൊരു ചെറിയ രാജ്യത്തെ ആക്രമിക്കേണ്ടതില്ലാത്ത, ഫ്രാൻസിനെയും ജർമ്മനിയെയും നിരന്തരം തമ്മിലടിപ്പിക്കേണ്ടതില്ലാത്ത ഒരു റഷ്യയ്ക്ക് മാത്രമേ യുദ്ധഭാരമൊഴിവാക്കി ആധുനിക യൂറോപ്പിനെ ബലപ്പെടുത്താനാകൂ. യൂറോപ്പിലെ എല്ലാ പിന്തിരിപ്പൻ ശക്തികളെയും ദുർബലപ്പെടുത്തി തൊഴിലാളി വർഗ്ഗത്തെ ശക്തിപ്പെടുത്താൻ സാധിക്കൂ. അതുകൊണ്ടാണ് റഷ്യയിലെ രാഷ്ട്രീയ സ്വാതന്ത്ര്യം സ്ഥാപിച്ചെടുക്കാൻ എംഗൽസ് ഉൽക്കടമായി അഭിലഷിച്ചത്. അത് യൂറോപ്പിലെ തൊഴിലാളി വർഗ്ഗ മുന്നേറ്റങ്ങൾക്ക് കരുത്തേകും. എംഗൽസിന്റെ നിര്യാണത്തോടെ റഷ്യൻ തൊഴിലാളി വർഗ്ഗത്തിന് അവരുടെ ഉറ്റ ചങ്ങാതിയെയാണ് നഷ്ടമായത്. തൊഴിലാളി വർഗ്ഗത്തിന്റെ ഗുരുനാഥനും മഹാനായ പോരാളിയുമായ ഫ്രെഡറിക് എംഗൽസിന്റെ സ്മരണകൾ എക്കാലവും നമ്മിൽ ദീപ്തമായിരിക്കട്ടെ. ■

Edited & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. Ph: 0471-2307151;
E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org on behalf of Kerala State Committee, SUCI(C).